# സത്യദൂതൻ

2022 ഫെബ്രുവരി | ലക്കം 02

വില ₹ 30



## പരിണാമം വിശുദ്ധ ഖുർആന്റെ വെളിച്ചത്തിൽ

## ആദ്: മരുക്കാറ്റിൽ തിരോഭവിച്ച അറേബ്യൻ ജനത

## മനുഷ്യനിലെ പന്നിഹൃദയവും മതങ്ങളും

# Ahmadiyya Muslim Community

Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




**Quran**
Read the Holy Quran in easy
Yassarnal Quran Font




**Conditions of Bai'at**
A pocket reference of
Shara't-e-Bai'at in 7 languages



**Sermons**
Huzoor's Friday Sermons
In 15 languages




**MTA**
Watch MTA Live, view
Schedule and much more



**Ahmadiyya News**
Stay up to date with the
Latest jama'at news

View these apps at
alislam.org/apps
or scan the QR code below





The Sathyadoothan Monthly


لاالہ الااللہ محمد رسول اللہ

# സത്യദൂതൻ

2022 ഫെബ്രുവരി
ഹി.ശ.1402- തബ്‌ലീഗ്
1443 ജ. ആഖിർ - റജബ്
പുസ്തകം 94 ലക്കം 02
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം





**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്ബ സംഗ്രഹം
**ഹദ്റത്ത് അബൂബക്കർ (റ)**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2021 ഡിസംബർ 31-ാം തീയതി യുകെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

**10**
**ജെനിറ്റിക് എൻഞ്ചിനിയറിംങ്ങ്**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**12**
**പരിണാമം വിശുദ്ധ ഖുർആന്റെ വെളിച്ചത്തിൽ**
ആത്തിഫ് മുനവ്വർ മീർ, കാനഡ

**18**
**ആത്മീയവും ഭൗതീകവുമായ നാല് സ്ഥാനമാനങ്ങൾ**
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

**21**
**ആദ്: മരുക്കാറ്റിൽ തിരോഭവിച്ച അറേബ്യൻ ജനത**
എ.എം. മുഹമ്മദ് സലീം

**29**
**പ്രകാശിക്കുന്ന വദനങ്ങൾ**
ബഷീർ അഹ്മദ് ഓർച്ചാഡ്

**30**
ഭാഗം - 24
**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി**
(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))
ഇബ്നു വഫാ ബേപ്പൂർ

**36**
**തദ്കിറത്തുശ്ശഹാദത്തയ്ൻ അഥവാ രണ്ട് രക്തസാക്ഷിത്വങ്ങളുടെ ആഖ്യാനം**
ബി.മൻസൂർ അഹ്മദ്, മാത്തോട്ടം

**39**
കുറിപ്പുകൾ
**മനുഷ്യനിലെ പന്നിഹൃദയവും മതങ്ങളും**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ**: 99460 21252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ**: 80755 86837
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്

അവരിൽ നിന്നും പല വിഭാഗക്കാർക്കും നാം ഐഹിക ജീവിതത്തിന്റെ അലംകാരങ്ങൾ നൽകി സുഖസൗകര്യങ്ങൾ അനുഭവപ്പെടുത്തിക്കൊടുത്തതിന്ന് നേരെ നീ കണ്ണുകളുയർത്തരുത്.(20:131) ഏതൊന്ന് കൊണ്ട് അല്ലാഹു നിങ്ങളിൽ ചിലരെ മറ്റു ചിലരെക്കാൾ ശ്രേഷ്ഠരാക്കിയിരിക്കുന്നുവോ അത് നിങ്ങൾ കൊതിക്കരുത്. (4:33)





## നബിവചനം

അബുദർദാഅ് (റ) നിവേദനം: റസൂൽ തിരുമേനി ഇങ്ങനെ പറയുന്നത് ഞാൻ കേട്ടു: നിങ്ങൾ എന്നെ ദുർബലരുടെയും ദരിദ്രരുടെയും ഇടയിൽ അന്വേഷിക്കുക. തീർച്ചയായും നിങ്ങൾക്ക് ഭക്ഷണം നൽകപ്പെടുന്നതും നിങ്ങൾക്ക് സഹായം നൽകപ്പെടുന്നതും നിങ്ങളുടെ ഇടയിലുള്ള ബലഹീനർ നിമിത്തമാണ്. (തിർമിദി)

## വാഗ്ദത്ത മസീഹിന്റെ വചനം

### ദൈവത്തിന്റെ സ്നേഹം

സുകൃതവാന്മാരായ ദാസരെയല്ലാതെ അല്ലാഹു ആരെയും ഗണ്യമാക്കാറില്ല. നിങ്ങൾ പരസ്പരം സൗഭ്രാത്രവും സ്നേഹവും പുലർത്തുവീൻ എല്ലാതരത്തിലുള്ള കളിയാക്കലുകളിൽ നിന്നും പരിഹാസോക്തികളിൽ നിന്നും നിങ്ങൾ പൂർണ്ണമായും അകന്നുകൊള്ളുവീൻ. പരിഹാസം മനുഷ്യന്റെ ഹൃദയത്തെ സത്യത്തിൽ നിന്നും അകറ്റിക്കളയുകയും എങ്ങോ കൊണ്ടെത്തിക്കുകയും ചെയ്യും. നിങ്ങൾ പരസ്പരം ആദരവോടെ പെരുമാറുവീൻ ഓരോരുത്തരും തന്റെ സുഖാശ്വാസത്തേക്കാൾ തന്റെ സഹോദരന്റെ സുഖാശ്വാസത്തെ മുന്തിക്കട്ടെ. അല്ലാഹുവുമായി സത്യസന്ധമായ സന്ധിയുണ്ടാക്കുക. അവന്റെ അനുസരണത്തിലേക്ക് മടങ്ങുവിൻ. അല്ലാഹുവിന്റെ ക്രോധം ഭൂമിയിൽ ഇറങ്ങിക്കൊണ്ടിരിക്കുന്നു. പൂർണ്ണ നിലയിൽ തന്റെ കുറ്റങ്ങളിൽ നിന്നും പശ്ചാത്തപിച്ചു അവന്റെ സവിധത്തിൽ ഹാജരാവുന്നവൻ മാത്രമേ അതിൽ നിന്ന് രക്ഷപ്പെടുകയുള്ളൂ. (മൽഫൂസാത്ത്)



എഡിറ്റോറിയൽ

# ദൈവത്തിൽ നിന്നുള്ള പ്രതികരണങ്ങളാണ് ദൈവാസ്തിക്യത്തിന് ദൃഢബോദ്ധ്യം നൽകുന്നത്

ദൈവം മനുഷ്യന് പ്രകടമാവുന്നത് അവൻ മനുഷ്യനുമായി നടത്തുന്ന ജ്ഞാന വിനിമയങ്ങളിലൂടെയാണ്. മതങ്ങളെല്ലാം ആരാധനയിൽ അധിഷ്ഠിതമാണ്. മനുഷ്യൻ ദൈവത്തിന് സമർപ്പിക്കുന്ന ഉദാത്തമായതിന്റെയെല്ലാം സമർപ്പണമാണ് ആരാധന. ഭക്തൻ നടത്തുന്ന അർത്ഥനകൾക്ക് ആരാധ്യനായ ദൈവം പ്രതികരിക്കുന്നില്ലെങ്കിൽ ദൈവത്തെ സംബന്ധിച്ച് എങ്ങനെ മനുഷ്യന് ദൃഢബോദ്ധ്യം വരും? വിഗ്രഹാരാധനയെ എതിർക്കുന്ന ഖുർആൻ യുക്തിപൂർവ്വം ഉന്നയിക്കുന്ന ഒരു ന്യായം ആരാധനാമൂർത്തികൾ മനുഷ്യന്റെ അർത്ഥനകളോട് പ്രതികരിക്കുന്നില്ല അഥവാ സംസാരിക്കുന്നില്ല എന്നാണ്.


***'മൂസയുടെ ജനത അദ്ദേഹം (യാത്ര പോയതിന്ന് ശേഷം) തങ്ങളുടെ ആഭരണങ്ങൾ കൊണ്ട് ഒരു കാളക്കുട്ടി (വിഗ്രഹം) അതായത് നിരർത്ഥക ശബ്ദം പുറപ്പെടുവിക്കുന്ന ഒരു ജഡത്തെ ഉണ്ടാക്കിയെടുത്തു. അത് അവരോട് സംസാരിക്കുന്നില്ലെന്നും അവർക്ക് യാതൊരു മാർഗ്ഗവും കാണിക്കുന്നില്ലെന്നും അവർ കണ്ടില്ലേ?'(2:149)***

ദൈവം ഉണ്ട് എന്ന് മനുഷ്യ സമൂഹത്തെ ബോദ്ധ്യപ്പെടുത്തിയത് തത്വജ്ഞാനികളോ പണ്ഡിതന്മാരോ അല്ല. യുക്തി, വിജ്ഞാനം, ശാസ്ത്രം മുതലായ മനുഷ്യ നിർമ്മിത ജ്ഞാനങ്ങൾ ദൈവം ഉണ്ട് എന്നതിലേക്ക് യാതൊരു വിധ ദൃഢജ്ഞാനവും നൽകാൻ പര്യാപ്തമല്ല, വെളിപാടുകൾ മാത്രമാണ് ദൈവത്തെ പറ്റി ദൃഢജ്ഞാനം പ്രദാനം ചെയ്യുന്നതും അതൊരനുഭവ യാഥാർത്ഥ്യമായി മാറ്റുന്നതും. ഭൗതിക മാർഗ്ഗത്തിൽ ദൈവത്തെ അന്വേഷിക്കുന്ന ഒരു ബുദ്ധിമാന് അദൃശ്യനായ ദൈവത്തെപറ്റി ഒരു പക്ഷേ അനുമാനങ്ങളിലും നിഗമനങ്ങളിലും എത്തിച്ചേരാമെന്നല്ലാതെ അയാൾക്ക് ഒരിക്കലും ദൈവം വെളിപ്പെടുന്നില്ല. ഇത് സംബന്ധിച്ച് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) പറഞ്ഞ അർത്ഥ പൂർണ്ണമായ ഒരു ഉദാഹരണമിങ്ങനെയാണ്.

സാക്ഷ അകത്ത്നിന്ന് ബന്ധിച്ച ഒരു വീടിന്റെ കതകിൽ ഒരാൾ കുറെ നേരം മുട്ടിയിട്ടും തുറക്കുന്നില്ലെങ്കിൽ അതിനകത്ത് ആരുമില്ലെന്ന നിഗമനത്തിൽ ഒരാൾ എത്തിച്ചേരുന്നത് തികച്ചും സ്വാഭവികം. അല്ലെങ്കിൽ ഉണ്ടായിരുന്ന ആൾ ഇപ്പോൾ നിലവിലില്ലെന്ന് കരുതാം അതുമല്ലെങ്കിൽ എന്തോ അജ്ഞാത കാരണങ്ങളാൽ സാക്ഷ അകത്ത് നിന്നും വീണുപോയതായിരിക്കാം എന്നും വരാം. ഇങ്ങനെ നാനാവിധത്തിലുള്ള നിഗമനങ്ങളിൽ അയാൾക്ക് എത്തിച്ചേരാം. കതക് മുട്ടിയ മറ്റൊരാൾക്ക് അകത്ത് നിന്നും ഒരാളുടെ ശബ്ദം കേൾക്കുന്നുവെങ്കിൽ ആ ശബ്ദം കേട്ട ആളിന് അതിനകത്ത് ഒരാളുണ്ട് എന്ന് ദൃഢബോദ്ധ്യം വരുകയും അയാളാണ് സാക്ഷയിട്ടതെന്ന സത്യം അറിയുകയും ചെയ്യുന്നു. അതുപോലെയാണ് അത്ഭുതകരമായ വൈഭവത്തോടെ ഈ പ്രപഞ്ചം സൃഷ്ടിച്ച അദൃശ്യനായ ദൈവത്തെ അദ്ധ്യാത്മിക മാർഗ്ഗത്തിൽ അന്വേഷിക്കുന്നയാൾക്ക് ദൈവത്തിൽ നിന്നും ദിവ്യവെളിപാടുകൾ ലഭിക്കുമ്പോൾ ദൈവാസ്തിക്യത്തെ സംബന്ധിച്ച സകല സന്ദേഹങ്ങളും ഇല്ലാതാകുന്നു. ദൈവത്തിൽ നിന്നുള്ള വെളിപാടുകളും ബോധനങ്ങളും ദർശനങ്ങളും ദിവ്യസ്പനങ്ങളുമാകുന്നു. ഇഹലോകത്തെ ആരാധനകളുടെ യഥാർത്ഥ സാക്ഷാത്ക്കാരം. ആത്മീയമായ ഈ മാർഗ്ഗത്തിൽ കൂടി മാത്രമേ ദൈവാസ്തിക്യത്തെ സംബന്ധിച്ച് മനുഷ്യന് ബലവത്തായ ജ്ഞാനം ലഭികൂ.

വെളിപാട് മുഖേന ദൈവം മനുഷ്യനോട് സംസാരിക്കുന്ന സമ്പ്രദായം ഇപ്പോൾ നിലവിലില്ല എന്ന് യാതൊരു പ്രമാണവുമില്ലാതെ ചിലർ വാദിക്കുന്നു. **'സംസാരിക്കുന്നവൻ'** (മുതക്കല്ലിം) എന്ന ദൈവത്തിന്റെ ഗുണത്തിന്ന് വിരുദ്ധവും ദൈവനിന്ദയുമാണ് അത്തരം ജൽപ്പനം. മനുഷ്യരിൽ മഹാഭൂരിപക്ഷവും ദൈവം വെളിപ്പെടുത്തുന്ന പരിശുദ്ധവും സാത്വികവുമായ ഈ മാർഗ്ഗം പരിചയമില്ലാത്തവരാണ്. അവരാണ് വെളിപാടുകളെ നിഷേധിക്കുന്നത്. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

***'ഞങ്ങളുടെ നാഥൻ അല്ലാഹുവാണെന്ന് പറയുകയും എന്നിട്ട് സ്ഥിരചിത്തരായി നിലകൊള്ളുകയും ചെയ്തവാരാരോ അവരുടെ അടുക്കൽ മലക്കുകൾ ഇറങ്ങും (ആ മലക്കുകൾ പറയും) നിങ്ങൾ ഭയപ്പെടേണ്ട, വ്യസനിക്കുകയും വേണ്ട. നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടരുന്ന സ്വർഗ്ഗം ലഭിച്ചതിൽ സന്തുഷ്ടരാകുക ഐഹിക ജീവിതത്തിലും പരലോകത്തും ഞങ്ങൾ നിങ്ങളുടെ മിത്രങ്ങളാണ് നിങ്ങളുടെ മനസ്സ് ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾക്ക് അവിടെ (സ്വർഗ്ഗത്തിൽ) ലഭിക്കും. നിങ്ങൾ ആവശ്യപ്പെടുന്നതെല്ലാം നിങ്ങൾക്കവിടെ ഉണ്ടാകും' (41:31,32)***



ഹദ്റത്ത് അഹ്മദ് (അ)

# യഥാർത്ഥ ദൈവത്തെ പ്രാപിക്കാൻ

മതം ആശ്ലേഷിക്കുന്നതുകൊണ്ടുള്ള യഥാർത്ഥ ഉദ്ദേശ്യം മോക്ഷത്തിന്റെ ഉറവിടമായ ദൈവത്തെ തന്റെ നേത്രങ്ങൾക്കൊണ്ട് ദർശിക്കുന്ന വിധത്തിൽ ദൃഢമായി വിശ്വസിക്കുക എന്നതാണ്. കാരണം പാപത്തിന്റെ അശുദ്ധമായ ആത്മാവ് മനുഷ്യനെ നശിപ്പിക്കാൻ ആഗ്രഹിക്കുന്നു. അപരാധികൾക്ക് ശിക്ഷ നൽകുന്നവനും ഭക്തന്മാർക്ക് സന്തോഷം നൽകുന്നവനുമായ ഒരു ദൈവമുണ്ടെന്ന് അറിയുകയും ജീവനുള്ളവനും പരിപൂർണ്ണനുമായ ആ ദൈവത്തിൽ ദൃഢവിശ്വാസം ഉണ്ടാവുകയും ചെയ്യുന്നത് വരെ പാപത്തിന്റെ വിനാശകരമായ വിഷയത്തിൽ നിന്ന് മനുഷ്യന് ഒരു പ്രകാരത്തിലും രക്ഷപ്പെടാൻ സാദ്ധ്യമല്ല. ഹാനികരമായ ഒരു വസ്തുവിനെക്കുറിച്ച് ഒരാൾക്ക് വ്യക്തമായി മനസ്സിലാക്കിക്കഴിഞ്ഞാൽ അയാൾ ആ വസ്തുവിന്റെ സമീപത്തേക്ക് പോകുകയില്ല എന്നത് നാം സാധാരണയായി കണ്ടുവരാറുള്ള സംഗതിയാണല്ലോ. ഉദാഹരണമായി ആരും തന്നെ അറിഞ്ഞുകൊണ്ട് വിഷം കഴിക്കുകയോ ക്രുദ്ധനായ വ്യാഘ്രത്തിന് മുമ്പിൽ ചെന്ന് നിൽക്കുകയോ പാമ്പിൻ മാളത്തിൽ കൈയ്യിടുകയോ ചെയ്യാറില്ല. പിന്നെ എന്തു കൊണ്ട് മനപ്പൂർവ്വം പാപം ചെയ്യുന്നു? ഇതിന്റെ പ്രധാന കാരണം മറ്റു വസ്തുക്കളെ കുറിച്ച് വ്യക്തമായ അറിവുള്ളത് പോലെ ദൃഢമായ വിശ്വാസം അല്ലാഹുവിവിൽ ഇല്ലായെന്നതാണ്. അതിനാൽ അല്ലാഹുവിൽ ദൃഢ വിശ്വാസം കരസ്ഥമാക്കാനും അവനെ ഭയപ്പെടുന്നതിനും, പാപത്തിൽ നിന്ന് രക്ഷപ്പെടുന്നതിന് വേണ്ടിയും ദൃഢ വിശ്വാസം കരസ്ഥമാക്കാൻ സാധിക്കുന്ന മതത്തെ സ്വീകരിക്കുക എന്നതാണ് മനുഷ്യന്റെ പ്രധാനമായ കടമ. എന്നാൽ അപ്രകാരമുള്ള ദൃഢ വിശ്വാസം എങ്ങനെയാണ് കരസ്ഥമാക്കുക? വെറും കഥകളിലൂടെയോ ബുദ്ധിയുടെ യുക്തി ന്യായം കൊണ്ടോ മാത്രം ഇത് ഒരിക്കലും ആർജ്ജിച്ചെടുക്കാൻ സാധ്യമല്ല. ഈ ദൃഢവിശ്വാസം കരസ്ഥമാക്കുന്നതിന് ഒരേയൊരു മാർഗ്ഗമേയുള്ളൂ എന്ന കാര്യം മനസ്സിലാക്കുക. അത് മനുഷ്യൻ ദൈവ ഭാഷണം മുഖേന അവന്റെ അനന്യസാധാരണമായ അടയാളങ്ങൾ ദർശിക്കുകയോ നിരന്തരമായ അനുഭവ ജ്ഞാനത്തിലൂടെ അവന്റെ മഹത്വത്തിലും ശക്തി പ്രഭാവത്തിലും ദൃഢമായി വിശ്വസിക്കുകയോ ചെയ്യ. അല്ലെങ്കിൽ ഈ പദവി ആർജ്ജിച്ചവരുടെ കൂടെ സഹവസിക്കുകയോ ചെയ്യുക എന്നതാണ്. (നസീമെ ദഅ്വത്ത്)

മതത്തിന്റെ ഉദ്ദേശ്യമെന്താണ്? അല്ലാഹുവിന്റെ സത്തയിലും അവന്റെ സർവ്വഗുണത്തിലും ദൃഢമായി വിശ്വസിച്ചു കൊണ്ട് ശാരീരിക വികാരങ്ങളിൽ നിന്ന് മനുഷ്യൻ മോചനം നേടുകയും അല്ലാഹുവുമായി വ്യക്തിപരമായ നിലയിൽ ഒരു സ്നേഹം ഉണ്ടാകുകയും ചെയ്യുക എന്നതാണ്. യഥാർത്ഥത്തിൽ ഈ സ്വർഗ്ഗമാണ് മരണാനന്തരം വിവിധ രൂപങ്ങളിൽ വെളിപ്പെടുന്നത്. അതുപോലെ യഥാർത്ഥ ദൈവത്തെക്കുറിച്ച് ബോധവാനാകാതെ അവനിൽ നിന്ന് ദൂരപ്പെടുകയും അവനുമായുള്ള സത്യമായിട്ടുള്ള സ്നേഹം സ്ഥാപിക്കാതിരിക്കുകയും ചെയ്യുന്നതാണ് യഥാർത്ഥത്തിലുള്ള നരകം. ഈ നരകം മരണാനന്തരം വിവിധ രൂപങ്ങളിൽ പ്രകടമാകുന്നു. ദൈവത്തിന്റെ സത്തയിൽ ദൃഢമായ വിശ്വാസവും സമ്പൂർണ്ണ സ്നേഹവും കരസ്ഥമാക്കുക എന്നതാണ്. ഈ മാർഗ്ഗത്തിന്റെ യഥാർത്ഥ ഉദ്ദേശ്യം എന്നാൽ ഇനി മനസ്സിലാക്കേണ്ടത്, ഏത് മതവും ഏത് ഗ്രന്ഥവും മുഖേനയാണ് ഉദ്ദേശം സഫലീകൃതമാവുന്നുവെന്നാണ്. ഇതിന്നായി ബൈബിൾ നൽകുന്ന മറുപടി ദൈവിക ഭാഷണത്തിന്റെ കവാടങ്ങൾ അടഞ്ഞിരിക്കുകയും ദൃഢവിശ്വാസത്തിന്റെ മാർഗ്ഗങ്ങൾ തടയപ്പെട്ടിരിക്കുകയാണെന്നും സംഭവിച്ചതെല്ലാം മുമ്പേ സംഭവിച്ചു കഴിഞ്ഞിരിക്കുന്നു. ഇനി ഭാവിയിൽ ഒന്നും തന്നെ സംഭവിക്കാനില്ല എന്നുമാണ് ഇങ്ങനെയുള്ള ഗ്രന്ഥത്തിൽ നിന്ന് എന്ത് പ്രയോജനമാണ് നമുക്ക് എടുക്കാൻ സാധിക്കുക? ഇങ്ങനെയുള്ള മരിച്ച ദൈവത്തിൽ നിന്ന് എന്ത് അനുഗ്രഹമാണ് നമുക്ക് ലഭിക്കുക? (ചശ്മെ മസീഹ്)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2021 ഡിസംബർ 31-ാം തീയതി യുകെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

# ഹദ്റത്ത് അബൂബക്കർ (റ)




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

കഴിഞ്ഞ ഖുത്ബയിൽ ഹദ്റത് അബൂബക്കർ(റ)ന്റെ സൗർ ഗുഹയിലെ സംഭവത്തെ കുറിച്ചായിരുന്നു പരാമർശിച്ചുകൊണ്ടിരുന്നത്. ഈ സംഭവത്തെ പറ്റി അല്ലാഹു തആലാ വിശുദ്ധ ഖുർആനിൽ പറയുന്നു:

നിങ്ങൾ അദ്ദേഹത്തെ സഹായിക്കുന്നില്ലെങ്കിൽ, അറിയുക സത്യനിഷേധികൾ അദ്ദേഹത്തെ പുറത്താക്കുകയും, അദ്ദേഹം രണ്ടുപേരിൽ ഒരാൾ ആയിരിക്കുകയും ചെയ്ത സന്ദർഭത്തിൽ അഥവാ അവർ രണ്ടുപേരും (നബിയും അബൂബക്കറും) ആ ഗുഹയിലായിരുന്നപ്പോൾ അല്ലാഹു അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. അദ്ദേഹം തന്റെ കൂട്ടുകാരനോട്, ദുഃഖിക്കേണ്ട, തീർച്ചയായും അല്ലാഹു നമ്മുടെ കൂടെയുണ്ട് എന്ന് പറയുന്ന സന്ദർഭം. അപ്പോൾ അല്ലാഹു തന്റെ പക്കൽനിന്നുള്ള സമാധാനം അദ്ദേഹത്തിന് ഇറക്കികൊടുക്കുകയും, നിങ്ങൾ കാണാത്ത സൈന്യങ്ങളെക്കൊണ്ട് അദ്ദേഹത്തെ ശക്തിപ്പെടുത്തുകയും, സത്യനിഷേധികളുടെ വചനത്തെ അവൻ അങ്ങേയറ്റം താഴ്ത്തിക്കളയുകയും ചെയ്തു. അല്ലാഹുവിന്റെ വചനമാണ് ഏറ്റവും ഉയർന്ന് നിൽക്കുന്നത്. അല്ലാഹു പ്രതാപവാനും അഗാതജ്ഞനുമാകുന്നു.

മക്കാ നിഷേധികൾ ഗുഹാമുഖത്തു നിന്ന് സംസാരിച്ചു കൊണ്ടിരുന്നപ്പോൾ നബി(സ) പിടിക്കപ്പെടുമോയെന്നു ഹദ്റത് അബൂബക്കർ(റ) പരിഭ്രമിച്ചു. തദവസരത്തിൽ നബി(സ) പറഞ്ഞു: ദുഃഖിക്കേണ്ട, തീർച്ചയായും നമ്മുടെ അല്ലാഹു നമ്മുടെ കൂടെയുണ്ട്. സൗർ ഗുഹ സ്ഥിതി ചെയ്യുന്ന മലയുടെ അടുക്കൽ എത്തിയിട്ട് വഴിയന്വേഷകർ പറഞ്ഞു: അവർ ഇവിടുന്ന് മുന്നോട്ട് പോയിട്ടില്ല. ആരും ഗുഹയിലേക്ക് എത്തിനോക്കാൻ തുനിഞ്ഞതുമില്ല. ആ സമയത്ത് ഉമയ്യബ്നു ഖൽഫ് അവഗണനയോടെ ഉച്ചത്തിൽ പറഞ്ഞു: ഈ വലയും വൃക്ഷവും മുഹമ്മദ്(സ) ജനിക്കുന്നതിനു മുമ്പേ ഞാൻ ഇവിടെ കാണുന്നുണ്ട്. നിങ്ങളുടെ ബുദ്ധി നഷ്ടപ്പെട്ടിരിക്കുന്നു. ഇവിടെ അയാൾ എങ്ങനെയുണ്ടാവാനാണ്.?

ഹ: മിർസാ ബശീർ അഹ്മദ് സാഹിബ്(റ) പറയുന്നു: മക്കാ ഖുറൈശികൾ മുഹമ്മദ്(സ)നെ ജീവനോടെയോ വധിച്ചതിനു

ശേഷമോ കൊണ്ടുവന്നാൽ 100 ഒട്ടകങ്ങൾ പാരിതോഷികം നൽകുമെന്നു വിളംബരപ്പെടുത്തിയിരുന്നു. ഈ സമ്മാനം പ്രതീക്ഷിച്ചുകൊണ്ട് മക്കയിലെ പലരും നാലു ഭാഗത്തേക്കും പുറപ്പെട്ടു. ഖുറൈശികളിലെ പ്രമാണിമാർ ഗുഹവരെയെത്തി. അവിടെ ഉണ്ടായിരുന്ന വൃക്ഷവും ഗുഹാമുഖത്തിന്റെ മുൻവശത്തായി അതിന്റെ ശാഖയിൽ പ്രാവിന്റെ കൂടും അതിന്റെ മുട്ടയും ഒരു ചിലന്തി വല കെട്ടിയതും കണ്ടു. ഈ നിവേദനം ദുർബലമാണെങ്കിൽ തന്നെയും അങ്ങനെ നടന്നുവെങ്കിൽ അതിൽ അത്ഭുതമൊന്നുമില്ല. കാരണം ചിലന്തി കുറഞ്ഞ സമയം കൊണ്ട് വലിയ സ്ഥലത്ത് വല കെട്ടാറുണ്ട്. പ്രാവിനു കൂടുണ്ടാക്കാനും അതിൽ മുട്ടയിടാനും അധികം സമയം വേണ്ട. അല്ലാഹു തന്റെ ദൂതന്റെ സംരക്ഷണത്തിനുവേണ്ടി അങ്ങനെ ചെയ്തുവെങ്കിൽ അതിൽ അസംഭവ്യമൊന്നുമല്ല. മറിച്ച് ആ സമയത്ത് അത് ചെയ്തത് തികച്ചും സാധ്യവുമാണ്. നിവേദനത്തിൽ വരുന്നു, ഗുഹയിൽ നിന്നും ഖുറൈശികളുടെ സംസാരം കേൾക്കുകയും അവരുടെ പാദങ്ങൾ കാണുകയും ചെയ്യാമായിരുന്ന അത്രയും സമീപത്ത് ഖുറൈശികൾ എത്തിയപ്പോൾ ഹദ്റത് അബൂബക്കർ(റ) വളരേ പരിഭ്രമിച്ചു. നബി(സ) പറഞ്ഞു: അബൂബക്കർ, മൂന്നാമനായി തങ്ങളുടെ ദൈവം കൂടെയുള്ള ഈ രണ്ടാളുകളെക്കുറിച്ച് നീ എന്താണ് കരുതുന്നത്? അപ്പോൾ ഹദ്റത് അബൂബക്കർ(റ) ശബ്ദം ഇടറിയ നിലയിൽ പറഞ്ഞു: ഞാൻ കൊല്ലപ്പെട്ടാൽ ഞാൻ കേവലം ഒരു വ്യക്തി മാത്രമാണ്. എന്നാൽ ദൗർഭാഗ്യവശാൽ അങ്ങേക്ക് എന്തെങ്കിലും സംഭവിച്ചാൽ മുഴുവൻ ഉമ്മത്തും ഇല്ലാതാകുന്നതാണ്.

ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഈ സംഭവത്തിന്റെ ഒരു ഭാഗം ഇപ്രകാരമാണ്, ഹദ്റത്ത് മൂസാ(അ)ന്റെ അനുയായികൾ ഭയപ്പെട്ടുകൊണ്ട് ഞങ്ങൾ പിടിക്കപ്പെട്ടു എന്നു പറഞ്ഞു. എന്നാൽ ഹദ്റത്ത് മുഹമ്മദ്(സ)ന്റെ തവക്കുൽ തന്റെ അനുചരന്മാരിലുണ്ടാക്കിയ സ്വാധീനത്തിന്റെ ഫലമായി അവരുടെ നാവിൽ നിന്നും ഞങ്ങൾ പിടിക്കപ്പെട്ടു എന്ന വാക്ക് വന്നില്ല. മറിച്ച് അവർ കാണാനാഗ്രഹിച്ചാൽ കാണാനാകുന്ന അത്രയും അടുത്തെത്തിയിരിക്കുന്നു എന്നു മാത്രമാണ് പറഞ്ഞത്. ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: ആ പ്രയാസകരമായ ഘട്ടത്തിൽ നബി(സ)ന്റെ ഈ തിരഞ്ഞെടുപ്പു തന്നെ ഹദ്റത് അബൂബക്കർ(റ) ന്റെ ഉന്നതമായ സത്യസന്ധതക്കും കൂറിനുമുള്ള ഉത്തമ തെളിവാകുന്നു. ആ സമയത്ത് നബി(സ)ന്റെ അടുത്ത് 70 ൽ പരം സ്വഹാബാക്കൾ ഉണ്ടായിരുന്നു. അതിൽ ഹദ്റത് അലി(റ)യും ഉണ്ടായിരുന്നു. എന്നാൽ അവരിൽ നിന്നായി നബി(സ) തന്റെ കൂട്ടിന്നായി ഹദ്റത് അബൂബക്കർ(റ)നെയാണ് തിരഞ്ഞെടുത്തത്. ഇതിൽ എന്തു രഹസ്യമാണ് അടങ്ങിയിട്ടുള്ളത്? വാസ്തവത്തിൽ നബി അല്ലാഹുവിന്റെ കണ്ണുകൾ കൊണ്ടാണു കാണുന്നത്. അദ്ദേഹത്തിന്റെ ഗ്രാഹ്യശക്തി അല്ലാഹുവിൽ നിന്നാണു ലഭ്യമാകുന്നത്. അതുകൊണ്ട് അല്ലാഹു താൻ തന്നെ നബി(സ)നു ജാഗ്രതാ ദർശനം മുഖേനയും ദിവ്യവെളിപാടു മുഖേനയും ഈ പ്രവർത്തനത്തിന് ഏറ്റവും അനുയോജ്യനായ ആൾ ഹദ്റത് അബൂബക്കർ സിദ്ദീഖ്(റ) ആണെന്നു പറഞ്ഞു കോടുത്തു. ഹദ്റത് അബൂബക്കർ(റ) ഈ പ്രയാസ ഘട്ടത്തിൽ നബി(സ)ന്റെ കൂടെ നിന്നു. ഇത് ഭയാനകമായ പരീക്ഷണത്തിന്റെ ഘട്ടമായിരുന്നു. ഹദ്റത്ത് മസീഹിന് ഇത്തരത്തിൽ ഒരു സന്ദർഭം വന്നപ്പോൾ അദ്ദേഹത്തിന്റെ ശിഷ്യന്മാർ അദ്ദേഹത്തെ വിട്ട് ഓടിപ്പോകുകയാണുണ്ടയത്. ഒരാൾ ശാപം ചൊരിഞ്ഞു. എന്നാൽ നബി(സ)ന്റെ സ്വഹാബാക്കൾ എല്ലാവരും പൂർണമായ കൂറുപുലർത്തുകയാണുണ്ടായത്...

നബി(സ) ഹദ്റത് അബൂബക്കർ(റ)നെ ചേർത്തു പറഞ്ഞ ഈ വാക്കുകളിൽ ചിന്തിച്ചു നോക്കുക, ഇതിൽ അവർ രണ്ടുപേരും ഉൾപ്പെടുന്നു. അതായത് അല്ലാഹു എന്നോടൊപ്പവും നിന്നോടൊപ്പവുമുണ്ട്. അല്ലാഹു ഒരു തട്ടിൽ നബി(സ)നെയും മറ്റേതിൽ സിദ്ദീഖിനെയും വെച്ചു.

നിവേദനങ്ങളിൽ വന്നിരിക്കുന്നു, തീരുമാനിച്ച പദ്ധതി പ്രകാരം അബൂബക്കർ(റ)ന്റെ വീരപുത്രൻ അബ്ദുല്ലാഹിബ്നു അബൂബക്കർ(റ) രാത്രി സൗർ ഗുഹയിലെത്തി അന്നത്തെ വാർത്തകൾ എത്തിച്ചു കൊടുത്തു. നിർദേശങ്ങൾ സ്വീകരിച്ചു അതിരാവിലെത്തന്നെ മക്കയിൽ തിരിച്ചെത്തിയിരുന്നു; മക്കയിൽ തന്നെ രാത്രി കഴിച്ചുകൂട്ടിയതു പോലെ. ആമിർ ബിൻ ഫുഹൈറ പാലു നൽകുന്ന ആടുകളുടെ പാൽ നൽകിയതിനുശേഷം ബുദ്ധി ഉപയോഗിച്ചു കൊണ്ട് അബ്ദുല്ലാഹിബ്നു അബൂബക്കർ(റ)ന്റെ കാലടിപ്പാടുകളെ മായ്ച്ചുകൊണ്ടായിരുന്നു ആടുകളെ തിരിച്ചു കൊണ്ടുപോയത്.

ബുഖാരിയുടെ നിവേദനമനുസരിച്ച് അബ്ദുല്ലാഹ് ബ്നു അരീഖത്തിനെ ഏല്പ്പിച്ച, മൂന്നു ദിവസത്തിനു ശേഷം രാവിലെ ഒട്ടകവുമായി എത്തുക എന്ന വാഗ്ദാന പ്രകാരം ഒട്ടകങ്ങളുമായി മൂന്നാമത്തെ ദിവസം രാവിലെ സൗർ ഗുഹയിലെത്തി. നബി(സ) ഖസ്‌വാ എന്ന് പേരുള്ള തന്റെ ഒട്ടകത്തിലാണ് യാത്ര ചെയ്തത്. ഹദ്റത് അബൂബക്കർ(റ) തന്റെ ഒട്ടകത്തിൽ ആമിർ ബിൻ ഫുഹൈറയേയും കൂട്ടിയാണ് യാത്ര ചെയ്തത്. അബ്ദുല്ലാഹ് ബ്നു അരീഖത്ത് തന്റെ ഒട്ടകത്തിലും യാത്ര ചെയ്തു. ഹദ്റത് അബൂ ബക്കർ(റ) തന്റെ വീട്ടിൽ ആകെയുണ്ടായിരുന്ന അഞ്ചോ ആറോ ദിർഹം കയ്യിൽ കരുതിയിരുന്നു. അബൂബക്കർ(റ) മക്കയിൽ നിന്നും പുറപ്പെടുമ്പോൾ വളരെ വ്യസനത്തോടെ പറഞ്ഞു: ഇക്കൂട്ടർ തങ്ങളുടെ നബിയെ

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: ആ പ്രയാസകരമായ ഘട്ടത്തിൽ നബി(സ)ന്റെ ഈ തിരഞ്ഞെടുപ്പു തന്നെ ഹദ്റത് അബൂബക്കർ(റ)ന്റെ ഉന്നതമായ സത്യസന്ധതക്കും കൂറിനുമുള്ള ഉത്തമ തെളിവാകുന്നു. ആ സമയത്ത് നബി(സ)ന്റെ അടുത്ത് 70 ൽ പരം സ്വഹാബാക്കൾ ഉണ്ടായിരുന്നു. അതിൽ ഹദ്റത് അലി(റ)യും ഉണ്ടായിരുന്നു. എന്നാൽ അവരിൽ നിന്നായി നബി(സ) തന്റെ കൂട്ടിന്നായി ഹദ്റത് അബൂബക്കർ(റ)നെയാണ് തിരഞ്ഞെടുത്തത്. ഇതിൽ എന്തു രഹസ്യമാണ് അടങ്ങിയിട്ടുള്ളത്? വാസ്തവത്തിൽ നബി അല്ലാഹുവിന്റെ കണ്ണുകൾ കൊണ്ടാണു കാണുന്നത്. അദ്ദേഹത്തിന്റെ ഗ്രാഹ്യശക്തി അല്ലാഹുവിൽ നിന്നാണു ലഭ്യമാകുന്നത്. അതുകൊണ്ട് അല്ലാഹു താൻ തന്നെ നബി(സ)നു ജാഗ്രതാ ദർശനം മുഖേനയും ദിവ്യവെളിപടു മുഖേനയും ഈ പ്രവർത്തനത്തിന് ഏറ്റവും അനുയോജ്യനായ ആൾ ഹദ്റത് അബൂബക്കർ സിദ്ദീഖ്(റ) ആണെന്നു പറഞ്ഞു കോടുത്തു. ഹദ്റത് അബൂബക്കർ(റ) ഈ പ്രയാസ ഘട്ടത്തിൽ നബി(സ)ന്റെ കൂടെ നിന്നു. ഇത് ഭയാനകമായ പരീക്ഷണത്തിന്റെ ഘട്ടമായിരുന്നു. ഹദ്റത്ത് മസീഹിന് ഇത്തരത്തിൽ ഒരു സന്ദർഭം വന്നപ്പോൾ അദ്ദേഹത്തിന്റെ ശിഷ്യന്മാർ അദ്ദേഹത്തെ വിട്ട് ഓടിപ്പോകുകയാണുണ്ടയത്. ഒരാൾ ശാപം ചൊരിഞ്ഞു. എന്നാൽ നബി(സ)ന്റെ സ്വഹാബാക്കൾ എല്ലാവരും പൂർണമായ കൂറുപുലർത്തു കയാണുണ്ടായത്...

---

പുറത്താക്കിയിരിക്കുന്നു. ഇനി ഇവർ തീർച്ചയായും നശിക്കുന്നതാണ്.

മക്കയിൽ നിന്നും 82 മൈൽ ദൂരത്തുള്ള ജുഹ്ഫ എന്ന സ്ഥലത്തെത്തിയപ്പോൾ അവതരിച്ച ഖുർആൻ വചനം ആണ് ഖുർആൻ നിനക്ക് നിയമമാക്കി കൽപ്പിച്ചവൻ തീർച്ചയായും നിന്നെ പ്രത്യാഗമനസ്ഥാനത്തേക്കു തിരിച്ചെത്തിക്കുന്നവൻ തന്നെയാണ്.

രാത്രി മുഴുവൻ യാത്ര തുടർന്നു. അങ്ങനെ ഉച്ച സമയത്ത് ഒരു കുന്നിൻ ചെരുവിൽ സംഘം വിശ്രമിക്കുന്നതിനുവേണ്ടി നിന്നു. ഹദ്റത് അബൂബക്കർ(റ) വിരിപ്പു വിരിച്ചു നബി(സ)യോടു വിശ്രമിക്കുന്നതിനായി അപേക്ഷിച്ചു.

നബി(സ) അവിടെ കിടന്നു. അബൂബക്കർ(റ) പുറത്തിറങ്ങി ആരെങ്കിലും പിന്തുടരുന്നുണ്ടോയെന്നു നോക്കി. ഇത്രയുമായപ്പോൾ ദൂരെ നിന്നും ഒരു ആട്ടിടയൻ തണലന്വേഷിച്ചു വരുന്നതായി കണ്ടു. അബൂബക്കർ(റ) അയാളോടു ചോദിച്ചു: നീ ഞങ്ങൾക്കുവേണ്ടി കുറച്ചു പാൽ കറക്കുമോ? അയാൾ അതെയെന്നു പറഞ്ഞു. ശേഷം അയാളോടു പറഞ്ഞു: അകിട് നല്ലപോലെ വൃത്തിയാക്കുക. തന്റെ മേൽനോട്ടത്തിൽ തന്നെ പാത്രത്തിലേക്കു പാൽ വാങ്ങി. പാലിന്റെ കട്ടി കുറയുന്നതിനുവേണ്ടി അതിൽ വെള്ളം ചേർത്തു. ആ പാൽ നബി(സ)യുടെ സവിധത്തിൽ എത്തിച്ചു. അബൂബക്കർ(റ) പറയുന്നു: എനിക്ക് തൃപ്തി വരുന്ന അത്രയും കൂടുതൽ നബി(സ) കുടിക്കുകയുണ്ടായി.

അരീഖത്തിനെ പോലുള്ള വിദഗ്ദരായ വഴികാട്ടിയുടെ നേതൃത്വത്തിൽ സമുദ്ര തീരത്തുകൂടിയുള്ള വഴിയാണു മദീനയിലേക്കു യാത്ര തുടങ്ങിയത്. (നബിയെ ജീവനോടെയോ അല്ലാതെയോ കൊണ്ടുവരുന്നവർക്കു പ്രഖ്യാപിച്ച) സമ്മാനം ആഗ്രഹിച്ചുകൊണ്ട് നബിയെ പിന്തുടർന്നവരിൽ ഒരാളുടെ പേര് സുറാഖ ബിൻ മാലിക് ആയി രുന്നു. പിന്നീടു മുസ്‌ലിമായ ഇദ്ദേഹം ഈ സംഭവം സ്വയം വിവരിക്കുന്നുണ്ട്. അതനുസരിച്ച് അദ്ദേഹത്തിനു തുടർച്ചയായി പിന്തുടരുന്നതിൽ എതിരായ ശകുനം അനുഭവപ്പെട്ടിട്ടും വീണ്ടും പ്രയത്നിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ഒട്ടകത്തിനു കാലിടറുകയും അതിന്റെ കാലുകൾ മണലിൽ താഴുകയും ചെയ്തു. അവസാനം അദ്ദേഹത്തിനു ഈ പിന്തുടരൽ ശരിയല്ലെന്നു മനസ്സിലായി. അദ്ദേഹം സംരക്ഷണം നൽകുമെന്ന് വിളിച്ചു പറഞ്ഞു. എന്നിട്ട് നബി(സ)യുടെ സവിധത്തിൽ ഹാജറായികൊണ്ടു പറഞ്ഞു: അവിടുന്ന് ഒരു ദിവസം തീർച്ചയായും ഭരണാധികാരിയാകുന്നതാണ് എന്നെനിക്ക് ഉറപ്പുണ്ട്. അന്ന് ഞാൻ അങ്ങയുടെ സവിധത്തിൽ വരുമ്പോൾ എനിക്ക് ആദരവ് നൽകുമെന്ന് എനിക്ക് എതെങ്കിലും ഒരു ഉടമ്പടി എഴുതി തന്നാലും. തിരുനബി(സ) അദ്ദേഹത്തിന് എഴുതിക്കൊടുത്തു. ഈ അനുസ്മരണം തുടരുന്നതാണെന്നു പറഞ്ഞതിനുശേഷം ഹുസൂർ തിരുമനസ്സ് പുതുവത്സരത്തിന്റെ തുടക്കത്തിൽ ആഗോള അഹ്മദിയ്യാ ജമാഅത്തിനെ ദുആകളിലേക്കും നഫലുകളിലേക്കും ഒറ്റക്കും ജമാഅത്തായതുമായ തഹജ്ജുദിലേക്കും ശ്രദ്ധതിരിക്കുകയുണ്ടായി.

# ജെനിറ്റിക് എൻജിനിയറിംങ്ങ്

കോടാനുകോടി വർഷം കൊണ്ട് പ്രകൃതി വളർത്തിക്കൊണ്ടുവന്ന ജീവന്റെ സ്വാഭാവിക ഘടനയിൽ താൽക്കാലിക ലാഭത്തിനും സമൃദ്ധിക്കും വേണ്ടി മാറ്റത്തിരുത്തലുകൾ വരുത്തുന്നത് ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാക്കുമെന്ന മുന്നറിയിപ്പാണ് വിശുദ്ധ ഖുർആൻ നൽകുന്നത്. എല്ലാ ജ്ഞാനങ്ങളും പോലെ ജനിതകശാസ്ത്രത്തെ വളരെ കരുതലോടെ മനുഷ്യന്റെ നന്മക്ക് വേണ്ടി വിവേകപൂർവ്വം ഉപയോഗിക്കുകയാണ് വേണ്ടതെന്ന് ഖലീഫത്തുൽ മസീഹ് നാലാമൻ രേഖപ്പെടുത്തുന്നു.

**ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)**

(ഖലീഫത്തുൽ മസീഹ് നാലാമൻ)

ജെനിറ്റിക് എൻജിനീയറിംങിന്റെ രംഗത്ത് ഇന്ന് ജീവന്റെ ചില സവിശേഷതകൾ മാറ്റാമെന്ന് വന്നിരിക്കുന്നു. പക്ഷേ, താഴെ കാണുന്ന വചനം അവതരിക്കുന്ന കാലഘട്ടത്തിൽ ആർക്കും തന്നെ അത്തരത്തിലുള്ള ഒരു കാര്യം വന്യമായ ഭാവനയിൽ പോലും വിഭാവനം ചെയ്യാൻ സാധ്യമല്ലായിരുന്നു. താഴെ കാണുന്നതാണ് പ്രസക്തമായ ആ വചനവും അതിന്റെ തർജ്ജമയും.

**....അവൻ (പിശാച്) പറഞ്ഞു, നിന്റെ ദാസൻമാരിൽ നിന്ന് ഒരു നിശ്ചിത വിഭാഗത്തെ ഞാൻ സ്വായത്തമാക്കുകതന്നെ ചെയ്യും. തീർച്ചയായും ഞാൻ അവരെ വഴി തെറ്റിക്കുകയും അവർക്ക് വ്യാമോഹങ്ങൾ നൽകുകയും അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നതാണ്. അപ്പോൾ അവർ കന്നുകാലികളുടെ കാതുകൾ കീറും...(4:119-120)**

മൃഗങ്ങളെ അവയുടെ വാൽ വെട്ടിക്കൊണ്ടും ചെവി കീറിക്കൊണ്ടും വികൃതമാക്കുന്ന ആശയമല്ല ഇവിടെ വിശുദ്ധ ഖുർആൻ അർത്ഥമാക്കുന്നത്. മൃഗങ്ങളുടെ ചെവി വെട്ടി വിവിധ ദൈവങ്ങൾക്ക് ബലികൊടുക്കൽ ഇസ്‌ലാമിനു മുമ്പേയുള്ള അറബികളുടെ സമ്പ്രദായമായിരുന്നു. എന്തുതന്നെയായാലും ഇതിനെ പിന്തുടർന്നുകൊണ്ട് അതേ വചനത്തിൽ അതിനേക്കാൾ നാടകീയവും വിപ്ലവകരവുമായ കാര്യങ്ങളാണ് പറയുന്നത്. ആ വചനം അവസാനിക്കുന്നത് പിശാചിന്റെ മറ്റൊരു വിദ്രോഹകരമായ ആഗ്രഹം ആരോപിച്ചുകൊണ്ട് അതായത് ദൈവത്തിന്റെ സൃഷ്ടിപ്രകൃതി മാറ്റിക്കളയാൻ മനുഷ്യരാശിയെ പ്രേരിപ്പിക്കുന്നതാണത്. പ്രസ്തുത വചനം തുടരുന്നു.

.........പിന്നെയും ഞാൻ അവരെ പ്രേരിപ്പിക്കുകയും അപ്പോൾ അല്ലാഹുവിന്റെ സൃഷ്ടികളെ അവർ വികൃതമാക്കുകയും ചെയ്യും. ഏതൊരാൾ അല്ലാഹുവിനെ കൂടാതെ പിശാചിനെ മിത്രമായി സ്വീകരിക്കുന്നുവോ അവൻ സ്പഷ്ടമായ നഷ്ടത്തിലായിക്കഴിഞ്ഞു. (4:120)

ദൈവത്തിന്റെ സൃഷ്ടിയുടെ പ്രകൃതിയെ മാറ്റാനുള്ള സാധ്യത ഒരിക്കലും പണ്ട് കാലത്തെ ജനതയുടെ ആശയമായിരിക്കില്ല. ഈ വചനത്തിൽ പറയുന്ന സാധ്യതകൾ ഒരിക്കലും തന്നെ പുരാതന കാലത്തെ ചക്രവാളത്തിൽ ഉദിച്ചു കാണാത്തതാണ്. മൃഗങ്ങളുടെ ചെവി കീറുക മുതലായ ബാഹ്യമായ ചില പരിക്കുകളോ ചെറിയ മാറ്റങ്ങളോ ഉണ്ടാക്കുക എന്നത് എല്ലാകാലത്തും മനുഷ്യൻ ചെയ്തിരുന്ന ചില നിസ്സാര പ്രക്രിയകളാണ്. ദൈവത്തിന്റെ സൃഷ്ടിയിൽ അടിസ്ഥാനപരമായ മാറ്റങ്ങളുണ്ടാക്കുക എന്നത് അക്കാലത്തെ ജനങ്ങളുടെ ഭാവനകൾക്കതീതമായിരുന്നു. അത് സമീപ കാലത്തെ സംഭവ വികാസങ്ങളാണ്. ജെനിറ്റിക്ക് എൻജിനീയറിംങ് എന്ന ശാസ്ത്രശാഖ ഓന്നോരണ്ടോ ദശകങ്ങൾക്ക് മുമ്പേ മാത്രമുണ്ടായ പുതിയ ശാസ്ത്ര ശാഖയാണ്. എങ്കിലും ഈ ശാസ്ത്രശാഖ അതിശീഘ്രം മുന്നോട്ടു ഗമിക്കുകയാണ്. പതിനാലു നൂറ്റാണ്ടുകൾക്ക്മുമ്പേ ഖുർആൻ വ്യക്തമായി താക്കീത് നൽകിയ രംഗത്തേക്കാണ് ഈ ശാസ്ത്രം കുതിക്കുന്നത്. മനുഷ്യൻ സൃഷ്ടിയുടെ സ്വാഭാവിക പദ്ധതിയിൽ ഇടപെടാനാരംഭിച്ചിരിക്കുന്നു. ബാക്ടീരിയയുടേയും പ്രാണികളുടേയും തലത്തിൽ

അതിന്റെ ജീവരൂപങ്ങളെ മനുഷ്യകൽപിതമായ മാർഗ്ഗങ്ങളിലൂടെ മാറ്റുന്നതിൽ ഒരളവോളം വിജയിക്കുകയും ചെയ്തിരിക്കുന്നു. കുറച്ചു കൂടി മുന്നോട്ടു പോയാൽ അത് അപകടത്തിലേക്ക് ചെന്നു ചാടും. ചില ശാസ്ത്രജ്ഞൻമാർ ഇതിന്റെ വിപത്തിനെപറ്റിയുള്ള അപകടമണി മുഴക്കിക്കഴിഞ്ഞു. നിർഭാഗ്യകരമെന്ന് പറയട്ടെ ഈ രംഗത്തുള്ള ശാസ്ത്ര പരീക്ഷണങ്ങളുടെ ചക്രം പിറകോട്ട് തിരിക്കുക എന്നത് അവരുടെ കഴിവിന്നതീതമായ കാര്യമാണ്.

ജെനിറ്റിക് എൻജിനീയറിംങിന്റെ* നൈതികതയെ സംബന്ധിച്ച് ശാസ്ത്ര പണ്ഡിതൻമാർ രണ്ടു ചേരിയിലായി വിഭജിക്കപ്പെട്ടിരിക്കുന്നു. ചിലർ അപകടമണി മുഴക്കി അവരുടെ കൈ ഉയർത്തുന്നു. എന്നാൽ, ചിലരാകട്ടെ നാം ഈ ശാസ്ത്രശാഖയെ പൂർണ്ണമായും വികസിപ്പിച്ചാൽ സൃഷ്ടിയുടെ രഹസ്യങ്ങൾ കണ്ടുപിടിക്കാൻ കഴിഞ്ഞേക്കുമെന്ന് വാദിക്കുന്നു. ഈ രംഗത്തുള്ള സാങ്കേതിക വികാസം മനുഷ്യന്റെ ഭാവിയെ ശോഭനമാക്കും എന്നാണ് അവർ വിശ്വസിക്കുന്നത്.

അമേരിക്കയിൽ ജനിതക എഞ്ചിനീയറിങ്ങിന് അനുകൂലമായും പ്രതികൂലമായും രണ്ട് ചേരികളിലായി തീക്ഷ്ണമായ സംവാദങ്ങൾ നടന്നു വരികയാണ്. ജെനിറ്റിക് എൻജിനീയറിംഗ് രംഗത്തെ അനിയന്ത്രിതമായ പരീക്ഷണങ്ങൾക്കെതിരെ അമേരിക്കൻ കോടതികളിൽ ചില കേസുകളും, നിയമ പ്രശ്നങ്ങളും നിലവിലുണ്ട്. ഒരു ജീവിയിൽ നിന്നും മറ്റൊരു ജീവിയിലേക്കുള്ള ജീനുകളുടെ വിനിമയത്തിൽനിന്നും ഉണ്ടാകുന്ന ഫലങ്ങളെ സംബന്ധിച്ച ശാസ്ത്രീയമായ പ്രതീക്ഷകളെ, തുടർന്ന് നടന്ന ശാസ്ത്രീയ പരീക്ഷണങ്ങൾ പരാജയപ്പെടുത്തിയിരിക്കുകയാണെന്ന് വാദിക്കപ്പെടുന്നു. ഈ ജനിതകമാറ്റങ്ങളെ സംബന്ധിച്ച് ആശങ്കപ്പെട്ടിരുന്നവർ സംശയിച്ചതിനേക്കാൾ കൂടുതലായുള്ള വ്യതിയാനങ്ങളാണ് ചില പരീക്ഷണങ്ങളിൽ സംഭവിച്ചത്. ഇതു വരെ കാര്യങ്ങളൊന്നും നിയന്ത്രിക്കാൻ കഴിയാത്ത വിധം കൈവിട്ടു പോയിട്ടില്ല. ചില വർഗ്ഗത്തിൽപ്പെട്ട ബാക്ടീരിയകളിലും ധാന്യചെടികളിലും നടത്തിയ പരീക്ഷണങ്ങൾ കാർഷിക ഉൽപ്പാദന വർദ്ധനവിനും ചില രോഗങ്ങളിൽനിന്നുള്ള സുരക്ഷക്കും ഗുണകരമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ഇത്തരം നിസ്സാരമായ നേട്ടങ്ങളിൽ വിജയോത്സവം ആഘോഷിക്കുന്നത് കുറേ നേരത്തേയായിപ്പോയിരിക്കുന്നു.

ഇത്തരത്തിൽ ജനിതക വ്യതിയാനം വരുത്തിയ പുതിയ കൃത്രിമ ജീവി വർഗ്ഗങ്ങളുടെ ഭാവിയിലെ ആത്യന്തികമായ ഇക്കോളജീയ (ആവാസ വ്യവസ്ഥയെ സംബന്ധിക്കുന്ന) പ്രത്യാഘാതങ്ങളെന്തായിരിക്കും? ജനിതക വ്യതിയാനം വരുത്തിയ ജീവി സസ്യ രൂപങ്ങളുടെ തുടർച്ചയായ ഏതാനും തലമുറകളുടെ സ്വഭാവം നിരീക്ഷിച്ചാലല്ലാതെ അതിനെ സംബന്ധിച്ച് വിലയിരുത്താൻ സാധ്യമല്ല. ജനിതക വ്യതിയാനം വരുത്തുന്നത് സംബന്ധിച്ച് ശാസ്ത്രജ്ഞൻമാർ മനസ്സിലാക്കിയ അപകടങ്ങൾ വസ്തുതാപരമോ യാഥാർത്ഥ്യമോ ആയിരിക്കാം. ജെനിറ്റിക് എഞ്ചിനീയറിങ്ങ് രംഗത്തെ വിവേകശൂന്യമായ പരീക്ഷണങ്ങൾ കർശനമായ നിരീക്ഷണങ്ങൾക്ക് വിധേയമാക്കിയില്ലെങ്കിൽ മനുഷ്യന്റെ നിയന്ത്രണങ്ങൾക്കതീതമായ അപ്രവചനീയമായ ചില ജീവി രൂപങ്ങൾ പൊട്ടിപുറപ്പെടാനിടയാക്കിയേക്കും. ദൈവത്തിന്റെ സൃഷ്ടിയിൽ ഇടപെടുന്നതിനെതിരെയുള്ള ശിക്ഷ ലഭിക്കുമെന്ന ഖുർആന്റെ ഉറച്ച താക്കീത് മനുഷ്യന്റെ ഭൂമിയിലെ ഭാവി ജീവിതത്തെ പറ്റിയുള്ള ആശങ്കകൾ സൂചിപ്പിക്കുന്നു. മനുഷ്യൻ ദൈവംകളി അവസാനിപ്പിക്കുന്നില്ലെങ്കിൽ എന്ത് സംഭവിക്കുമെന്ന് അല്ലാഹുവിന് മാത്രമെ നന്നായറിയൂ. ഉൻമൂലനം പോലെയുള്ളത്ര ഇല്ലെങ്കിലും മറ്റെന്തെങ്കിലും ഭവിഷത്തുകൾ മനുഷ്യനെ എളിമത്വത്തിന്റെ പാഠങ്ങൾ പഠിപ്പിക്കുമോ? ജെനിറ്റിക്ക് എൻജിനീയറിംഗിന്റെ ഏത് രൂപത്തിലുള്ള സാധ്യമായ ഉപയോഗത്തെയും ഈ വചനം അപലപിക്കുന്നു എന്ന് കരുതുന്നത് ശരിയല്ല. ദൈവത്തിന്റെ സൃഷ്ടികളെ മാറ്റി മറിക്കുന്നതിനേക്കാൾ അതിന് സേവനം ചെയ്യുകയും അതിനെ സംരക്ഷിക്കുകയും ചെയ്യുന്ന ഏതൊരു ശാസ്ത്ര ശാഖയേയും അത് പ്രോത്സാഹിപ്പിക്കാതിരിക്കില്ല. ഉദാഹരണത്തിന് ഒരു അപകടംകാരണം ജനിതക കോഡ് തകരാറിലായത് ശരിയാക്കുന്നതിൽ ജെനിറ്റിക് എൻജിനീയറിംങ് ഏർപ്പെടുമ്പോൾ അതൊരിക്കലും തന്നെ ദൈവത്തിന്റെ സൃഷ്ടിപദ്ധതിയിലുള്ള ഇടപെടലാണെന്ന് പറയാൻ സാധ്യമല്ല. രോഗത്താലോ വിവേകരഹിതമായ മരുന്നിന്റെ ഉപയോഗത്താലോ ജനിതക കോഡ് തകരാറിലായെങ്കിൽ ജനിതക എഞ്ചിനീയറിങ്ങ് ഉപയോഗിച്ച് അതിനെ നന്നാക്കാൻ സാധിക്കും. ഇത് ഒരിക്കലും തന്നെ മേലുദ്ധരിച്ച വചനത്തിൽ അപലപിച്ച സംഗതിയല്ല.

ദൈവത്തിന്റെ മഹത്തായ സൃഷ്ടി പദ്ധതിയിൽ നിസ്സാരമട്ടിൽ ഇടപെടാൻ ശാസ്ത്രജ്ഞൻമാക്ക് തികഞ്ഞ സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിട്ടില്ല. മാരകമായ അപകടങ്ങളൊന്നും ഇതുവരെ സംഭവിക്കാത്തതിന് അവർ അവരുടെ ഭാഗ്യത്തോട് നന്ദി പറയട്ടെ. അവർ ആരോടെങ്കിലും നന്ദി പറയുന്നുവെങ്കിൽ മറ്റാരോടുമല്ല അവരോട് തന്നെയാണ് നന്ദി പറയേണ്ടത്. ജനിറ്റിക് എൻജിനീയറിംങ് രംഗത്തെ പരീക്ഷണങ്ങളുടെ പ്രവണതകൾക്കും സാധ്യതകൾക്കും മേൽ ലോക ഗവൺമെന്റുകൾ കർശനമായ ജാഗ്രത പുലർത്തേണ്ടതുണ്ട്. ജീവിലോകത്ത് മൃഗവുമായി താരതമ്യം ചെയ്യുമ്പോൾ മനുഷ്യ വർഗ്ഗത്തിന്റെ മഹത്വത്തിനും ബഹുമതിക്കും അനുഗുണമായി ഭാരം തൂങ്ങുന്നത് എന്താണ്? മനുഷ്യൻ അവന്റെ തന്നെ സൃഷ്ടിയായ കൃത്രിമ അടിമകളാൽ ഭരിക്കപ്പെടുന്ന, നിർഭാഗ്യവാനായി നോക്കിനിൽക്കേണ്ടിവരുന്ന ആ ദിവസത്തിന്റെ ദുരന്തത്തിൽ നിന്ന് മനുഷ്യരാശി രക്ഷപ്പെടേണമേ എന്നാണ് നമ്മുടെ പ്രതീക്ഷയും പ്രാർത്ഥനയും.

# പരിണാമം വിശുദ്ധ ഖുർആന്റെ വെളിച്ചത്തിൽ

ദൈവേച്ഛയുടെയും ദൈവീക മാർഗദർശനത്തിന്റെയും ഫലമായി നടന്ന ജീവന്റെ പരിണാമത്തെയാണ് (Evolution) വിശുദ്ധ ഖുർആൻ നമുക്ക് മുന്നിൽ അവതരിപ്പിക്കുന്നത്. സൃഷ്ടിപ്പിൽ നാം കാണുന്ന പൊരുത്തവും സങ്കീർണതയും ഒരു ബാഹ്യ ശക്തിയുടെ ഇടപെടലില്ലാതെ സാധ്യമല്ല എന്ന് ഖുർആൻ സമർത്ഥിക്കുന്നു. എന്നാൽ, അതിജീവനത്തിനും സങ്കീർണതക്കും കാരണം ആകസ്മികമായ ഉൾപരിവർത്തനം (Accidental mutation) മാത്രമാണ് എന്ന വാദമാണ് പ്രകൃതിനിർദ്ധാരണം (Natural selection) മുന്നോട്ടുവെക്കുന്നത്. ജീവൻ എങ്ങനെ ഉൽഭവിച്ചെന്നും, വെറും ആകസ്മികതയുടെ ചിറകിലേറി എങ്ങനെ ജീവിവർഗം സങ്കീർണത കൈവരിച്ചെന്നും വിശദീകരിക്കുന്നതിൽ ആ സിദ്ധാന്തം പരാജയപ്പെടുന്നതായി നമുക്ക് കാണാം.

**ആത്തിഫ് മുനവ്വർ മീർ, കാനഡ**

വിവ: താരിഖ് അലനല്ലൂർ

### ജീവപരിണാമം ദൈവേച്ഛയും പ്രകൃതിനിർദ്ധാരണവും

ജീവൻ എന്നത് പരിണാമത്തിന്റെ ഫലമാണെന്ന് തന്നെയാണ് വിശുദ്ധ ഖുർആൻ വിശദീകരിക്കുന്നത്. എന്നാൽ, പരിണാമമെന്നാൽ അന്ധമോ ആകസ്മികമോ ആയ ഒന്നായിരുന്നില്ല. മറിച്ചു, ദൈവീക കരങ്ങളാൽ നിയന്ത്രിക്കപ്പെട്ട പ്രക്രിയയായിരുന്നു. ഈ ദൈവീകകരം തന്നെയാണ് ജീവന്റെ ഉൽഭവത്തിനും, വൈവിധ്യത്തിനും സങ്കീർണതക്കും പിന്നിൽ പ്രവർത്തിച്ചത്. എന്നിരുന്നാലും, പരിണാമത്തിന്റെ ഹേതുവായി പ്രകൃതിനിർദ്ധാരണത്തെ അവതരിപ്പിക്കാനാണ് ഡാർവിന്റെ (Darwin) പരിണാമസിദ്ധാന്തത്തിലൂന്നിക്കൊണ്ട് ആധുനിക ജീവശാസ്ത്രം ശ്രമിക്കുന്നത്. മനുഷ്യനും, മൃഗങ്ങളും, സസ്യങ്ങളുമെല്ലാം ആകസ്മികമായാണ് പരിണമിച്ചത് എന്ന വാദമാണ് ഈ സിദ്ധാന്തം മുന്നോട്ടുവെക്കുന്നത്. കോടിക്കണക്കിനു വർഷങ്ങളായി നടക്കുന്ന സ്വയം നിയന്ത്രിത പ്രക്രിയയുടെ ഫലം മാത്രമാണ് മനുഷ്യൻ എന്നാണ് ഈ സിദ്ധാന്തം വാദിക്കുന്നത്. ഈ ദൈർഘ്യമേറിയ പ്രക്രിയയിലൂടെ, യാതൊരു ദൈവീക സഹായമോ വഴികാട്ടലോ ഇല്ലാതെ, ഒരു ഏകകോശ ജീവിയിൽ (Single celled organism) നിന്നും മനുഷ്യൻ പരിണമിച്ചുണ്ടായെന്നാണ് ഡാർവിൻ പ്രഖ്യാപിക്കുന്നത്.

പ്രകൃതിനിർദ്ധാരണമാണ് ഡാർവിനിയൻ സിദ്ധാന്തത്തിന്റെ മൂലക്കല്ല്. വിശുദ്ധ ഖുർആനിൽ നിന്ന് വിഭിന്നമായി, പ്രപഞ്ചസൃഷ്ടിപ്പിന് പിന്നിൽ ഒരു ധൈഷണികശക്തിയുണ്ടെന്ന് പ്രഖ്യാപിക്കാൻ പ്രകൃതിനിർദ്ധാരണം തയ്യാറാവുന്നില്ല.

പരിണാമത്തിന്റെ പാതയെ സംബന്ധിച്ചുള്ളതാണ് മറ്റൊരു വ്യത്യാസം. കുരങ്ങും മനുഷ്യനും ഒരേ പൂർവികനിൽ നിന്നു ഉൽഭവിച്ചുവെന്നാണ് പ്രകൃതിനിർദ്ധാരണത്തിന്റെ വാദം. അതിനാൽ തന്നെ, കുരങ്ങുകളെ മനുഷ്യന്റെ സമീപകാല പൂർവികരായാണ് ജീവശാസ്ത്രജ്ഞർ കരുതിപ്പോരുന്നത്. എന്നാൽ, 'ഒരൊറ്റ പൂർവികൻ' (One common ancestor) എന്ന വാദം വിശുദ്ധ ഖുർആൻ മുന്നോട്ടുവെക്കുന്നില്ല. അതിനാൽ തന്നെ, കുരങ്ങിനെ മനുഷ്യ പരിണാമത്തിലെ ഒരു കണ്ണിയായി കണക്കാക്കാൻ വിശുദ്ധ ഖുർആൻ തയ്യാറാവുന്നില്ല.

### പ്രകൃതിനിർദ്ധാരണം

പരിണാമത്തെ നയിക്കുന്നതിൽ പ്രകൃതിക്കു പുറമെ മറ്റൊരു ശക്തിക്കും പങ്കില്ലെന്ന വാദത്തെയാണ് പ്രകൃതിനിർദ്ധാരണം എന്ന് പറയുന്നത്.

### പ്രകൃതിനിർദ്ധാരണത്തിനുള്ള മൂന്നു ഉപാധികൾ

പ്രകൃതിനിർദ്ധാരണം സംഭവിക്കണമെങ്കിൽ മൂന്നു ഉപാധികൾ നിറവേറ്റപ്പെടേണ്ടതുണ്ട് എന്നാണ് നിയോ ഡാർവിനുകളുടെ (Neo-

Darwins) വാദം. പ്രത്യുല്പാദനമാണ് ആദ്യത്തെ ഉപാധി. അതായത്, പ്രകൃതിനിർദ്ധാരണം നടക്കണമെങ്കിൽ ഒരു സന്തതിയുടെ ആവശ്യമുണ്ട്. ആ കുഞ്ഞ് തന്റെ മാതാപിതാക്കളിൽ നിന്ന് ചെറിയ തോതിലെങ്കിലും വ്യത്യസ്തനായിരിക്കണമെന്നതാണ് രണ്ടാമത്തെ ഉപാധി. മൂന്നാമതായി, ആ കുഞ്ഞിന് കൈവന്ന യാദൃശ്ചികമായ ഉൾപരിവർത്തനം, കാലക്രമേണ അതിന്റെ അതിജീവനത്തിനുള്ള കാരണമായി മാറുകയും വേണം. കൂടുതൽ മുന്നോട്ടു പോകുന്നതിനു മുൻപ് ഒരു കാര്യം വ്യക്തമാക്കേണ്ടതുണ്ട്. മാറുന്ന കാലാവസ്ഥയുമായി പൊരുത്തപ്പെടാനുള്ള പ്രേരണയാണ് ജീവികളിൽ പരിവർത്തനം സൃഷ്ടിക്കുന്നതെന്നാണ് ഡാർവിന്റെ വാദം. എന്നാൽ, ജീവികൾക്കുള്ളിൽ നടക്കുന്ന ഉൾപരിവർത്തനമാണ് (mutation) ഈ മാറ്റത്തിനുള്ള ഹേതു എന്നാണ് ആധുനിക ജീവശാസ്ത്രജ്ഞർ വിശ്വസിക്കുന്നത്. ഉദാഹരണത്തിന്, ജിറാഫുകളുടെ വാസസ്ഥലങ്ങളിലുള്ള ഉയരമുള്ള മരങ്ങളാണ് ജിറാഫിന്റെ നീണ്ട കഴുത്തിന് കാരണമെന്നു ഡാർവിൻ വിശദീകരിക്കുന്നു. എന്നാൽ ചെറിയ കഴുത്തുള്ള ജീവികളിൽ സംഭവിക്കുന്ന ഉൾപരിവർത്തനമാണ് അതിനു കാരണമെന്ന് ആധുനിക ജീവശാസ്ത്രജ്ഞർ വാദിക്കുന്നു.

ഈ മൂന്നു ഉപാധികൾ പ്രവർത്തിക്കുന്നത് എങ്ങനെയെന്ന് ഒരു ഉദാഹരണം മുഖേന വ്യക്തമാക്കാം. ഒരു കുരങ്ങിന് മനുഷ്യക്കുഞ്ഞിന് ജന്മം നൽകാൻ സാധിക്കുന്നില്ലെങ്കിലും, മനുഷ്യനോട് നേരിയ സാമ്യം തോന്നുന്ന കുഞ്ഞിനെ പ്രസവിക്കാൻ കഴിഞ്ഞേക്കാം. പിന്നീട്, ഈ കുഞ്ഞ് വളർന്നു, മനുഷ്യനോട് കൂടുതൽ സാമ്യം തോന്നുന്ന സന്തതിയെ ഉൽപാദിപ്പിക്കുന്നു. ഇങ്ങനെ കാലക്രമേണ, ചെറിയ ഘട്ടങ്ങളിലായി സംഭവിക്കുന്ന മാറ്റങ്ങൾ വഴി അവസാനം മനുഷ്യൻ രൂപപ്പെടുന്നു.

പ്രകൃതിനിർദ്ധാരണം മുന്നോട്ടുവെക്കുന്ന ഈ പ്രക്രിയ വഴി, യാതൊരു പരസഹായവും കൂടാതെ തന്നെ ജീവികൾക്ക് പരിണാമം സംഭവിക്കുന്നു. ഉദാഹരണത്തിന്, ഒരു ഘടികാര നിർമാതാവ് തന്റെ ഘടികാരം നിർമിക്കുന്നതിന് മുൻപ് വളരെ വലിയ ആസൂത്രണം നടത്തുന്നു. എന്നാൽ യാതൊരു ആസൂത്രണവും കൂടാതെത്തന്നെ പ്രകൃതിനിർദ്ധാരണം കുരങ്ങിനെ മനുഷ്യനാക്കി മാറ്റുന്നു.

## ഡാർവിൻ മുന്നോട്ടുവെക്കുന്ന പരിണാമചരിത്രം

ഒറിജിൻ ഓഫ് സ്പീഷീസ് (Origin of Species) എന്ന തന്റെ ഗ്രന്ഥത്തിലൂടെ ഡാർവിൻ പ്രകൃതിനിർദ്ധാരണത്തെപ്പറ്റി വ്യക്തമായി വിശദീകരിക്കുന്നുണ്ട്. 1859 ൽ പ്രസിദ്ധീകരിക്കപ്പെട്ട ഈ ഗ്രന്ഥം വലിയ വിവാദങ്ങൾക്കു തിരികൊളുത്തി. തെക്കേ അമേരിക്കയിൽ താൻ നടത്തിയ പര്യടനത്തിനിടെ കണ്ടെത്തിയ ചില കാര്യങ്ങളെ ആസ്പദമാക്കിയാണ് ഡാർവിൻ ഈ ഗ്രന്ഥം തയ്യാറാക്കിയത്. വംശനാശം സംഭവിച്ച ചില ജീവികളുടെ ഫോസിലുകൾ അദ്ദേഹം അവിടെ നിന്നും ശേഖരിക്കുകയും, നിലവിലുള്ള ചില ജീവികളുമായി അവയ്ക്ക് ചില സാദൃശ്യങ്ങളുണ്ടെന്നു മനസിലാക്കുകയും ചെയ്തു. കൂടാതെ, നിലവിലുള്ള ജീവികൾക്കിടയിൽ തന്നെ പല സാദൃശ്യങ്ങളും അദ്ദേഹം ശ്രദ്ധിക്കുകയുണ്ടായി. ഈ കണ്ടെത്തലുകളാണ് ഡാർവിനെ ചില ചോദ്യങ്ങളിലേക്ക് നയിച്ചത്:

**എന്തുകൊണ്ട് ജീവികൾക്ക് വംശനാശം സംഭവിക്കുന്നു?**

ജീവിച്ചിരിക്കുന്നതും വംശനാശം സംഭവിച്ചതുമായ ചില ജീവിവർഗങ്ങൾക്കിടയിലും, ജീവിച്ചിരിക്കുന്നവയ്ക്കിടയിൽ തന്നെയുമുള്ള സാദൃശ്യത്തിനു കാരണമെന്താണ്?

ഡാർവിനു മുൻപ് തന്നെ പരിണാമമെന്ന ആശയം നിലവിലുണ്ടായിരുന്നെങ്കിലും പരിണാമത്തിന്റെ പ്രക്രിയ എങ്ങനെ സംഭവിച്ചു എന്ന കാര്യം അജ്ഞാതമായിരുന്നു. ഈ പ്രക്രിയയെ വിശദീകരിക്കാനാണ് ഡാർവിൻ പ്രകൃതിനിർദ്ധാരണമെന്ന ആശയം അവതരിപ്പിക്കുന്നത്.

സമയത്തിന്റെ ആരംഭം മുതൽ തുടങ്ങി ഇന്നും നടന്നുകൊണ്ടിരിക്കുന്ന ഒന്നാണ് പരിണാമമെന്നാണ് ഡാർവിൻ കണ്ടെത്തിയത്. നാൽപ്പതു കോടി വർഷങ്ങൾക്ക് മുൻപ് കടലിൽ ജീവിച്ചിരുന്ന ഒരു മത്സ്യത്തിൽ നിന്നും ആരംഭിച്ച പരിണാമമാണ് ഇന്ന് മനുഷ്യന്റെ രൂപത്തിലെത്തി നിൽക്കുന്നതെന്ന് പ്രകൃതിനിർദ്ധാരണം അനുമാനിക്കുന്നു. എല്ലുകൾ നിറഞ്ഞ ചിറകുകളുടെ സഹായത്തോടെ ആ മൽസ്യം കടൽകടന്ന് കരയിലേക്ക് കയറുകയും അവിടെ അതിജീവനം നടത്തുകയും ചെയ്തു. മുപ്പത്തിയേഴുകോടി വർഷങ്ങൾക്കു മുൻപ് ഭൂമിയിൽ ജീവിച്ചിരുന്ന നട്ടെല്ലുള്ള ഉഭയജീവികളുടെയും, ഉരഗങ്ങളും, പക്ഷികളുടേയുമെല്ലാം പൂർവികനായാണ് ഈ മൽസ്യം കണക്കാക്കപ്പെടുന്നത്. ചില ഉരഗങ്ങളുടെ മുൻകാലുകൾ പതിയെ ചിറകുകളായി തീരുകയും അവ പക്ഷികളായി പരിണമിക്കുകയും ചെയ്തു വത്രേ. മറ്റു ചില ഉരഗങ്ങൾ പരിണമിച്ചു സസ്തനികളായി മാറി. ഈ മുൻകാലുകൾ മനുഷ്യനിൽ കൈകളായി പരിണമിച്ചപ്പോൾ തിമിംഗലങ്ങളിലാവട്ടെ അവ പാടെ അപ്രത്യക്ഷമായി.

പിന്നീട് മൂന്നരക്കോടി വർഷങ്ങൾക്കു മുൻപ് വാലില്ലാകുരങ്ങുകൾ (Apes) ജന്മമെടുക്കുകയും മരങ്ങളിൽ ജീവിച്ചുപോരുകയും ചെയ്തു. എന്നാൽ, ചില അജ്ഞാത കാരണങ്ങളാൽ അമ്പതു ലക്ഷം വർഷങ്ങൾക്കു മുൻപ് ഒരു കൂട്ടം വാലില്ലാകുരങ്ങുകൾ വനത്തിൽ നിന്നും പുറത്താക്കപ്പെടുകയുണ്ടായി. കാലക്രമേണ, ഇവ നിവർന്നു നടക്കാൻ പഠിക്കുകയും മനുഷ്യനായി മാറുകയും ചെയ്തു.

## ഇസ്‌ലാമും പ്രകൃതിനിർദ്ധാരണവും

'ഘട്ടം ഘട്ടമായി സൃഷ്ടിക്കുന്നവൻ' എന്നത് ദൈവത്തിന്റെ വിശേഷണങ്ങളിൽ ഒന്നാണെന്ന് വിശുദ്ധ ഖുർആൻ പറയുന്നു. മനുഷ്യനും ഘട്ടം ഘട്ടമായി തന്നെയാണ് സൃഷ്ടി

ക്കപ്പെട്ടത്. ആ ഘട്ടങ്ങളെപ്പറ്റിയുള്ള സമഗ്രമായ വിശദീകരണം ഖുർആൻ നല്കുന്നില്ലെങ്കിലും, മനുഷ്യപരിണാമത്തിലെ നാലു തലങ്ങളിലേക്ക് അത് വിരൽ ചൂണ്ടുന്നു. ആദ്യഘട്ടത്തിൽ, മനുഷ്യൻ ജീവനില്ലാത്ത ഒരു വസ്തു മാത്രമായിരുന്നു. രണ്ടാമത്തെ ഘട്ടത്തിൽ, മനുഷ്യൻ ബാഹ്യമായി മനുഷ്യനായിരുന്നുവെങ്കിലും ആന്തരികമായി ഭാഷയോ, അഭിപ്രായങ്ങളോ, യുക്തിയോ ഇല്ലാത്ത മൃഗതുല്യൻ മാത്രമായിരുന്നു. മൂന്നാമത്തെ ഘട്ടത്തിൽ, അവൻ ചിന്താശേഷി നേടിയെടുക്കുകയും, അവസാനഘട്ടത്തിൽ സമൂഹമായി ജീവിക്കാൻ പഠിക്കുകയും ചെയ്തു. വെറുമൊരു വസ്തുവിൽ നിന്ന് വിവേകമുള്ള മനുഷ്യനിലേക്കുള്ള പരിണാമത്തെ പറ്റിയാണ് വിശുദ്ധ ഖുർആൻ ചർച്ച ചെയ്യുന്നതെന്ന് ഇവിടെ നിന്ന് വ്യക്തമാണ്. എന്നിരുന്നാലും, ഈ പരിണാമം നടന്നത് ദൈവീക മാർഗനിർദ്ദേശത്തിലൂടെ ആയിരുന്നു.

അന്ധമായ പ്രകൃതിനിർദ്ധാരണത്തെയും, കുരങ്ങിനെയും മനുഷ്യനെയും ഒരേ പരിണാമശ്രേണിയിൽ അവതരിപ്പിക്കുന്നതിനെയും വിശുദ്ധ ഖുർആൻ എതിർക്കുന്നു. മനുഷ്യനും മൃഗവും തമ്മിലുള്ള മാനസികവും സാമൂഹികവുമായ അന്തരം ഉയർത്തുന്ന പ്രശ്നവും ഇവിടെ ചർച്ച ചെയ്യേണ്ടതുണ്ട്.

സൃഷ്ടിപ്പിന്റെ ഓരോ ഘട്ടത്തിലും മനഃപൂർവമുള്ള തിരഞ്ഞെടുക്കലുകൾ നടത്തപ്പെട്ടിട്ടുണ്ട് എന്നു ഖുർആൻ വ്യക്തമാക്കുന്നു. ഈ തിരഞ്ഞെടുപ്പുകളെ നയിക്കുന്നത് അന്ധമായ പ്രകൃതിനിർദ്ധാരണമല്ല, മറിച്ചു സർവ്വജ്ഞാനിയായ ദൈവമാകുന്നു. പ്രപഞ്ചത്തെ സൃഷ്ടിക്കുക മാത്രമല്ല അവൻ ചെയ്തത്. ഏതെല്ലാം ജീവികൾ നശിക്കണമെന്നും അതിജീവിക്കണമെന്നുമെല്ലാം തീരുമാനിക്കുന്നതും നടപ്പിലാക്കുന്നതും അവൻ തന്നെയാണ്. ജീവികളുടെ സൃഷ്ടിപ്പും പരിപാലനവും ദൈവേച്ഛയെ മാത്രമാണ് ആശ്രയിക്കുന്നത്. ആകസ്മികമായി നടന്ന കോടാനുകോടി പരിണാമഘട്ടങ്ങളുടെ ഫലം മാത്രമാണ് മനുഷ്യൻ എന്നാണ് പ്രകൃതിനിർദ്ധാരണത്തിന്റെ വാദം. പ്രപഞ്ചത്തിൽ മനുഷ്യന് പ്രത്യേകമായി ഒരു ലക്ഷ്യവും ഇല്ലത്രെ. അവന്റെ നിലനിൽപ്പ് ആകസ്മികം മാത്രമാണ്.

പ്രപഞ്ചസൃഷ്ടിപ്പിന്റെ പരമപ്രധാനമായ ഉദ്ദേശ്യം തന്നെ മനുഷ്യന്റെ സൃഷ്ടിപ്പായിരുന്നുവെന്ന ഖുർആനികജ്ഞാനത്തിനു തികച്ചും വിരുദ്ധമാണ് മേൽപറഞ്ഞ വാദം.

## പ്രകൃതിനിർദ്ധാരണത്തെ വിശകലനം ചെയ്യുമ്പോൾ

### സങ്കീർണത: ഉൾപരിവർത്തനവും ദൈവീക നിയന്ത്രണവും

കുഞ്ഞുങ്ങൾ തങ്ങളുടെ മാതാപിതാക്കളിൽ നിന്നും ചിലപ്പോൾ വ്യത്യസ്തരായിരിക്കുമെന്നതാണ് പ്രകൃതിനിർദ്ധാരണത്തിന്റെ പ്രാഥമിക തത്വങ്ങളിലൊന്ന്. ഉദാഹരണത്തിന്, ഒരു മഞ്ഞ ചിത്രശലഭം കറുത്ത കുഞ്ഞിന് ജന്മം നൽകിയേക്കാം. ഇത്തരത്തിലുള്ള മാറ്റങ്ങളും ഉൾപരിവർത്തനങ്ങളും അപൂർവമായാണെങ്കിൽ പോലും എല്ലാ ജീവികളിലും സംഭവിക്കാറുണ്ട്. ഈ മാറ്റങ്ങളുടെ ശൃംഖല കാലക്രമേണ ഒരു പുതിയ ജീവിവർഗത്തിന് തന്നെ രൂപം നൽകുന്നു. എല്ലാ ജീവികളും ഈ ഉൾപരിവർത്തനത്തിനു വിധേയമായി സങ്കീർണമായ ജീവനായി പതിയെ പരിണമിക്കുന്നുവെന്ന് അത് സ്ഥാപിക്കുന്നു.

പ്രകൃതിനിർദ്ധാരണമാണ് പരിണാമത്തെ നയിക്കുന്നത് എന്നതിനോട് വിശുദ്ധ ഖുർആൻ ശക്തമായി വിയോജിക്കുന്നു. പരിണാമം ദൈവേച്ഛയാലാണ് നയിക്കപ്പെടുന്നതെന്നും, അത് ആകസ്മികമല്ലെന്നും അല്ലാഹു വിശുദ്ധ ഖുർആനിലൂടെ പറയുന്നു. പ്രകൃതിയാണ് പരിണാമത്തെ നിയന്ത്രിച്ചിരുന്നതെങ്കിൽ, വർഷങ്ങൾക്കു മുൻപ് തന്നെ ജീവൻ നശിച്ചുപോയിരിക്കാനുള്ള സാധ്യത വളരെ വലുതാണ്. ആകസ്മികമായ പരിവർത്തനം, ജീവനില്ലാത്ത അനേകായിരം അനന്തരഫലങ്ങൾ നൽകിയേനെ.

മനുഷ്യനുൾപ്പടെയുള്ള എല്ലാ ജീവജാലങ്ങളും പരിണമിച്ചുണ്ടായത് ഏകകോശത്തിൽ നിന്നാണെന്നാണ് പ്രകൃതിനിർദ്ധാരണം പറയുന്നത്. ആ ഒരു കോശം പരിണമിച്ചുകൊണ്ട്, മനുഷ്യശരീരത്തിലെ അനേകായിരം സങ്കീർണതയാർന്ന പ്രക്രിയകൾ നയിക്കുന്ന കോടാനുകോടി കോശങ്ങളായി മാറുകയുണ്ടായി. ഒരു കോശം ആകസ്മികതയുടെ ചിറകിലേറി അനേകായിരം അതിസങ്കീർണവും സവിശേഷവുമായ കോശങ്ങളായി മാറുന്നതിനുള്ള സാധ്യത എത്രയാണ്? വളരെ വളരെ ചെറുതാണെന്ന് തന്നെ പറയാം.

കോശങ്ങളുടെ ഈ അവിശ്വസനീയമായ പരിണാമയാത്രക്ക് ഒരു വഴികാട്ടിയുടെയോ സ്രഷ്ടാവിന്റെയോ സഹായം തീർച്ചയായും ആവശ്യമുണ്ട്. ഒരു മാർഗദർശി ഇല്ലായിരുന്നുവെങ്കിൽ, കോശങ്ങൾ സ്വയം വിഘടിച്ചു നശിച്ചു പോയേനെ. മുൻകൂട്ടിയൊരുക്കിയ ഒരു പദ്ധതിയില്ലാതെ നടക്കുന്ന കോശപരിണാമം, ഒന്നുകിൽ ഇടക്ക് വെച്ചു നിന്ന് പോവുകയോ അതല്ലെങ്കിൽ കോശത്തിന്റെ പ്രാഥമികാവസ്ഥയിലേക്ക് തന്നെ അതിനെ തിരിച്ചു നടത്തിക്കുകയോ ചെയ്തേക്കാനുള്ള സാധ്യത വലുതാണെന്നു പല ശാസ്ത്രജ്ഞരും അംഗീകരിക്കുന്നു.

ആകാശങ്ങളെയും ഭൂമിയെയും ഘട്ടം ഘട്ടമായി അല്ലാഹു സൃഷ്ടിച്ചുവെന്ന് വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു. ജീവനെ സൃഷ്ടിക്കുന്നതും പരിപോഷിപ്പിക്കുന്നതും നിലനിർത്തുന്നതും, എല്ലാ ചരാചരങ്ങളിലും സന്തുലനവും വൈവിധ്യവും ഉറപ്പുവരുത്തുന്നതും അവൻ തന്നെയാണ്. ഇവയിലേക്കെല്ലാം വെറും ആകസ്മികമായ തിരഞ്ഞെടുപ്പുകളിലൂടെ എത്തിച്ചേരുക സാധ്യമല്ല. മണ്ണിൽ നിന്നും ജലത്തിൽ നിന്നും പതിയെ, വരണ്ടതും മുട്ടിയാൽ മുഴങ്ങുന്നതുമായ കളിമണ്ണ് രൂപപ്പെടുകയും, അവയിൽ നിന്ന് ജീവൻ അങ്കുരിക്കുകയും

ചെയ്തുവെന്നാണ് വിശുദ്ധ ഖുർആൻ അവതരിപ്പിക്കുന്ന പരിണാമസിദ്ധാന്തം പറയുന്നത്.

ആകസ്മികമായ ഉൾപരിവർത്തനങ്ങൾ വിസ്മയകരമായ സൃഷ്ടികളിലേക്ക് നയിക്കുന്നുവെന്നതാണ് പ്രകൃതിനിർദ്ധാരണത്തിന്റെ ഒരു രസകരമായ സവിശേഷത. ആകസ്മികമായ ഉൾപരിവർത്തനങ്ങളുടെ സഹായത്തോടെ സംസാരിക്കാനോ ചിന്തിക്കാനോ ശേഷിയില്ലാത്ത ഒരു കുരങ്ങ്, ഭാഷയും വിവേകവും കൈകാര്യം ചെയ്യുന്ന മനുഷ്യനായി പരിണമിക്കുന്നു. പുരോഗതിയുടെ ദിശയിലേക്ക് മാത്രമാണ് പ്രകൃതിനിർദ്ധാരണം സഞ്ചരിക്കുന്നതെന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു. ഇത്തരത്തിലുള്ള ഒരു പുരോഗതിയെ ആകസ്മികമെന്നു വിധിയെഴുതുന്നത്, കമ്പ്യൂട്ടർ കീബോർഡിൽ ഒരു കുരങ്ങ് ഏതൊക്കെയോ ബട്ടണുകൾ അമർത്തുമ്പോൾ അത് ഒരു ഷേക്സ്പിയറൻ നാടകത്തിന്റെ തിരക്കഥയായി മാറുമെന്ന് കരുതുന്നത് പോലെയാണ്.

ഒരു ജീവിവർഗത്തിന്റെ നിലനിൽപ്പ് അപകടത്തിലാവുമ്പോഴെല്ലാം, അതിന്റെ അതിജീവനം ഉറപ്പുവരുത്തുന്ന ഒരു മാറ്റം ആ ജീവിയിൽ സംഭവിക്കുന്നു എന്നതാണ് മറ്റൊരു ആശ്ചര്യകരമായ കാര്യം. ഉദാഹരണത്തിന്, ശത്രുവിനെ കബളിപ്പിക്കാനായി പച്ചിലകളിൽ മറഞ്ഞിരിക്കുന്ന പച്ച ചിത്രശലഭങ്ങളുടെ കാര്യം നോക്കുക. അടുത്തുള്ള കൽക്കരി ഫാക്ടറികളിൽ നിന്നുള്ള മലിനീകരണം കാരണം മരത്തിന്റെ ഇലകളെല്ലാം കറുത്തുപോയതിനാൽ പച്ച ശലഭങ്ങൾക്ക് മറഞ്ഞിരിക്കാൻ പ്രയാസം നേരിട്ടു. അങ്ങനെയിരിക്കെ, ഒരു ശലഭം ഒരു കറുത്ത കുഞ്ഞിന് ജന്മം നൽകുകയും കാലക്രമേണ അവയുടെ എണ്ണം വർധിക്കുകയും ചെയ്തു. മലിനീകരണത്താൽ പച്ച ശലഭങ്ങളെല്ലാം ഭൂമിയിൽ നിന്ന് ഇല്ലാതായപ്പോൾ, കറുത്ത ശലഭങ്ങൾ അതിജീവിച്ചു. ഇങ്ങനെയാണ് ആകസ്മികമായ ഉൾപരിവർത്തനം ഒരു ജീവിവർഗ്ഗത്തെ അതിജീവനത്തിനു സഹായിക്കുന്നത്.

ഉന്നതശ്രേണിയിലുള്ള പല ജീവികളുടെ സൃഷ്ടിപ്പിനും നിലനില്പിനുമെല്ലാം ഇത്തരത്തിലുള്ള ലക്ഷക്കണക്കിന് ആകസ്മികമായ ഉൾപരിവർത്തനങ്ങളാണ് സഹായകമായത് എന്നാണ് പ്രകൃതിനിർദ്ധാരണം വാദിക്കുന്നത്. ശ്രദ്ധേയമായ കാര്യമെന്തെന്നാൽ, തികച്ചും കാലോചിതമായ കോടിക്കണക്കിനു ആകസ്മികമായ പരിവർത്തനങ്ങളാണ് ഇക്കാലമത്രെയും പല ജീവികളെയും വംശനാശം സംഭവിക്കാതെ പിടിച്ചുനിർത്തിയത്.

ഈ കോടാനുകോടി ഉൾപരിവർത്തനങ്ങളിൽ ഒന്ന് അല്പം മാറിയിരുന്നെങ്കിൽ മനുഷ്യവർഗം തന്നെ ജന്മമെടുക്കില്ലായിരുന്നു. മറ്റു സസ്തനികൾ ഇന്നും ഭൂമി ഭരിച്ചേനെ. ചിലപ്പോൾ ഉൾപരിവർത്തനങ്ങളിലെ ഒരു തെറ്റായ കാൽവെപ്പ്, ജീവൻ നിലനിൽക്കാനുള്ള സാധ്യത പോലും ഇല്ലാതാക്കുമായിരുന്നു. എന്നിരുന്നാലും, ഇത്തരം വെല്ലുവിളികളെയെല്ലാം മറികടന്നുകൊണ്ട് ജീവൻ അതിന്റെ വൈവിധ്യങ്ങളിലേക്കും സങ്കീർണതകളിലേക്കും ആശ്ചര്യകരമായ രീതിയിൽ സഞ്ചരിച്ചുവെന്ന് പ്രകൃതിനിർദ്ധാരണം വ്യക്തമാകുന്നു.

ഉൾപരിവർത്തനങ്ങളാൽ നയിക്കപ്പെട്ട യാദൃശ്ചികതയുടെ ഒരു ശൃംഖലയാണ് ഇതിനെല്ലാം കാരണമെന്ന് ശാസ്ത്രജ്ഞർ വിലയിരുത്തുന്നു. എന്നാൽ, ഫ്രെഡ് ഹോൾ (Fred Hoyle) എന്ന ശാസ്ത്രഞ്ജന്റെ അഭിപ്രായത്തിൽ ഈ യാദൃശ്ചിക സംഭവങ്ങൾ അസാധ്യമാണ്. ഒരു ആക്രിക്കടയിലേക്ക് ആഞ്ഞടിക്കുന്ന ചുഴലിക്കാറ്റ് അവിടെയുള്ള പാഴ് വസ്തുക്കളെയെല്ലാം ഒരുമിച്ചു കൂട്ടി ഒരു വിമാനം രൂപപ്പെടുത്തിയെടുക്കാനുള്ള സാധ്യതയോടാണ് അദ്ദേഹം പ്രകൃതിനിർദ്ധാരണത്തെ ഉപമിച്ചിരിക്കുന്നത്.

സ്വയം പ്രവർത്തിക്കുന്ന പ്രകൃതിനിർദ്ധാരണം അവിചാരിതമായ ഉൾപരിവർത്തനങ്ങൾ കൊണ്ടുവന്നേക്കാം. എന്നിരുന്നാലും, ജീവികളിൽ ഈ ഉൾപരിവർത്തനങ്ങൾ സമയോചിതമായി നടന്നുവെന്ന് മാത്രമല്ല, ആ മാറ്റങ്ങൾ അവയുടെ അതിജീവനത്തിനാവശ്യമായവ തന്നെയായിരുന്നു. ഒരു സമയോചിതമായ ഉൾപരിവർത്തനത്തെ യാദൃശ്ചികതയ്ക്കു വിട്ടു കൊടുത്താൽ പോലും, കോടിക്കണക്കിനു വർഷങ്ങളായി നിരന്തരമായും സമയോചിതമായും നടന്നുകൊണ്ടിരിക്കുന്ന ഇത്തരം ലക്ഷക്കണക്കിന് ഉൾപരിവർത്തനങ്ങളെ യാദൃശ്ചികതക്ക് വിട്ടുകൊടുക്കുക സാധ്യമല്ല. അത്തരത്തിലുള്ള ഒരു പരിണാമശ്രേണിക്ക് ഒരു മേൽനോട്ടക്കാരൻ അത്യന്താപേക്ഷിതമാണ്. അല്ലായിരുന്നുവെങ്കിൽ, ജീവിവർഗങ്ങളുടെ നാശത്തിനുള്ള സാധ്യത വളരെ വലുതാണ്.

വിശുദ്ധ ഖുർആനനുസരിച്ചു, ജീവികളുടെ അതിജീവനത്തിൽ യാദൃശ്ചികതയ്ക്കു യാതൊരു പങ്കുമില്ല. മനുഷ്യനുൾപ്പടെയുള്ള എല്ലാ ജീവികളും തങ്ങളെ നിരന്തരം ചുറ്റിപ്പറ്റിയിരിക്കുന്ന വംശനാശമെന്ന വെല്ലുവിളിയിൽ നിന്ന് മുഴുവൻ നേരവും സുരക്ഷിതരാണ്. ജീവന്റെ ചരിത്രത്തിലുടനീളം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന, വ്യക്തമായി തയ്യാറാക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും നടപ്പിലാക്കപ്പെടുകയും ചെയ്യപ്പെട്ടിട്ടുള്ള ഒരു സുരക്ഷാ രൂപരേഖയാണ് അത് സാധ്യമാക്കുന്നത്.

ഉൾപരിവർത്തനങ്ങൾ ജീവികളിൽ സംഭവിക്കുന്നുണ്ടെങ്കിലും അവയല്ല പരിണാമത്തെ നയിക്കുന്നത്. ഉൾപരിവർത്തനമാണ് പരിണാമത്തെ നിയന്ത്രിച്ചിരുന്നതെങ്കിൽ, എന്തുകൊണ്ടാണ് ധ്രുവങ്ങളിൽ ജീവിക്കുന്ന ഹിമക്കരടികളെല്ലാം വെളുത്തിരിക്കുന്നത്? ഏതെങ്കിലും കാലത്തു ഏതെങ്കിലുമൊരു ഹിമക്കരടി മഞ്ഞയോ കറുപ്പോ നീലയോ നിറമുള്ള കരടിക്കുഞ്ഞിന് ജന്മം നല്കിയതായുള്ള യാതൊരു തെളിവും ഇന്നേവരെ കണ്ടെത്തിയിട്ടില്ല. ഡാർവിനിയൻ സിദ്ധാന്തമനുസരിച്ചു നോക്കുമ്പോൾ, പല വലിപ്പത്തിലും രൂപത്തിലുമുള്ള ഹിമക്കരടികൾ ധ്രു

വങ്ങളിൽ കാണപ്പെടേണ്ടതുണ്ട്. എന്നാൽ, ഫോസിലുകൾ സംരക്ഷിക്കാൻ പ്രാപ്യമായ കാലാവസ്ഥയുള്ള ധ്രുവങ്ങളിൽ മറ്റുള്ളവയിൽ നിന്ന് വ്യത്യസ്തമായ ഒരു കരടിയെ പോലും കണ്ടെത്താനായിട്ടില്ല.

ഉൾപരിവർത്തനത്തിന്റെ സഹായത്താൽ വിശദീകരിക്കാവുന്നതിലുമപ്പുറം പരിണാമം പരന്നുകിടക്കുന്നുവെന്ന് പ്രകൃതി വ്യക്തമാക്കുന്നു. ഉദാഹരണത്തിന്, തെക്കേ അമേരിക്കയിലും ആഫ്രിക്കയിലും കാണപ്പെടുന്ന രണ്ടു വൈദ്യുത മൽസ്യഗണങ്ങൾ യാതൊരു ബന്ധവുമില്ലാത്ത രണ്ടു ഭൂപ്രദേശങ്ങളിലായിരുന്നിട്ടു പോലും ഒരേ തരത്തിലുള്ള വൈദ്യുത സ്വഭാവം കാണിക്കുന്നത് എന്തുകൊണ്ടാണ്? അവയുടെ രണ്ടിന്റെയും സ്രഷ്ടാവ് ഒരാളാണെന്നതാണ് ഒരു ഉത്തരം. മറ്റൊരു ഉത്തരം നൽകുന്നത് പ്രകൃതിനിർദ്ധാരണത്തിന്റെ വക്താവായ റിച്ചാർഡ് ഡോക്കിൻസ് (Richard Dawkins) ആണ്. നിലനില്പിനാവശ്യമായ വ്യസ്തമായ രണ്ടു പ്രശ്നങ്ങൾ ആ മൽസ്യങ്ങൾ അഭിമുഖീകരിച്ചപ്പോൾ അവ രണ്ടും സമാനമായ പരിഹാരം (വൈദ്യുതി) കണ്ടെത്തുകയുണ്ടായി എന്ന ആശ്ചര്യകരമായ ഉത്തരമാണ് അദ്ദേഹം നൽകുന്നത്. യാതൊരു പദ്ധതിയോ മാതൃകയോ വൈദ്യുതിയുടെ പ്രവർത്തനത്തെപ്പറ്റിയുള്ള അറിവോ ഇല്ലാതെ ഈ സങ്കീർണമായ ജീവഗണം സമുദ്രത്തിൽ രൂപപ്പെട്ടത് കാണുമ്പോൾ, തന്റെ വയറ്റിൽ അബദ്ധത്തിൽ രൂപം കൊണ്ട വൈദ്യുതിയെ നോക്കി ഞെട്ടിയിരിക്കുന്ന ഒരു സാധാരണ മത്സ്യത്തിന്റെ അവസ്ഥയെപ്പറ്റി സങ്കൽപ്പിക്കാൻ മാത്രമേ നമുക്ക് സാധിക്കൂ.

### ജീവന്റെ ഉൽപ്പത്തി: യാദൃശ്ചികമോ ആസൂത്രിതമോ?

എങ്ങനെയാണ് ഭൂമിയിൽ ജീവൻ രൂപം കൊണ്ടത്? ചില അജൈവ വസ്തുക്കൾ (Inorganic materials) യാദൃശ്ചികമായി കൂടിച്ചേർന്നുകൊണ്ട് ജൈവവസ്തുക്കൾ (Organic materials) രൂപം കൊള്ളുകയും (പ്രോട്ടീൻ (Protein) പോലുള്ളവ), അവ കൂടുതൽ ആകസ്മിക സംഭവങ്ങളിലൂടെ ഡിഎൻഎയും ആർഎൻഎയുമായി (DNA and RNA) മാറുകയും ചെയ്തുവെന്ന് വിശ്വസിക്കാനാണ് പ്രകൃതിനിർദ്ധാരണത്തിനു താല്പര്യം. അങ്ങനെയുള്ള അനേകായിരം ആകസ്മികമായ രാസപ്രവർത്തനങ്ങൾ ഒടുവിൽ ജീവൻ ഉത്പാദിപ്പിച്ചു. ഈ വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ പ്രകൃതിനിർദ്ധാരണം രണ്ടു വെല്ലുവിളികൾ നേരിടുന്നതായി നമുക്ക് കാണാം. അനിയന്ത്രിതമായ പരിതസ്ഥിതിയിൽ എങ്ങനെ അജൈവവസ്തുക്കളിൽ നിന്ന് ജൈവവസ്തുക്കൾ രൂപംകൊള്ളുമെന്നതാണ് ആദ്യത്തെ പ്രശ്നം. ജീവന്റെ അടിസ്ഥാനമായ സങ്കീർണ്ണതയാർന്ന ഡിഎൻഎയും ആർഎൻഎയും ജൈവവസ്തുക്കളിൽ നിന്ന് എങ്ങനെ പരിണമിച്ചുണ്ടായി എന്നതാണ് രണ്ടാമത്തെ പ്രശ്നം. അജൈവവസ്തുക്കളിൽ നിന്നും രാസപ്രവർത്തനങ്ങൾ വഴി ജൈവവസ്തുക്കൾ ഉൽപ്പാദിപ്പിക്കാമെന്ന് പരീക്ഷണശാലകളിലെ പരിതസ്ഥിതിയിൽ തെളിയിക്കപ്പെട്ടതാണ്. എന്നാൽ, നിയന്ത്രിതമായ പരിതസ്ഥിതിയിൽ ശാസ്ത്രജ്ഞരുടെ മേൽനോട്ടത്തിലാണ് ഈ നേട്ടം കൈവരിച്ചത്. പരീക്ഷണശാലയിൽ ഈ രീതിയിൽ ജൈവവസ്തുക്കൾ നിർമിക്കാൻ കൃത്യതയാർന്ന നിയന്ത്രണവും മേൽനോട്ടവും വേണമെന്നിരിക്കെ, ഭൂമിയിൽ ജീവന്റെ അടിസ്ഥാനകങ്ങൾ സൃഷ്ടിക്കപ്പെടുമ്പോൾ അതിനു മേൽനോട്ടത്തിന്റെ ആവശ്യകതയില്ലായെന്നു പറയുന്നതിലെ യുക്തിയെന്താണ്.

പലതരം അജൈവവസ്തുക്കൾ ശെരിയായ അളവിൽ സ്വയം കൂടിച്ചേർന്നു ജൈവവസ്തുക്കൾ രൂപമെടുക്കാനുള്ള സാധ്യത എത്രമാത്രമുണ്ട്? ഇങ്ങനെയൊരു പ്രവർത്തനം നടക്കണമെങ്കിൽ, അന്തരീക്ഷം ഓക്സിജൻ രഹിതമായിരിക്കേണ്ടതുണ്ട്. ഈ പ്രവർത്തനം ഭൂമിയിൽ നടന്നപ്പോൾ ഭൂമി ഓക്സിജൻരഹിതമായിരുന്നു എന്ന് തന്നെയാണ് പുതിയ കണ്ടെത്തലുകൾ സൂചിപ്പിക്കുന്നത്. പിന്നീടാണ്, ജീവൻ നിലനിർത്താൻ ആവശ്യമായ രീതിയിൽ അന്തരീക്ഷം ഓക്സിജനാൽ സമ്പന്നമായത്. ഇങ്ങനെ മാറിക്കൊണ്ടിരിക്കുന്ന അന്തരീക്ഷത്തിൽ യാതൊരു മേൽനോട്ടവും കൂടാതെ സമയോചിതമായ രാസപ്രവർത്തനങ്ങളുടെ ഫലമായി ജീവന്റെ ആദ്യകണികകൾ രൂപമെടുത്തു എന്ന് പറയുമ്പോൾ, അതിനെ വെറും ആകസ്മികമെന്ന് എഴുതിത്തള്ളാനാവില്ല.

ജൈവവസ്തുക്കൾ എങ്ങനെ സങ്കീർണമാർന്ന ഡിഎൻഎയും ആർഎൻഎയുമായി പരിണമിച്ചുവെന്നു വിശദീകരിക്കലാണ് ശാസ്ത്രജ്ഞർ നേരിടുന്ന മറ്റൊരു വെല്ലുവിളി. ആകസ്മികമായാണ് ഈ പരിണാമവും സംഭവിച്ചതെന്നാണ് പ്രകൃതിനിർദ്ധാരണത്തിന്റെ പക്ഷം.

ഇത്തരം ആകസ്മികതകളിൽ നിന്ന് ജീവൻ അങ്കുരിക്കാനുള്ള സാധ്യതയെ ഒരു അച്ചടിശാലയിലെ പൊട്ടിത്തെറിയിൽ നിന്നും ഒരു നിഘണ്ടു രൂപം കൊള്ളാനുള്ള സാധ്യതയുമായി താരതമ്യപ്പെടുത്താനാണ് പ്രിൻസ്ടൺ യൂണിവേഴ്സിറ്റിയിലെ ജീവശാസ്ത്രജ്ഞനായ എഡ്വിൻ കോൺക്ലിനു (Edwin Conklin) താല്പര്യം. ആകസ്മികതയിൽ നിന്നുള്ള ജീവന്റെ ഉത്ഭവത്തേക്കാളേറെ വിശ്വസനീയം ആദമിന്റെയും ഹവായുടെയും ഉൽപ്പത്തി കഥയാണെന്നാണ് ബ്രിട്ടീഷ് ശാസ്ത്രജ്ഞനായ ജെ ഡി ബെർണാലിന്റെ (J.D. Bernal) പക്ഷം. മറ്റൊരു രീതിയിൽ പറഞ്ഞാൽ, ജീവോൽപ്പത്തിയെപ്പറ്റിയുള്ള ബൈബിൾ കഥയാണ് ആകസ്മികതയുടെ കഥയേക്കാൾ വിശ്വസനീയം.

ജീവൻ ഉല്പാദിപ്പിക്കാനാവശ്യമായ ഒരൊറ്റ പ്രോട്ടീൻ തന്മാത്ര (Protein molecule) രൂപമെടുക്കാൻ ആകസ്മികതയുടെ സഹായം തേടിയാൽ പോലും അതിനു 10^248 വർഷമെടുക്കുമെന്നാണ് (10 നു ശേഷം 247 പൂജ്യങ്ങളിട്ടാൽ കിട്ടുന്ന സംഖ്യ) മാനിറ്റോബ സർവകലാ

ശാലയിലെ ബയോഫിസിക്സ് അധ്യാപകനായ ഫ്രാങ്ക് അലൻ (Frank Allen) കണ്ടെത്തിയത്. ഈ കാലയളവ് പ്രപഞ്ചത്തിന്റെ പ്രായമായ 450 കോടി വർഷങ്ങളേക്കാൾ 235 മടങ്ങു വലുതാണ്. ഒരു പ്രോടീൻ കണികക്ക് ഇത്രയധികം സമയമെടുക്കുമെങ്കിൽ അതിൽ നിന്നും മനുഷ്യൻ രൂപമെടുക്കാൻ എത്ര കാലം കാത്തിരിക്കേണ്ടി വരും.

ഒരിക്കൽ അജൈവവസ്തു ജൈവവസ്തുവായി മാറിയാൽ, അവ അവയുടെ അടിസ്ഥാനരൂപത്തിലേക്ക് മടങ്ങിപ്പോവാതിരിക്കാനായി അതിനെ ഒരു വര അവസ്ഥയിൽ (dry state) നിലനിർത്തേണ്ടതുണ്ട് എന്നാണ് ആധുനിക ശാസ്ത്രത്തിന്റെ കണ്ടെത്തൽ. എന്നാൽ, ഈ കണ്ടെത്തലിനെ പറ്റി 1400 വർഷങ്ങൾക്കു മുൻപ് വിശുദ്ധ ഖുർആൻ പരാമർശിക്കുന്നതായി കാണാം. വിശുദ്ധ ഖുർആൻ പറയുന്നു:

'ജീവനുള്ള വസ്തുക്കളെ നാം വെള്ളത്തിൽ നിന്നുമുണ്ടാക്കുകയും ചെയ്തു. (21:31)'

വിശുദ്ധ ഖുർആൻ തുടർന്ന് പറയുന്നു:

'മുട്ടിയാൽ ശബ്ദിക്കുന്ന രൂപപ്പെടുത്തിയ കറുത്ത കളിമണ്ണിൽ നിന്നും നാം മനുഷ്യനെ സൃഷ്ടിച്ചു. (15:27)'

## മനുഷ്യപരിണാമത്തിലെ കാണാതെപോയ കണ്ണി

കുരങ്ങിലുണ്ടായ ഉൾപരിവർത്തനത്തിന്റെ ഫലമായാണ് മനുഷ്യനുണ്ടായതെന്നാണ് പ്രകൃതിനിർദ്ധാരണം വാദിക്കുന്നത്. കുരങ്ങും മനുഷ്യനും തമ്മിലുള്ള രൂപസാദൃശ്യത്തിലൂന്നിയാണ് പ്രകൃതിനിർദ്ധാരണം ഇത്തരത്തിലൊരു വാദം ഉന്നയിക്കുന്നത്. കാലങ്ങളായി നടക്കുന്ന ചെറിയ ചെറിയ മാറ്റങ്ങളാണ് പ്രകൃതിനിർദ്ധാരണമെന്നിരിക്കെ, മനുഷ്യനും കുരങ്ങുമായി സാദൃശ്യം പുലർത്തുന്ന പല ജീവികളെയും കണ്ടെത്തേണ്ടതായുണ്ട്. അല്ലെങ്കിൽ, മനുഷ്യനും കുരങ്ങും തമ്മിലുള്ള പെരുമാറ്റത്തിലെയും ബുദ്ധിവൈഭവത്തിലെയും വലിയ അന്തരം എങ്ങനെ വിശദീകരിക്കാൻ സാധിക്കും? ഏതു മേഖല എടുത്തു നോക്കിയാലും കുരങ്ങിനേക്കാൾ ലക്ഷക്കണക്കിന് മടങ്ങു സാമർഥ്യം മനുഷ്യനുണ്ടെന്ന് വ്യക്തമാകുന്നു.

മനുഷ്യനും മൃഗവും തമ്മിൽ നിലനിൽക്കുന്ന ഈ അന്തരം വിശദീകരിക്കാതെ പരിണാമത്തിന്റെ ഹേതുവായി ഉൾപരിവർത്തനത്തെ കണക്കാക്കാൻ സാധ്യമല്ല. പരിണാമത്തിന്റെ ഇടയിലുള്ള ഈ കണ്ണികൾക്കുള്ള തെളിവുകളെല്ലാം നശിച്ചുപോയിരിക്കാമെന്നാണ് പരിണാമവാദികളുടെ അഭിപ്രായം. കൂടുതൽ ഫോസിൽ ഗവേഷണങ്ങൾ ഇത്തരം തെളിവുകളെ പുറത്തു കൊണ്ടുവന്നേക്കാമെന്നും അവർ അഭിപ്രായപ്പെടുന്നു. എന്നാൽ ഇത്തരം തെളിവുകൾ നാളിതുവരെ കണ്ടെത്തിയിട്ടില്ല. മനുഷ്യന്റെ പരിണാമപാത മറ്റൊന്നായിരിക്കണമെന്നാണ് കുരങ്ങുമായി മനുഷ്യനുള്ള ഈ വലിയ അന്തരം വ്യക്തമാകുന്നത്. എല്ലാ ജീവജാലങ്ങളും ഒരൊറ്റ പൂർവികനിൽ നിന്നാണ് ഉണ്ടായതെന്ന പ്രകൃതിനിർദ്ധാരണത്തിന്റെ വാദത്തിനു എതിരാണ് മുകളിൽ പറഞ്ഞ വസ്തുതകൾ.

## ഒരു സ്രഷ്ടാവിന്റെ ആവശ്യകത

പ്രകൃതിനിർദ്ധാരണത്തെ ഒരു സ്രഷ്ടാവായി കണക്കാക്കാൻ സാധ്യമല്ല എന്നതാണ് മറ്റൊരു പ്രശ്നം. കാരണം, അത് സൃഷ്ടിക്കുന്നതിന് പകരം, നിലവിലുള്ള സൃഷ്ടികളിൽ പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. അതിനാൽ തന്നെ, അടിസ്ഥാനപരമായ മറ്റൊരു ചോദ്യത്തെക്കൂടി അതിനു അഭിമുഖീകരിക്കേണ്ടതുണ്ട്. ജീവന് അടിസ്ഥാനമിട്ട ഡിഎൻഎയ്ക്കും ആർഎൻഎയ്കും ജന്മം കൊടുത്ത അജൈവവസ്തുക്കൾ എങ്ങനെ രൂപം കൊണ്ടു? ഇത് വിശദീകരിക്കുന്നതിൽ പ്രകൃതിനിർദ്ധാരണം പരാജയപ്പെടുന്നു. ജീവന്റെ സൃഷ്ടിപ്പിന് ശേഷമുള്ള വളർച്ചയെ പറ്റി മാത്രമാണ് അത് വിശദീകരിക്കുന്നത്.

വമ്പിച്ച നേട്ടങ്ങൾ കൊയ്ത ആധുനിക ശാസ്ത്രമേഖലക്ക് ഇന്നേവരെ ഒരു ജീവനുള്ള പ്രകിണ്വത്തെയോ (Enzyme) കോശത്തെയോ (Cell) സൃഷ്ടിക്കാൻ സാധിച്ചിട്ടില്ല. ഒരു ആറ്റത്തെ പോലും സൃഷ്ടിക്കാൻ ആധുനിക ശാസ്ത്രത്തിന് കഴിഞ്ഞിട്ടില്ല. അതിനാൽ തന്നെ, കൂടുതൽ സങ്കീർണമായ ജീനുകളുടെയും (Genes) ക്രോമസോമുകളുടെയും (Chromosomes) സൃഷ്ടിപ്പിന് പിന്നിലുള്ള രഹസ്യത്തിന്റെ ഒരംശം മനസിലാക്കാൻ പോലും ശാസ്ത്രജ്ഞർ കിണഞ്ഞു പരിശ്രമിക്കേണ്ടി വരും.

## പരിസമാപ്തി

പരിണാമത്തിലൂടെ ജീവൻ ഉണ്ടായിയെന്നു തന്നെയാണ് വിശുദ്ധ ഖുർആൻ പറയുന്നത്. എന്നിരുന്നാലും, സൃഷ്ടിപ്പിലെ സന്തുലനവും സങ്കീർണതയും സ്വയം നിലവിൽ വന്നവയല്ല എന്നും അത് പ്രഖ്യാപിക്കുന്നു. ജീവന്റെ സൃഷ്ടിപ്പിനെ വിശദീകരിക്കുന്നതിൽ പ്രകൃതിനിർദ്ധാരണം പരാജയപ്പെട്ടു പോയിരിക്കുന്നു. സങ്കീർണമായ ജീവികളിലേക്കുള്ള ജീവന്റെ പരിണാമം, യാതൊരു ശക്തിയുടെയും സഹായവും കൂടാതെ ആകസ്മികമായി സംഭവിച്ചു പോയതാണെന്നാണ് പ്രകൃതിനിർദ്ധാരണം പറയുന്നത്. 450 കോടി വർഷങ്ങളായി നടന്നുവരുന്ന കോടിക്കണക്കിനു ആകസ്മിക സംഭവങ്ങൾ വഴി വളരെ സങ്കീർണമായ ജീവന്റെ പരിണാമം സംഭവിച്ചു എന്ന് പറയുന്നത് ഒരു പകിടകളിയാണ്.

പരിണാമത്തിന്റെ ഓരോ ഘട്ടങ്ങളിലും, ജീവന് പല ദിശകൾ തിരഞ്ഞെടുക്കമായിരുന്നു. എന്നാൽ, ദിവ്യമായ മാർഗദർശനമില്ലാതെ വെക്കുന്ന ഒരു ചുവട് പോലും വിനാശകരമായിരിക്കും. കോടിക്കണക്കിനു ശെരിയായ ചുവടുകൾ വെച്ച് കൊണ്ട് പരിണാമം ആകസ്മികമായി യഥാർത്ഥ ദിശയിൽ സഞ്ചരിക്കുകയും അതിന്റെ ഫലമായി മനുഷ്യൻ സൃഷ്ടിക്കപ്പെടുകയും ചെയ്തുവെന്ന് പറയുന്നത് വിചിത്രവും അപ്രായോഗികവുമാണ് എന്നു പറയാതെ വയ്യ.

# ആത്മീയവും ഭൗതീകവുമായ നാല് സ്ഥാനമാനങ്ങൾ

വിശുദ്ധ ഖുർആൻ വിവരിച്ച നാല് ആത്മീയ പദവികളെ കുറിച്ച് ഖലീഫത്തുൽ മസീഹ് സാനി (റ) വിവരിക്കുന്നു.

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

വിവർത്തക: ഫൗസിയ അൻജും

**ഞങ്ങളെ നീ സൽപന്ഥാവിലൂടെ ചരിപ്പിക്കേണമേ.**

ഈ സൽപന്ഥാവിനെ നിർവ്വചിച്ചിരിക്കുന്നത് എങ്ങനെയാണ്?

ആരെയാണോ നീ അനുഗ്രഹിച്ചത് അവരുടെ മാർഗ്ഗത്തിൽ അതായത് ആ പാതയെന്നത് അല്ലാഹുവിനാൽ അനുഗ്രഹീതരായവരുടെ സഞ്ചാര പാതയാണ് എന്നാണ്.

**അവർ അല്ലാഹു അനുഗ്രഹിച്ചിട്ടുള്ള പ്രവാചകന്മാർ, സത്യാത്മാക്കൾ, രക്തസാക്ഷികൾ, സദ്വൃത്തർ എന്നിവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതാണ്.**

ഈ വാക്യത്തെ മറ്റൊരിടത്ത് വിവരിച്ചിട്ടുള്ളത് ഇങ്ങനെയാണ്. പ്രവാചകന്മാർ, സത്യാത്മാക്കൾ, രക്തസാക്ഷികൾ, സദ്വൃത്തർ ഇവരാണ് അല്ലാഹു അനുഗ്രഹിച്ചവർ.

മറ്റൊരു തരത്തിൽ പറഞ്ഞാൽ സത്പന്ഥാവിലൂടെ വഴി നടത്തുകയെന്നതിനർത്ഥം ദൈവം അനുഗ്രഹിച്ച കൂട്ടരായ പ്രവാചകന്മാർ, സത്യാത്മാക്കൾ, രകസാക്ഷികൾ, സദ്വൃത്തർ ഇവരുടെ പാതയെ പിന്തുടരുകയെന്നാണ്.

സദ്വൃത്തർ ആത്മീയ തലത്തോടൊപ്പം ഭൗതീകതയുടെ തലം കൂടി ഉൾക്കൊള്ളുന്നവരാണ്. അതായത് അവർ കാലാനുവർത്തികളായിരിക്കും. നന്മയെ കൊള്ളുകയും തിന്മയെ തള്ളുകയും ചെയ്യുന്നവരായിരിക്കും. സദ്വൃത്തനായ ഒരു വ്യക്തി കാലത്തിനനുഗുണമായി നന്മയും പ്രയോജനപ്രദവുമായ കാര്യങ്ങളുടെ സ്വീകർത്താവായിരിക്കുമ്പോൾ തന്നെ ആധുനിക ശാസ്ത്രത്തിന്റെ പഠിതാവും, വൈജ്ഞാനിക മേഖലയിൽ നവം നവങ്ങളായ അറിവ് നേടുന്നവരുമായിരിക്കും. നിങ്ങൾ അപൂർണ്ണവും, വ്യക്തമല്ലാത്തതുമായ ഏത് ആശയങ്ങളുടേയും, തത്വങ്ങളുടേയും തിരസ്കൃതരും, സമ്പൂർണ്ണവും സുതാര്യവുമായവയുടെ സ്വീകർത്താക്കളുമായിരിക്കണം.

സ്കൂളിലും, കോളേജിലും പഠിക്കുന്ന നമ്മുടെ വിദ്യാർത്ഥികൾ പ്രകൃതിയെ കുറിച്ചും, സാമൂഹിക ശാസ്ത്രത്തേ കുറിച്ചുമുള്ള ഏറ്റവും പുതിയ ഗവേഷണങ്ങളിൽ നിന്ന് അറിവ് സ്വായത്തമാക്കി, ആധുനിക കാലഘട്ടവുമായി സമരസപ്പടാൻ പരിശ്രമിക്കുകയും ചെയ്യുമ്പോൾ അവർ വായിക്കുന്നതും പഠിക്കുന്നതും അറിവിന്റെ നവ മണ്ഡലങ്ങളിൽ മനുഷ്യന്റെ ദിവ്യത്ത്വത്തെ തെളിയിക്കാൻ ശ്രമിച്ച് പരാജയപ്പെട്ട യൂറോപ്യൻ പണ്ഡിതന്മാരുടെ ഗ്രന്ഥങ്ങളാണ്. അതുകൊണ്ട് തന്നെ നമ്മുടെ വിദ്യാർത്ഥികൾ മതത്തെ ആധുനികതയുമായി കൂട്ടിയോജിപ്പിക്കുവാൻ ശ്രമിച്ച് പരാജയപ്പെട്ട പ്രശസ്തരായ പണ്ഡിതന്മാരെ നിരീക്ഷിക്കുമ്പോൾ സ്വാഭാവികമായും ദൈവാസ്തികൃത്തോട് അവരിൽ ഒരു തരം അസ്വസ്ഥതയും, നിഷേധവും ഒരുമിച്ച് ഉടലെടുക്കും.

പരിണാമ തത്ത്വവും, ദൈവാസ്തികൃവും തമ്മിൽ വൈരുദ്ധ്യം ഉണ്ടെന്ന് അവർ വാദിക്കുമ്പോൾ വിസ്മൃതിയിലായിരുന്ന കാലം മുതൽക്കേ മനുഷ്യർ ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ പരിണാമ തത്ത്വത്തിൽ വിശ്വസിച്ചിരുന്നുവെന്നതിനെ കുറിച്ച് സമ്പൂർണമായ അജ്ഞതയാണ് അവർക്കുള്ളതെന്ന് യഥാർത്ഥത്തിൽ കരുതേണ്ടി വരും. മറഞ്ഞു കിടക്കുന്ന ഈ ഭാഗത്തേക്ക് ഡാർവിൻ വളരെ കുറച്ച് പ്രകാശമാണ് വിതറിയിട്ടുള്ളത്. സത്യത്തിൽ ഡാർവിന് മുമ്പ് തന്നെ ഒരു കുഞ്ഞ് 9 മാസം കൊണ്ട് ക്രമേണ രൂപപ്പെടുന്നതും, ഒരു വിത്ത് മരം ആകുവാൻ എടുക്കുന്ന നീണ്ട കാലയളവിനെ കുറിച്ചും മനുഷ്യർ നിരീക്ഷിച്ചിട്ടുണ്ടായിരുന്നു. വസ്തുക്കളുടെ ക്രമേണയുള്ള ഈ രൂപമാറ്റം പ്രകൃതിയുടെ പ്രതിഭാസത്തിൽ എല്ലായിടത്തും കാണാൻ കഴിയുന്നതാണ്. എന്നാൽ ഈ തത്ത്വത്തെ ദൈവാസ്തികൃത്തിന് വിരുദ്ധമായ ഒരു കാര്യമായി മനുഷ്യർ കണ്ടിരുന്നില്ല.

ഒന്നുംകൂടി പറഞ്ഞാൽ ഡാർവിന്റെ അനുരൂപീകരണ സിദ്ധാന്തം മുന്നോട്ട് വയ്ക്കുന്നത് ജീവികളുടെ

വിജയം ചുറ്റുപാടുമായുള്ള അവയുടെ ഇഴുകിച്ചേരലിനെ ആശ്രയിച്ചാണ് നിലകൊള്ളുന്നതെന്നാണ്. പക്ഷേ 1300 വർഷങ്ങൾക്ക് മുമ്പ് ദൈനംദിന ജീവിതത്തിൽ ഈ അനുരൂപീകരണ സിദ്ധാന്തം പ്രാവർത്തികമാക്കുവാനുതകുന്ന വിധത്തിൽ അതിന്റെ വിശ്വാസികൾക്കായി ഇസ്‌ലാം ഇതിനെ നിർവ്വചിച്ചിട്ടുണ്ട്. സ്വാലിഹ് എന്ന പദത്തിന്റെ അർത്ഥം സദ്‌വൃത്തർ എന്നാണ്. മറ്റൊരു അർത്ഥം നിങ്ങൾ പ്രകൃതിയെ നിങ്ങളിലേക്ക് കഴിയുന്നത്ര സ്വാംശീകരിക്കുക എന്നാണ്. അങ്ങനെ വരുമ്പോൾ ഒരു സത്കർമ്മകാരി കാലത്തിനനുഗുണമായ മാറ്റങ്ങൾ വരുത്തുന്നതിൽ പരാജിതനായിരിക്കുകയില്ലെന്ന് മാത്രമല്ല കാലാനുസൃതമായി ഉണ്ടാകുന്ന എല്ലാ ഓരോ തിന്മകളിൽ നിന്ന് ഒഴിഞ്ഞു സ്വയം സുരക്ഷിതനായി കാലത്തെ ഉൾക്കൊള്ളുന്നവനായിരിക്കും.

രണ്ടാമത്തെ പദവി രക്തസാക്ഷി എന്ന് മലയാളത്തിൽ അർത്ഥം വരുന്ന ശഹീദ് എന്നതാണ്. സാക്ഷി എന്ന് മലയാള അർത്ഥം വരുന്ന ശഹദ് എന്ന അറബി പദത്തിൽ നിന്നുമാണ് ഇത് ഉത്ഭവിച്ചത്. ഈ പദവിയ്ക്ക് ആത്മീയമായ ഒരു തലം കൂടാതെ ഭൗതീകതയുടെ ഒരു തലം കൂടിയുണ്ട്. ഈ ലോകത്ത് ജീവിക്കുന്ന ഒരു മനുഷ്യന്റെ പുരോഗതിയുടെ പാതയിലേക്കുള്ള ആദ്യചുവട് വെപ്പ് അറിവ് കരസ്ഥമാക്കുകയെന്നതാണ്. അടുത്ത പടിയെന്നത് ഈ നേടിയ ജ്ഞാനം സ്വയം ഒരു അദ്ധ്യാപകനായി കൊണ്ട് മറ്റുള്ളവർക്ക് കൂടി പഠിപ്പിച്ചു കൊടുക്കുക. ഈ വചനത്തിലൂടെ അല്ലാഹു ഇവിടെ പ്രസ്താവിക്കുന്നത് ഒരു യഥാർത്ഥ വിശ്വാസി കാലികമായി അറിവ് സ്വായത്തമാക്കുകയും, മറ്റുള്ളവർക്ക് കൂടി പകർന്ന് കൊടുക്കുവാനുതകുന്ന വിധത്തിൽ ആ അറിവിൽ അഗ്രഗണ്യനുമായിരിക്കണം എന്നാണ്. ഈ കാര്യം മുന്നിൽ വെച്ചുകൊണ്ട് ശഹീദ് എന്ന ഉത്തരവാദിത്വമോ, ഭൗതീകവും ആത്മീയവുമായ അറിവ് പടർത്തുന്നതിലോ ഇന്നത്തെ മുസ്‌ലീങ്ങൾ എത്രത്തോളം ശ്രദ്ധാലുക്കളാണെന്ന് നിങ്ങൾ സ്വയമൊന്ന് വിലയിരുത്തുക.

ഭൗതീകവും, ആത്മീയവുമായ അറിവ് ലോകം മുഴുവൻ വ്യാപിപ്പിക്കുന്ന യൂറോപ്പിലേക്ക് ഒന്ന് നോക്കിയാൽ മുൻ കാലങ്ങളിൽ അറിവിന്റെ മേഖലയിൽ വട്ടപ്പൂജ്യമായിരുന്ന പ്രദേശങ്ങൾ ഭൗതീക വിദ്യഭ്യാസം ആർജ്ജിക്കുനാതിനായി വിദ്യാലയങ്ങളും സർവ്വകലാശാലകളും തുറക്കുകയുണ്ടായി. കൂടാതെ ദൂരസ്ഥലങ്ങളായ ആഫ്രിക്ക, ആസ്ട്രേലിയ പോലെയുള്ള രാജ്യങ്ങളിൽ യൂറോപ്യൻ മിഷനറിമാർ മുഖേന മതവും പ്രചരിപ്പിക്കുകയുണ്ടായി. എന്നാലോ മറ്റുള്ളവർക്ക് മതപരവും ആത്മീയവുമായ അറിവ് പകർന്നു കൊടുക്കുവാൻ വേണ്ടി ഒരു വിഭാഗത്തെ അറിവിൽ അഗ്രഗണ്യരാക്കണമെന്ന നിർദ്ദേശം ഇസ്‌ലാമിലാണുള്ളത്.

മൂന്നാമത്തെ പദവി സിദ്ധീഖ് അഥവാ സത്യാത്മാക്കൾ എന്നതാണ്. പ്രവാചകന്മാരുടെ പദവിയോട് ഏറ്റവും അടുപ്പമുള്ളതാണെങ്കിലും അവർ എപ്പോഴും സഹോദരങ്ങളെപ്പോലെയല്ല മറിച്ച് സുഹൃത്തുക്കളെ പോലെയാണ്. ഒരു പ്രവാചകന് ആഴത്തിലുള്ള സാഹോദര്യബന്ധം മറ്റൊരു പ്രവാചകനുമായി മാത്രമേ ഉണ്ടാകുകയുള്ളൂ. എന്തുകൊണ്ടെന്നാൽ ഒരു പിതാവിൽ നിന്നെന്ന പോലെ പ്രവാചകന്മാർ അറിവ് കരസ്ഥമാക്കുന്നത് അല്ലാഹുവിൽ നിന്ന് നേരിട്ടുള്ള ഇൽഹാമുകളിലൂടെയാണ്. എന്നാൽ പ്രവാചകന്മാർക്ക് നേരിട്ട് ലഭിക്കുന്ന ഇൽഹാമെന്ന സമ്മാനം ഒരു സിദ്ധീഖിന് ഒരിക്കലും ലഭിക്കുന്നില്ല. ഒരു സിദ്ധീഖ് സ്വയം കഠിനമായ യജ്ഞത്തിലൂടെയും, പരിശ്രമത്തിലൂടെയും, സമരത്തിലൂടെയും മാത്രമേ പ്രവാചകന്മാരുടെ സ്ഥാനത്തോളം എത്തുകയും, അവരുമായി സൗഹൃദത്തിലുമാകൂ. ഇതാണ് സിദ്ധീഖ് എന്ന പദവിയുടെ ആത്മീയതലം. ഇനി ഭൗതീക തലത്തിൽ സിദ്ധീഖ് എന്നാൽ ശാസ്ത്രീയവും സാങ്കേതികവുമായ മേഖലകളിൽ അറിവിലും, കണ്ടുപിടുത്തങ്ങളിലും പ്രാഗൽഭ്യം നേടിയ ശാസ്ത്രജ്ഞന്മാരോളം അറിവ് നേടിക്കൊണ്ടിരിക്കുന്ന പഠിതാക്കളാണ്. സിദ്ധീഖുമാർ ആത്മീയ മേഖലയിലെ അറിവ് നേരിട്ട് അല്ലാഹുവിൽ നിന്ന് നേടുന്നില്ലെങ്കിലും പ്രവാചകന്മാരിലൂടെ വളരെ കൃത്യവും വ്യക്തമായ അറിവ് കരസ്ഥമാക്കുന്നവരാണ് . അതുപോലെ തന്നെയാണ് ഭൗതീക തലത്തിൽ സിദ്ധീഖ് പദവി നേടിയവരും. അല്ലാഹു ഈ ആയത്തിൽ ഒരു വിശ്വാസി അറിവിൽ പുരോഗതി നേടിക്കൊണ്ടിരിക്കണമെന്ന് പറഞ്ഞിരിക്കുന്നു. അത് എത്രത്തോളമെന്നാൽ അവർ യഥാർത്ഥ ശസ്‌തജ്ഞന്മാരല്ലെങ്കിൽ പോലും ശസ്ത്ര, സാങ്കേതിക വിദ്യയയുടെ മണ്ഡലങ്ങളിൽ അഗ്രഗണ്യരായി ജനങ്ങൾ അവരെ കാണും.

നാലാമത്തെ പദവി പ്രവാചകൻ എന്നതാണ്. ഒരു ആത്മീയ പ്രവാചകൻ അല്ലാഹുവിൽ നിന്നുള്ള ഇൽഹാമുകളിലൂടെ ആത്മീയജ്ഞാനം കരസ്ഥമാക്കുന്നു. അതുപോലെ ഭൗതീക പ്രവാചകന്മാർ എന്ന പദവി നേടുന്നവർ അല്ലാഹുവിൽ നിന്ന് പെട്ടെന്നുള്ള ഒരു ഉൾക്കാഴ്ച്ചയിലൂടെ പുതിയ അറിവ് നേടിക്കൊണ്ട് ആ അറിവ് ചുറ്റുമുള്ളവരിലേക്ക് വ്യാപിപ്പിക്കുകയും ചെയ്യുന്നു. എഡിസൺ പറയാറുണ്ടായിരുന്നു അദ്ദേഹം വെറുതെ ഇങ്ങനെയിരിക്കുമ്പോൾ ഒരു പുതിയ കണ്ടുപിടുത്തത്തിലേക്ക് നയിക്കുന്ന ഒരു പുതിയ ആശയം ഒരു മിന്നൽ പോലെ അദ്ദേഹത്തിൽ പതിക്കാറുണ്ട്. ഭൗതീകമായ പ്രവാചകന്മാർക്ക് ലഭിക്കുന്ന ഇൽഹാം പെട്ടെന്ന് അവരുടെ മനസ്സിൽ പതിക്കുന്ന ശാസ്ത്ര സാങ്കേതിക തത്ത്വങ്ങളുടെ പ്രകൃതത്തിലുള്ളതായിരിക്കും. അവരുടെ ഹൃദയ

ത്തിൽ പതിക്കുന്ന ആശയങ്ങളിലൂടെ ദിനേന പുതിയ കണ്ടുപിടിത്തങ്ങൾ നടത്തുകയും ഒളിഞ്ഞു കിടക്കുന്ന അറിവുകളെ തുറന്ന് കാട്ടിക്കൊണ്ട് പുതിയ കണ്ടുപിടിത്തങ്ങളിലൂടെ ലോകത്തെ ഞെട്ടിക്കുകയും ചെയ്യുന്നു.

ഓരോ വിശ്വാസിയും ഏറ്റവും കുറഞ്ഞത് ഭൗതീകജ്ഞാനം കരസ്ഥമാക്കാൻ പരിശ്രമിക്കേണ്ടതാണെന്ന് സർവ്വശക്തനായ അല്ലാഹു ആഗ്രഹിക്കുന്നു. പിന്നീട് അടുത്ത പടിയിലേക്ക് ഉയർന്ന് മറ്റുള്ളവർക്ക് കൂടി ഈ അറിവ് പകർന്നു കൊടുക്കുവാനുതകുന്ന വിധത്തിൽ അറിവിൽ അഗ്രഗണ്യനാകുക. അതിന് ശേഷം ശാസ്ത്രജ്ഞന്മാരുടേയും ശാസ്ത്ര സാങ്കേതിക മേഖലയിലെ പ്രഗത്ഭമതികളുടേയും നിലവാരത്തിന് തുല്യമായ വിധത്തിൽ ശ്രദ്ധേയമായ ജ്ഞാനം കൈവരിക്കുന്നതിലൂടെ അതിലും കുറച്ച് കൂടി ഉയർച്ചയിലേക്ക് അവർ എത്തേണ്ടതാണ്. ദാർശനിക ചിന്തകരുടേയും, ശാസ്ത്ര സാങ്കേതിക വിദഗ്ദ്ധരേയും കുറിച്ചു നടത്തുന്ന ചർച്ചകളിൽ അവരുടെ നാമം ഉയർന്നുവരുന്ന വിധത്തിൽ ഒരു യഥാർത്ഥ വിശ്വാസിയുടെ ബൗദ്ധീക പ്രതിബദ്ധത ഉയർന്നതായിരിക്കണം. ഇനി ഇതിനുമൊക്കെ അപ്പുറമുള്ള പടി ഒരു യഥാർത്ഥ വിശ്വാസി സ്വയം അറിവിന്റെ ഒരു പുതിയ മേഖലതുറക്കുകയും, പുതിയ കണ്ടുപിടുത്തങ്ങൾക്ക് രൂപം കൊടുക്കുകയും ചെയ്യുക എന്നതാണ്. വേണ്ടുവോളം മനുഷ്യർ ഈ പദവികളിൽ എത്തിച്ചേരുകയാണെങ്കിൽ ലോകത്ത് കാണുന്ന കുഴപ്പങ്ങളും, ക്രമക്കേടുകളും ഇല്ലാതാകുന്നതാണ്. എന്തുകൊണ്ടെന്നാൽ ജ്ഞാനത്തിന്റെ കുറവാണ് എല്ലാ കുഴപ്പങ്ങൾക്കും ക്രമക്കേടുകൾക്കും കാരണം.

കുറ്റവും, പാപവും, തിന്മയും അജ്ഞതയിൽ നിന്നും, ശരികളും, പുണ്യവും, നന്മയും ജ്ഞാനത്തിൽ നിന്നുമല്ലാതെ ഈ ഭൂമിയിൽ ജന്മമെടുക്കുന്നില്ല. അഹ്മദികൾ ഉന്നത നിലവാരത്തിലുള്ള ജ്ഞാനം നേടുകയും സ്വയം പഠിക്കുകയും ചെയ്താൽ ആളുകൾ അവരിലൂടെ ഈ ലോകത്തും ഒരു തരത്തിലുള്ള സ്വർഗ്ഗം കണ്ടു തുടങ്ങുന്നതാണ്. പരലോകത്തെ സ്വർഗ്ഗം അക്ഷരാർത്ഥത്തിൽ ഇവിടെ പ്രത്യക്ഷപ്പെടുത്താനാകില്ലെങ്കിലും നമുക്ക് സാങ്കൽപ്പികമായ രീതിയിലോ അല്ലെങ്കിൽ ജനങ്ങൾ തിടുക്കത്തിൽ എത്തിച്ചേരുവാൻ ആഗ്രഹിക്കുന്ന വിധത്തിൽ മാതൃകാപരമായ ഒരു സ്വർഗ്ഗം ഈ ലോകത്ത് സ്ഥാപിക്കുവാൻ കഴിയുന്നതാണ്. എന്തുകൊണ്ടെന്നാൽ കുറേയധികം ആളുകൾ ഈ ലോകത്ത് എവിടെയും നരകം മാത്രം കാണുന്നവരാണ്. അതിന്റെ ഫലമായി അവർ ആത്മഹത്യയിൽ അഭയം തേടുന്നു. എന്നാൽ ഇമചിമ്മി തുറക്കുന്ന നേരമെങ്കിലും ഈ ഭൂമിയിൽ ഒരു സ്വർഗ്ഗം അവർക്ക് കാണുവാൻ കഴിയുകയാണെങ്കിൽ ഒരിക്കലും സ്വയം അവർ ജീവനൊടുക്കുകയില്ല. അഹ്മദികൾ അത്തരം ഒരു സ്വർഗ്ഗം പണിയുകയാണെങ്കിൽ അപ്പോൾ ജനങ്ങൾ തിടുക്കപ്പെട്ട് അതിലേക്ക് എത്തുന്നതാണ്. എന്നാൽ ചെറിയ കാരണങ്ങളാൽ ഈ സമുദായത്തിലെ അംഗങ്ങൾ തമ്മിൽ വഴക്കടിക്കുമ്പോൾ ഈ മഹത്തായ നേട്ടം നമ്മുടെ കൈയകലത്തിൽ നിന്നും വളരെ ദൂരത്താകുന്നതാണ്. ദൈവം പ്രവാചകന്മാരിലൂടെ ഒരു തരത്തിലുള്ള സ്വർഗ്ഗം സ്ഥാപിക്കുന്നു. എന്നാൽ മനുഷ്യർ പരസ്പരം ഭിന്നിക്കുമ്പോൾ ആ സ്വർഗത്തിൽ ശ്രദ്ധയോടെ നട്ടുവളർത്തിയ മരങ്ങൾ സ്വകരങ്ങളാൽ വെട്ടിമുറിക്കുന്നതു പോലെയുള്ള ഫലമാണ് ഉണ്ടാകുക. ഒരു മരം മുറിക്കുന്നതിലൂടെ വലിയ നഷ്ടമൊന്നുമുണ്ടാകില്ലെന്ന് ആരും ഒരിക്കലും കരുതരുത്. എന്തുകൊണ്ടെന്നാൽ ഓരോത്തരും ഇങ്ങനെ ചിന്തിച്ചു തുടങ്ങിയാൽ പിന്നെ ഒരു മരവും ആ സ്വർഗ്ഗത്തിൽ പിന്നെ ബാക്കിയുണ്ടാകില്ല. അപ്പോൾ പിന്നെ ദൈവം മറ്റൊരു പ്രവാചകനെ അയച്ചു കൊണ്ട് മറ്റൊരു സ്വർഗ്ഗം പണിയുന്നതാണ്.

ഈ നാല് പദവികളിൽ ഏറ്റവും ആദ്യ പദവിയായ സ്വാലിഹ് എന്ന പദത്തിന്റെ അർത്ഥം സൂചിപ്പിക്കുന്നത് ആ പദവി വഹിക്കുന്ന ഒരു വ്യക്തി ദൈവം നമുക്കായി സൃഷ്ടിച്ച സാമൂഹിക അന്തരീക്ഷത്തിൽ ഏറ്റവും സമാധാനപൂർവ്വമായി ജീവിക്കണം എന്നതാണ്. അതുകൊണ്ട് തന്നെ നമ്മുടെ സമുദായത്തിലെ ഓരോ പ്രിയപ്പെട്ട അംഗങ്ങളും ഈ സ്വാലിഹ് എന്ന പദവി ഉയർത്തിപ്പിടിക്കുന്നവരും അവരുടെ വാക്കും, പ്രവർത്തിയും സാമൂഹിക ചുറ്റുപാടുകൾക്ക് അനുചിതവും, ഉത്തരവദിത്വപൂർണ്ണമായ രീതിയിലുമുള്ളതായിരിക്കണം. അത് തനിക്ക് സാധ്യമല്ലെന്ന് ആർക്കെങ്കിലും തോന്നുന്നുവെങ്കിൽ അവർ സ്വയം അത് പ്രാപ്തമാക്കുവാൻ പരിശ്രമിക്കേണ്ടതാണ് . കാരണം ഈ പരിശ്രമം ദൈവത്തിങ്കൽ പരിഗണനാർഹമയതാണ്. ഒരു വ്യക്തി അയാളുടെ തിന്മയുടെ പ്രകൃതത്തോട് പോരാടിക്കൊണ്ടിരിക്കുന്ന വേളയിൽ മരണം വരിക്കുകയാണെങ്കിൽ അയാൾ വിജയിയാകുകയില്ലെന്നും അയാൾക്ക് ദൈവം പൊറുത്തുകൊടുക്കുകയില്ലെന്നുമുള്ള ആശയത്തോട് ഏതവസ്ഥയിലും എനിക്ക് യോജിക്കുവാനാകില്ല. അതുകൊണ്ട് എന്റെ സമുദായത്തിലെ പ്രിയപ്പെട്ടവരെ നിങ്ങൾ സ്വാലിഹ് എന്ന പദവി കരസ്ഥമാക്കുന്നതിനായി യജ്ഞിക്കുകയും പരിശ്രമിക്കുകയും ചെയ്ത് കൊണ്ടിരിക്കുക. ഞാൻ സർവ്വശക്തനായ ദൈവത്തോട് പ്രാർത്ഥിക്കുന്നു ഈ മുഴുവൻ സമുദായത്തിനും ഈ നാല് പദവികളും സ്വായത്തമാക്കുവാൻ വേണ്ടി പരിശ്രമിക്കുവാനുള്ള കഴിവ് നൽകട്ടെ. ദൈവം ഏതെങ്കിലും ഒരു പദവിയെങ്കിലും എല്ലാവർക്കും നൽകുകകയും ചെയ്യട്ടെ.

***References :***


*· Review of Religions 27th August 2021 Four Spiritual and Secular Ranks*

*· Friday Sermon _ 7th August 1931*

# ആദ്: മരുക്കാറ്റിൽ തിരോഭവിച്ച അറേബ്യൻ ജനത

വിശുദ്ധ ഖുർആനിൽ മാത്രം പ്രതിപാദിച്ചതും ബൈബിളിൽ പരാമർശിക്കാത്തതുമായ പുരാതന ലോകത്തെ അതിശക്തരും അങ്ങേയറ്റം പുരോഗതി പ്രപിച്ചവരും അഹങ്കാരികളും പാപഗ്രസ്ഥരുമായ ഒരു ജനതയായിരുന്നു ആദ്. അല്ലാഹുവിന്റെ ശാപമേറ്റ് മണൽ കൂനകൾക്കിടയിൽ വിസ്മൃതമായ ആ മഹാനാഗരികതയുടെ യാതൊരു തെളിവും ലോകത്ത് അവശേഷിക്കുന്നില്ല. അറബ് പുരാവൃത്തങ്ങളിൽ നിന്നുമെടുത്ത കെട്ടു കഥയാണിതെന്ന് പറഞ്ഞ് ഖുർആൻ വിമർശകർ ആദ് സമൂഹത്തിന്റെ അസ്തിത്വം നിഷേധിക്കുകയാണ്. അജയ്യമായ വിശുദ്ധ ഖുർആന്റെ ദിവ്യാത്ഭുതമെന്നോണം ആദ് ജനതയെ പറ്റിയുള്ള തെളിവുകൾ പുരാവസ്തു ഗവേഷകർ പതുക്കെ അനാവരണം ചെയ്യുകയാണ്. മണൽപരപ്പിൽ മറഞ്ഞുകിടക്കുന്ന ആദിന്റെ വിസ്മയകരമായ ചരിത്രത്തിലേക്ക് എത്തിനോക്കുന്ന ലേഖനം.

**എ. എം. മുഹമ്മദ് സലീം**

***'അവരുടെ നിർമ്മിതിക്ക് തുല്യരായി ആരും നാടുകളിലൊന്നും സൃഷ്ടിക്കപ്പെട്ടിട്ടില്ല'*** എന്ന് അല്ലാഹു ഖുർആനിൽ വിശേഷിപ്പിക്കപ്പെട്ട അറേബ്യൻ ജനതയാണ് ആദ്. അവരുടെ ശക്തിപ്രതാപങ്ങളെ വിശുദ്ധ ഖുർആൻ പ്രാസനിബദ്ധമായ മൂന്ന് കൊച്ചു വചനങ്ങളിൽ സംഗ്രഹിച്ചത് ഇപ്രകാരമാണ്.

***'അലംതറ കൈഫ ഫഅല റബ്ബുക്ക ബി ആദ്. ഇറമ് ദാത്തിൽ ഇമാദ്. അല്ലത്തീ ലം യുഹ്‌ലക്ക് മിഥ്‌ലുഹാ ഫിൽ ബിലാദ്'*** **ആദിനോട് കൂറ്റൻ കെട്ടിടങ്ങളുടെ ഉടമസ്ഥരായ ഇറം ഗോത്രത്തിനോട് നിന്റെ നാഥൻ എങ്ങനെ പ്രവർത്തിച്ചുവെന്ന് നീ കണ്ടില്ലേ? അവരുടെ നിർമ്മിതികൾക്ക് തുല്യമായി അതിന്മുമ്പ് നാടുകളിലൊന്നും സൃഷ്ടിക്കപെട്ടിട്ടില്ല. (89:7-9)**

നാഗരികതയിലും അധികാര ശക്തിയിലും പൗരാണിക ലോകത്ത് അതികായരായിരുന്ന അവരിലേക്ക് അല്ലാഹു അയച്ച പ്രവാചകനാണ് ഹൂദ് നബി (അ). അറബികളിൽ വന്ന നാല് പ്രവാചകന്മാരിൽ ഒരാളാണ് ഹൂദ്. മറ്റു മൂന്ന് പ്രവാചകന്മാർ സാലിഹ് (അ), ശുഐബ് (അ), മുഹമ്മദ്(സ) എന്നിവരാണ്. ദൈവകോപത്തിന്നിരയായ ആദ് ജനത വീശിയടിച്ച മണൽക്കാറ്റിൽ മൂടിപ്പോവുകയാണുണ്ടായത്. ഖുർആൻ പറയുന്നു: ***'അങ്ങനെ അവരുടെ വാസസ്ഥലങ്ങളിൽ മറ്റൊന്നും കാണപ്പെടാത്ത സ്ഥിതിയിൽ അവർ ആയിതീർന്നു'*** *(46:6)* ഭയജനകവും ഇന്നും അപ്രാപ്യവുമായ മണൽകൂനകൾക്കിടയിൽ സഹസ്രാബ്ദങ്ങളുടെ നിതാന്ത വിസ്മൃതിൽ മറഞ്ഞുകിടക്കുന്ന ആദ് ജനതയുടെ മൃതസ്മാരകങ്ങളുടെ ചരിത്രം വിവരിച്ച ഒരേയൊരു ഗ്രന്ഥം വിശുദ്ധ ഖുർആനാണ്. ഭീമാകാരമായ നിർമ്മിതികളുടെ ഉടമസ്ഥരും അതിശക്തരുമായിരുന്ന ആദ് ജനതയുടെ ശക്തിപ്രതാപങ്ങൾ അല്ലാഹുവിന്റെ വചനങ്ങളിൽ തന്നെ അതിഗംഭീരമായ വർണ്ണനകളാൽ വരച്ചുകാട്ടിയിരിക്കുന്നു. പക്ഷേ ആദിന്റെ അസ്ഥിത്വം ഇന്നും വിസ്മൃതിയിലാണ്. ആ ജനതയുടെ ചരിത്രപരമായ അസ്ഥിത്വം തെളിയിയിക്കുക എന്നത് വിശുദ്ധ ഖുർആന്റെ പ്രവചനാത്മകമായ ഒരു ദിവ്യാത്ഭുതമായിരിക്കും. ഖുർആൻ പറയുന്നു: **'ഇത് പരോക്ഷ വൃത്താന്തങ്ങളിൽ**

**പെട്ടതാണ്. അവ നാം നിനക്ക് വൃത്താന്തമായി നൽകുന്നു. ഇതിന്ന് മുമ്പ് നീയോ നിന്റെ ജനതയോ അത് അറിയുമായിരുന്നില്ല. അതിനാൽ നീ സഹനം കൈകൊള്ളുക തീർച്ചയായും ശുഭപര്യവസാനം ദൈവഭയമുള്ളവർക്കാണ്. ആദ് ജനതയിലേക്ക് അവരുടെ സഹോദരൻ ഹൂദിനെ നാം പ്രവാചകനായി അയച്ചു. അദ്ദേഹം പറഞ്ഞു: എന്റെ ജനമേ, അല്ലാഹുവിനെ നിങ്ങൾ ആരാധിക്കുക. അവനല്ലാതെ നിങ്ങൾക്ക് ഒരു ആരാധ്യനും ഇല്ലതന്നെ. നിങ്ങൾ കള്ളം കെട്ടിചമക്കുന്നവർ തന്നെയാണ്.'(11:50)**




സെമിറ്റിക്ക് പൊതുപൈതൃകമുള്ള വേദഗ്രന്ഥങ്ങളാണ് ബൈബിളും ഖുർആനും. വിവരണ ശൈലിയിലും സൂക്ഷ്മാംശങ്ങളിലും വസ്തുതാവിവരണത്തിലും ഈ രണ്ട് വേദഗ്രന്ഥങ്ങൾ തമ്മിലും വലിയ അന്തരമുണ്ടെങ്കിലും ഖുർആൻ വിവരിച്ച മിക്ക ചരിത്രങ്ങളുടേയും ബാഹ്യമായ രൂപരേഖ ബൈബിളിലും കാണാം. പക്ഷേ ആദ്, സമൂദ് എന്നീ ശുദ്ധ അറബ് ജനതകളെപറ്റിയുള്ള പരാമർശം തന്നെ ബൈബിളിലില്ല. ഖുർആന്റെ ഭാഷ അവികലവും അതിവിപുലമായ അർത്ഥപ്രകാശനശേഷിയുള്ള അറബിഭാഷയിലുമുള്ളതുമാണ്. അതുകൊണ്ട് ധാത്വാർത്ഥ പ്രധാനമായ ഖുർആന്റെ അറബി ഭാഷയിലുള്ള ചരിത്ര വിവരണം ഒരു പ്രപഞ്ചം പോലെ ഗവേഷണ സാദ്ധ്യതകളുള്ളതാണ്.

നൂഹ് നബി(അ)ക്ക് തൊട്ട് പിറകെ ഖുർആൻ വളരെ പ്രാധാന്യത്തോടെ വിവരിച്ച രണ്ട് പ്രവാചകന്മാരും അവരുടെ സമൂഹങ്ങളുമാണ് ഹൂദ് നബി (അ) യുടെ ആദ് സമൂഹവും സാലിഹ് നബി(അ) യുടെ സമൂദ് സമൂഹവും. ഇവരെ പറ്റിയാണ് ബൈബിൾ പരാമർശിക്കാത്തത്. വിശുദ്ധ ഖുർആൻ ബൈബിളിന്റെ തനി പകർപ്പാണ് എന്ന് പറയുന്ന പാശ്ചാത്യ വിമർശനത്തിന്നെരെയുള്ള പ്രത്യക്ഷവും അനിഷേധ്യവുമായ തെളിവാണ് ബൈബിളിൽ കാണാത്ത വിശുദ്ധ ഖുർആനിലെ ആദിന്റെ ചരിത്ര വിവരണം. ആദിന്റെ ചരിത്രം പുരാതന അറേബ്യൻ നാടോടിക്കഥകളിൽ നിന്ന് ഖുർആൻ എടുത്ത് ചേർത്തതാണെന്ന് അവർ വിമർശനം ഉന്നയിക്കാറുണ്ട്. അതുകൊണ്ട് തന്നെ ആദ് സമുഹത്തിന്റെ ചരിത്രപരത തെളിയിക്കേണ്ട ബാദ്ധ്യത മുസ്‌ലിം ചരിത്രകാരന്മാർക്കുണ്ട്. യൂറോപ്യന്മാരുടെ വിമർശനങ്ങൾ സാധൂകരിക്കും വിധം ആദിനെ സംബന്ധിച്ച മുസ്‌ലിം സങ്കൽപ്പങ്ങളും വ്യഖ്യാനങ്ങളും പരിഹാസ്യമാം വിധം അയുക്തികമാണ്. വിശുദ്ധ ഖുർആനെ പോലെയുള്ള ഗഹനമായ അർത്ഥവൈപുല്യമുള്ള ഒരു ഗ്രന്ഥത്തിന്റെ ചരിത്ര പ്രതിപാദനങ്ങൾ ചരിത്രബോധമില്ലാത്ത യഥാസ്ഥികരായ മുസ്‌ലിം പണ്ഡിതന്മാർ എല്ലാ ചരിത്ര വിഷയങ്ങളിലുമെന്നപോലെ അക്ഷരങ്ങളെ ഉപജീവിച്ച് വ്യാഖ്യാനിച്ച് വികൃതമാക്കിയിട്ടുണ്ട്. ആദിന്റെ ചരിത്രാവശിഷ്ടങ്ങളെന്ന് അവകാശപ്പെട്ട് കൊണ്ട് മുസ്‌ലിം രാജ്യങ്ങളിൽ നിന്നും വ്യാജമായി നിർമ്മിച്ച് ഇടക്കിടെ പ്രത്യക്ഷപ്പെടുന്ന ഭീമാകാരമായ രൂപങ്ങളും തലയോട്ടികളും ഇതിനുള്ള ഉദാഹരണങ്ങളാണ്. അറേബ്യൻ ഉപഭൂഖണ്ഡത്തിന്റെ നടുവിലായി ഭയാനകമാം വിധം പരന്ന് കിടക്കുന്ന ലോകത്തിലെ ഏറ്റവും വലിയ മരുഭൂമികളിലൊന്നായ റുബുഉൽ ഖാലി (Enmpty Quarter) എന്ന അതിവിശാലമായ

സെമിറ്റിക്ക് പൊതുപൈതൃക മുള്ള വേദഗ്രന്ഥങ്ങളാണ് ബൈബിളും ഖുർആനും. വിവരണ ശൈലിയിലും സൂക്ഷ്മാംശങ്ങളിലും വസ്തുതാവിവരണത്തിലും ഈ രണ്ട് വേദഗ്രന്ഥങ്ങൾ തമ്മിലും വലിയ അന്തരമുണ്ടെങ്കിലും ഖുർആൻ വിവരിച്ച മിക്ക ചരിത്രങ്ങളുടേയും ബാഹ്യമായ രൂപരേഖ ബൈബിളിലും കാണാം. പക്ഷേ ആദ്, സമൂദ് എന്നീ ശുദ്ധ അറബ് ജനതകളെ പറ്റിയുള്ള പരാമർശം തന്നെ ബൈബിളിലില്ല. ഖുർആന്റെ ഭാഷ അവികലവും അതിവിപുലമായ അർത്ഥപ്രകാശനശേഷിയുള്ള അറബിഭാഷയിലുമുള്ളതുമാണ്. അതുകൊണ്ട് ധാത്വാർത്ഥ പ്രധാനമായ ഖുർആന്റെ അറബി ഭാഷയിലുള്ള ചരിത്ര വിവരണം ഒരു പ്രപഞ്ചം പോലെ ഗവേഷണ സാദ്ധ്യതകളുള്ളതാണ്.

മരുഭൂമിയാണുള്ളത്. ഈ റുബ്ബുഉൽ ഖാലിയുടെ തൊട്ട് കിടക്കുന്ന അറേബ്യയുടെ തെക്ക് ഭാഗത്തുള്ള യമൻ, ഒമാൻ എന്നീ രാജ്യങ്ങളിലാണ് ആദ് സമൂഹത്തിന്റെ അധിവാസ കേന്ദ്രമായി ചരിത്രകാരന്മാർ കണക്കാക്കുന്നത്. ഒമാനിൽ നടന്ന ഭൂഖനനങ്ങളാണ് ആദ് സമൂഹത്തെ സംബന്ധിച്ചുള്ള ചർച്ച വീണ്ടും സജീവമാക്കിയത്.

## ഖുർആനും ചരിത്രവും

സാധാരണ ചരിത്രധർമ്മം പോലെ ഭൗതിക പുരോഗതിക്കുള്ള പാഠങ്ങൾ ആരായുകയോ ഭൂതകാല കഥയറിയാനുള്ള മനുഷ്യ സഹജമായ അഭിരുചിയെ ശമിപ്പിക്കുകയോ മാത്രമല്ല ഖുർആന്റെ ചരിത്ര കഥനത്തിന്റെ ലക്ഷ്യം. മനുഷ്യ ചരിത്രത്തിന്റെ വിധിനിർണ്ണയിക്കുന്ന ചില സനാതന ദൈവിക തത്വങ്ങൾ മനുഷ്യനെ ഉണർത്തി ദൈവോന്മുഖനാക്കുകയാണ് ഖുർആന്റെ ചരിത്ര വിവരണത്തിന്റെ ഉദ്ദേശ്യം. ഖുർആൻപറയുന്നു: **'അവരുടെ ചരിത്ര വിവരണത്തിൽ ബുദ്ധിമാന്മാർക്ക് വലിയ പാഠങ്ങളുണ്ട് ഇത് കെട്ടിചമച്ച ഒരു വാർത്തയല്ല. നേരെ മറിച്ച് ഇതിന്ന് മുമ്പുള്ള (പ്രവചനങ്ങളുടെ) സാക്ഷാത്ക്കാരവും എല്ലാകാര്യങ്ങളുടെ വിശദീകരണവും സത്യവിശ്വാസികൾക്ക് ഒരു മാർഗ്ഗ ദർശനവും കാരുണ്യവുമാണ്.' (12:112)**

മനുഷ്യ സമൂഹങ്ങൾ അബദ്ധസഞ്ചാരങ്ങൾ നടത്തുകയും അത് അവരുടെ അത്യന്തിക ജീവിത ലക്ഷ്യത്തിൽ നിന്നും ബഹുദൂരം വ്യതിചലിക്കുകയും ചെയ്യുമ്പോൾ ആ വ്യതിയാനത്തിൽ നിന്നും സമൂഹത്തെ രക്ഷിക്കാൻ കാരുണ്യവാനായ അല്ലാഹു തന്റെ പ്രവാചകന്മാരെ അയക്കുന്നു. പ്രവാചകന്മാരെ നിഷേധിച്ചവർ നാശമടയുകയും സ്വീകരിച്ചവർക്ക് ധാർമിക വിജയവും ചരിത്രത്തിൽ തുടർച്ചയും ഉണ്ടാവുന്നു. വിശുദ്ധ ഖുർആന്റെ ചരിത്ര വിവരണം മനുഷ്യന്റെ രാഷ്ട്ര നിർമ്മാണത്തിന്റെ ഭാഗമായി രചിക്കപ്പെട്ടതോ മറ്റ് ഭൗതികമായ ആവശ്യങ്ങൾക്ക് വേണ്ടി നിർമ്മിക്കപ്പെട്ടതോ അല്ല. അത്തരം ചരിത്രത്തിന്റെ ലക്ഷ്യവും ഘടനയും ശൈലിയുമല്ല ഖുർആന്റെ ചരിത്ര വിവരണത്തിനുള്ളത്. അക്കാദമീയ ചരിത്രം ആവശ്യപ്പെടുന്ന പുരാരേഖകളുടെ സൂചനകൾ വിശുദ്ധ ഖുർആന്റെ സൂക്ഷ്മമായ വായനയിൽ നിന്ന് ലഭിക്കുമെന്നും ചരിത്ര കുതുകികളോട് ഖുർആൻ പറയുന്നു. ഗവേഷണം ആവശ്യപ്പെടുന്ന വിശാലവും സൂക്ഷ്മവുമായ അർത്ഥധ്വനികളുള്ള പദങ്ങളിലൂടെയാണ് ഖുർആൻ ചരിത്രം വിവരിക്കുന്നത്.

അക്കാദമിക് ചരിത്ര വിവരണം പോലെ ഭൂമി ശാസ്ത്രവും കാലാനുക്രമവും വിഷ്യാനുക്രമവും ഖുർആന്റെ ചരിത്രവിവരണത്തിൽ ഉണ്ടാവാറില്ല. ഈ പൂർവ്വകാല സമൂഹങ്ങളുടെ ചരിത്രം മനുഷ്യന്റെ അക്കാദമീയ ബോദ്ധ്യങ്ങൾക്കനുസൃതമായി പഠിക്കാൻ ഭൂമിയിൽ സഞ്ചരിച്ച് അതിന്നുള്ള വസ്തുനിഷ്ഠമായ തെളിവുകൾ ശേഖരിക്കാൻ ഖുർആൻ മനുഷ്യനെ ആഹ്വാനം ചെയ്യുന്നു: അല്ലാഹു പറയുന്നു:

**'ഇവർ ഭൂമിയിൽ സഞ്ചരിച്ചിട്ടില്ലേ? എങ്കിൽ ഇവർക്ക് മുമ്പ് ഉണ്ടായിരുന്നവരുടെ അന്ത്യം എങ്ങനെയുണ്ടായിരുന്നുവെന്ന് ഇവർക്ക് നോക്കി കാണാമായിരുന്നു. അവർ ശക്തിയിലും ഭൂമിയിൽ വിട്ടുപോയ അടയാളങ്ങളിലും ഇവരെക്കാൾ പ്രബലരായിരുന്നു. പക്ഷേ അവർ സമ്പാദിച്ചുകൊണ്ടിരുന്നത് അവർക്ക് ഉപകരിച്ചില്ല.' (40:83)** മറ്റു നിരവധി അവസരങ്ങളിൽ ചരിത്ര പഠനത്തിന്നായി ഭൂമിയിൽ ചുറ്റിസഞ്ചരിക്കാൻ ഖുർആൻ ഇപ്രകാരം ആഹ്വാനം ചെയ്യുന്നു.

അറബികൾ നാഗരികമായി താഴ്ന്ന ഒരു ജനതയാണെന്ന യൂറോപ്യൻ ധാരണയെ തിരുത്തിക്കുറിക്കുന്നതാണ് ആദ് സമൂഹത്തെക്കുറിച്ചുള്ള ഖുർആന്റെ വിവരണം. നാഗരികമായി അങ്ങേയറ്റം പുരോഗമിച്ചവരും അതിശക്തരും സൈനിക ശക്തിയിലും വാസ്തുനിർമ്മാണകലയിലും പ്രബലരുമായിരുന്നു ആദ് സമൂഹം. സന്മാർഗ്ഗ പാതവെടിഞ്ഞ് അഹങ്കാരികളും അക്രമികളുമായി തീർന്ന ഈ ജനത അല്ലാഹുവിന്റെ ഘോരമായ ശിക്ഷക്ക് വിധേരായി നാമാവശേഷമാവുകയായിരുന്നു. പുരാതന കാലത്തെ നാഗരിക സമൂഹങ്ങളായിരുന്ന ഈജിപ്തിന്റെയും ഇറാഖിലെ ബാബിലോണിയയുടെയും (ഇറാഖ്) പേർഷ്യയുടെയും (ഇറാൻ) ഏകദേശം മദ്ധ്യേ നിലകൊള്ളുന്ന അറേബ്യ അതിപുരാതന കാലത്ത് തന്നെ നാഗരികതയുടെയും ആത്മീയ പ്രചോദനങ്ങളായ സംസ്കാരങ്ങളുടെയും പ്രസരണ സ്റോതസ്സായി വർത്തിച്ചുവെന്ന് വിശുദ്ധ ഖുർആൻ സൂചന നൽകുന്നു.



ആത്മീയ സംസ്കാരത്തിന്റെയും ഭൗതിക നാഗരികതയുടെയും പുരാതന സ്റോതസ്സായി മക്കാ പട്ടണം നിലകൊണ്ടിരിന്നുവെന്നാണ് വിശുദ്ധ ഖുർആൻ പറയുന്നത്. മക്കയിലുള്ള കഅ്ബാ ദേവാലയത്തെ സംബന്ധിച്ചും മക്കാപട്ടണത്തെ കുറിച്ചും വിശുദ്ധ ഖുർആൻ പറയുന്ന കാര്യം ശ്രദ്ധേയമാണ്. ***'സമസ്ത മനുഷ്യർക്കുമായി സ്ഥാപിക്കപ്പെട്ട പ്രഥമ മന്ദിരം (അവ്വല ബൈത്ത:) ബക്ക (മക്ക) യിലുള്ളത് തന്നെയാണ്. അത് അനുഗ്രഹീതവും സർവ്വ ലോകർക്കുമുള്ള മാർഗ്ഗദർശക കേന്ദ്രവുമത്രേ' (3:97)*** മറ്റൊരു സ്ഥലത്ത് ***'പുരാതനമായ മന്ദിരം' (ബൈത്തുൽ അതീഖ്)*** (27:30) എന്നും വിശേഷിപ്പിക്കുന്നു. ആത്മീയതയുടെ അഥവാ സാംസ്കാരിക മൂല്യങ്ങളുടെ കേന്ദ്രം എന്നതിന്ന് പുറമേ പുരാതന ലോകത്തെ നാഗരികതയടെ പ്രഭവ കേന്ദ്രം എന്ന നിലക്ക് മക്ക പട്ടണത്തെ നഗരങ്ങളുടെ മാതാവ് എന്നാണ് ***'ഉമ്മുൽ ഖുറാ' (പട്ടണങ്ങളുടെ മാതാവ്) (6:93,42:8)*** എന്നാണ് ഖുർആന്റെ വിശേഷണം. മക്കക്കും അറേബ്യക്കുമുള്ള സാംസ്ക്കാരികവും നാഗരീകവുമായ പൗരാണിക കാലത്തെ പ്രാധാന്യത്തേയും അധീശ്വത്തെയും ഇത് സൂചിപ്പിക്കുന്നു.

## ആദ്: അതിപുരാതനമായ അറേബ്യൻ നാഗരിക സമൂഹം

ആദ് എന്ന പേരിൽ ഒരു പൂർവ്വ പിതാവിൽ നിന്നാണ് ആദ് വംശം ആരംഭിച്ചത്. ആദ് എന്ന നാമപദം 23 സ്ഥലങ്ങളിലായി വിശുദ്ധ ഖുർആനിൽ പ്രതിപാദിക്കുന്നു. പുരാതനമായ എന്തിന്നും അറബിയിൽ **'ആദിയ്യ്'** എന്ന് പ്രയോഗിക്കാറുണ്ട്. അറബി ചരിത്രകാരന്മാർ ഇസ്ലാമിന്ന് മുമ്പുള്ള പുരാതന അറബ് ജനതയെ മൂന്നായി തരം തിരിച്ചിട്ടുണ്ട്. ഒന്ന് **അറബ് ബായിദ:** (നാശമടഞ്ഞ് വിസ്മൃതരായ അറബികൾ). അതിലാണ് ആദ് സമൂഹം ഉൾപ്പെടുന്നത്. ആദിനെ കൂടാതെ സമൂദ്, ജുർഹൂം ഗോത്രം, ത്വസ്മ് ഗോത്രം, ജദീസ് ഗോത്രം, യമാമ ഗോത്രം, അസ്ഹാബുൽ ഐക:, അസ്ഹാബുൽ റസ്സ് മുതലായ ഗോത്ര ജനതകളാണ് നാശമടഞ്ഞ ജനതയായി കണക്കാക്കുന്നത്. രണ്ടാമത്തെത് **അറബ് ആരിബ:** ആണ്. ഇവർ നൂഹ് നബി(അ) യുടെ പുത്രനായ സാമിന്റെ സന്താന പരമ്പരയിൽപ്പെട്ടവരാണ്. അറബികളിലെ പ്രശസ്മായ ഖത്വാൻ ഗോത്രം ഈ പരമ്പരയിൽ പെട്ടവരാണ്. മൂന്നാമത്തെ വിഭാഗം മുസ്തഅ്രിബ: അറബികളാണ് ഇവർ. ഇസ്മായിൽ നബി (സ) യുടെ വംശ പരമ്പരയിൽ പെട്ടവരാണ്. റസൂൽ തിരുമേനി (സ) യുടെ ഖുറൈശി ഗോത്രം ഈ വംശപരമ്പരയിൽ പ്പെട്ടവരാണ്.

ആദിന്റെ പൗരാണികതയെ സംബന്ധിച്ച് ഖുർആനിലെ സൂചന അവർ നൂഹ് നബി(അ)ക്ക് ശേഷം ആവിർഭവിച്ച ജനതയായിരുന്നു എന്നാണ്. ***'നൂഹിന്റെ ജനതക്ക് ശേഷം നിങ്ങളെ അവൻ പ്രതിനിധികളാക്കുകയും നിങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാക്കുകയും ചെയ്തു' (7:70)*** എന്ന പരാമർശം ശ്രദ്ധേയമാണ്. മാത്രമല്ല വിശുദ്ധ ഖുർആനിൽ നൂഹി(അ)ന്റെ ചരിത്രം പറഞ്ഞിടത്തെല്ലാം തൊട്ട് പിറകെയാണ് ആദിന്റെ ചരിത്രം പ്രതിപാദിക്കുന്നത്. ആദിന്റെ ഗോത്ര പിതാവായി ചരിത്രകാരന്മാർ കണക്കാക്കുന്നത് ആദു ബ്നു ഔസ്ബ്നി സാമിബ്നി നൂഹിനെയാണ്. ഈ നിഗമന പ്രകാരം ക്രി. മു. 3000 നോ 2500 നോ മുമ്പായിരിക്കണം ആദ് വംശത്തിന്റെ കാലം. എന്ന് അനുമാനിക്കപ്പെടുന്നു.

ആദ് എന്ന് പേരിൽ ഒരു സമൂഹം അറേബ്യയിൽ ഇത്വരെ കണ്ടെത്താനാവാത്തതിനാൽ അങ്ങനെയൊരു സമൂഹത്തിന്റെ അസ്തിത്വം തന്നെ യൂറോപ്യന്മാർ നിഷേധിക്കുകയാണ്. മാത്രമല്ല ബൈബിളിലും ആദിനെ പറ്റി പരാമർശമില്ലാത്തതിനാൽ ആദിന്റെ അസ്തിത്വം തന്നെ ഇല്ല എന്ന് പറയാൻ യൂറോപ്യൻ പണ്ഡിതന്മാരുടെ പ്രേരണ വ്യക്തമാണ്. അത്കൊണ്ട് ഇത് അറബി നാടോടിക്കഥകളിൽ നിന്ന് ഖുർആനിൽ എടുത്ത് ചേർത്തതാണെന്നാണ് അവരുടെ വിമർശനം. ഈ വിമർശനത്തിന്ന് അഹ്മദിയ്യാ ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) മറുപടി പറയുന്നത് കാണുക.

***'ഈ നിഷേധം ഒരു തെറ്റിദ്ധാരണയുടെ ഫലമാണ്. വാസ്തവത്തിൽ മനുഷ്യ സമൂഹത്തിൽ ഒരു വിഭാഗം പൊതുവേ രണ്ട് പേരുകളിൽ അറിയപ്പെടുന്നു. ഒന്ന് അവരുടെ വംശത്തിന്റെ നാമം ചിലത് അവരുടെ ഗോത്ര വിഭാഗത്തിന്റെ നാമത്തിലും. ആര്യൻ എന്നത് നിരവധി ഗ്രൂപ്പുകളും ഗോത്ര വിഭാഗങ്ങളുമുള്ള ഒരു ജനവർഗ്ഗത്തിന്ന് പൊതുവേ പറയുന്ന പേരാണ്. ഉദാഹരണത്തിന്ന് ചന്ദ്രഗുപ്തൻ, വിക്രമാദിത്യൻ എന്നിവരുടെ പേരിനൊപ്പം ആര്യൻ എന്ന് പേരുള്ള ഒരു ലിഖിതം കണ്ടുകിട്ടാത്തതിനാൽ ആര്യൻ എന്ന പേര് വെറു സാങ്കൽപ്പികമാണെന്നും അങ്ങനെ ഒരു ജനസമൂഹം നിലനിന്നിരുന്നില്ല എന്ന് പറയുന്നത് പോലെയുള്ള അസംബന്ധമായിരിക്കും അത്.***

***അപ്രകാരം ആദ് എന്നത് ഒരു ഗോത്രത്തിന്റേത് മാത്രമായിട്ടുള്ള പേരല്ല. അവരിൽ വിവിധ ഗോത്രങ്ങൾ വിവിധ കാലഘട്ടങ്ങളിൽ ഉയർന്നു വന്നിട്ടുണ്ട്. അവരെല്ലാം തന്നെ തങ്ങളുടെ പ്രത്യേക ഗോത്ര നാമങ്ങളാണ് സ്വീകരിച്ചത്. പക്ഷേ അവരെല്ലാം തന്നെ ആദ് എന്ന മുഖ്യ വംശത്തിൽ (ജനവർഗ്ഗത്തിന്റെ) നിന്നും ശാഖകളായി പിരിഞ്ഞതാണ്. വസ്തുത എന്താണെന്ന് വെച്ചാൽ ആദ് എന്ന നാമത്തിലുള്ള ഒരു ജനത ഉണ്ടായിരുന്നതായി പുരാതന ഭൂമിശാസ്ത്ര ഗ്രന്ഥങ്ങളിൽ രേഖപ്പെട്ടുകിടക്കുന്നു. ക്രിസതുവിന്ന് മുമ്പുള്ള കാലഘട്ടങ്ങളിൽ ഗ്രീസിൽ സമാഹരിക്ക***

*പ്പെട്ട ഭൂമിശാസ്ത്ര രചനകളിൽ യമൻ അദ്രമിതായ് (Adramitai) എന്ന ഒരു ഗോത്രം ഭരിച്ചതായി കാണുന്നു. അത് ആദ് സമൂഹമല്ലാതെ മറ്റാരുമല്ല. ഖുർആനിൽ വിശേഷിപ്പിക്കപ്പെട്ട ആദി ഇറം (Adi Iram) ആണ് അവർ. പിന്നിൽ കൂട്ടിചേർത്ത പദം ഒഴിവാക്കിയാൽ അദ്രാം (Adram) എന്ന് വായിക്കാം ഇത് ആദിന്റെ (Ad) വികല രൂപമാണ്.' (Hazrath Mirza Basheeruddin Mahmood Ahmed - Holy Quran ith commentary (English) vol p. 1084 , 1085)*

വിശുദ്ധ ഖുർആനിൽ ആദിനെ പറ്റിയുള്ള മറ്റൊരു പരാമർശം സൂറ അൽ ഫജ്റിൽ ആദിനോട് ചേർത്ത് കൊണ്ട് **'ബി ആദിൻ ഇറമ ദാത്തിൽ ഇമാദ് ' ആദിനോട്, ദീർഘ സ്തംഭങ്ങളുടെ (കൂറ്റൻ കെട്ടിടങ്ങളുടെ ) ഉടമസ്ഥരായ ഇറമ് (ഗോത്രത്തോട്) (89:7,8)** എന്ന പ്രയോഗം കാണാം. ആദ് എന്ന പേര് പോലെ തന്നെ ഇറമ് എന്നതും അവരുടെ ഒരു പൂർവ്വ പിതാവിന്റെ നാമമാണ്. ചില മുഫസ്സിറുകൾ ആദ് സമുദായം ഇറം എന്ന പേരിൽ ഒരു പട്ടണം പണിതിരുന്നു. അതുകൊണ്ടാണ് അവർക്ക് ഇറമ് എന്ന പേര് ലഭിച്ചത് എന്ന് പറയുന്നു. നിരവധി ഗോത്രങ്ങൾ ഉണ്ടായിരുന്ന ആദ് വംശത്തിലെ കെട്ടിട നിർമ്മാണത്തിൽ ഭ്രമമുണ്ടായിരുന്ന ശക്തരായ ഒരു ഗോത്രവിഭാഗത്തിന്റെ ഗോത്ര നാമമാണ് ഇറം എന്നും പല പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നു. ചരിത്രകാരനായ ഇബ്നു ഖൽദൂണും ഖുർആൻ ഭാഷ്യകാരനായ ഇബ്നു കഥീറും ഈ അഭിപ്രായമാണ് പ്രകടിപ്പിച്ചിട്ടുള്ളത്. 1973 ൽ സിറിയയിൽ നിന്നും ലഭിച്ച ഒരു കളിമൺ ഫലത്തിൽ എൽബാ നിവാസികൾ ഇറം പട്ടണവുമായി വ്യാപാരത്തിൽ ഏർപ്പെട്ടതായി പരാമർശമുണ്ട്.

അമീർ മുആവിയയുടെ കാലത്ത്, കണ്ടെടുത്ത ആദ് സാനി (രണ്ടാം ആദ്) അഥവാ സമൂദിനെക്കുറിച്ചുള്ള ഒരു കാവ്യലിഖിതം ചില മുസ്‌ലിംകൾ വായിച്ചതായി ഒരു പാരമ്പര്യമുണ്ട്. യൂറോപ്യൻ ഓറിയന്റലിസ്റ്റുകൾ ഇങ്ങനെയൊരു ലിഖിതത്തിൽ അവിശ്വാസം രേഖപ്പെടുത്തിയിരുന്നു. 1837 ൽ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി തെക്കൻ അറേബ്യ സർവ്വേ ചെയ്യാൻ നിയമിച്ച ക്യാപ്റ്റൻ ഹെയിൻസ്, വെൽസ്റ്റഡ്ത്ത് എന്നീ ബ്രിട്ടീഷ് സർവേയർമാറും ചരിത്രകാരന്മാരുമായ രണ്ട് പേർ ആ ലിഖിതം വീണ്ടും കണ്ടെടുക്കുകയുണ്ടായി. യമനിലെ ഹദർമൗത്തിലെ ഏഡന്ന് അരികെയുള്ള ഗുറാബിൽ നിന്നുമാണ് ആ ലിഖിതം കണ്ടെടുത്തത്. ഒരു പുരാതന തെക്കൻ അറേബ്യൻ ഭാഷയായ ഹിംയറി ഭാഷയിൽ എഴുതപ്പെട്ട ആ ലിഖിതത്തിന്റെ ഇംഗ്ലീഷ് പരിഭാഷ, റോയൽ ഏഷ്യാറ്റിക് സൊസൈറ്റിയുടെ ജേർണലിൽ ഫോറസ്റ്റർ എന്നയാൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. ആദിന്റെ സ്മാരണികകളിലൊന്നായി കണക്കാക്കപ്പെടുന്ന ഈ ലിഖിതത്തിൽ ഹെബർ എന്ന ന്യായപ്രമാണ വാഹകന്റെ നിയമമനുസരിച്ച് ഞങ്ങളെ ഒരു രാജാവ് ഭരിക്കുന്നു എന്ന ഒരു പരാമർശവുമുണ്ട്, ഹൂദ് നബി (അ) യെ കുറിച്ചാണ് ആ പരാമർശം. മാത്രമല്ല ഹദർ മൗത്തിൽ ഹുദ് നബി (അ) ഖബർ സ്ഥിതി ചെയ്യുന്നതിനടുത്താണ് ഇത് കണ്ടെടുത്തിട്ടുള്ളത്. ഹൂദിന്റെ അനുചരന്മാരാണ് ഇത് രേഖപ്പെടുത്തിതെന്ന് അതിലെ വാചകങ്ങളിൽ നിന്ന് തെളിയുന്നുണ്ട്. ക്രിസ്തുവിന്ന് ഏതാണ്ട് 18 ദശാബ്ദങ്ങൾക്ക് മുമ്പ് രേഖപ്പെടുത്തിയതെന്ന് കരുതപ്പെടുന്ന മനോഹരമായ ആ കാവ്യ ലിഖിതത്തിന്റെ പുരാവസ്തു വിദഗ്ദർ വായിച്ച ഇംഗ്ലീലുള്ള വിവർത്തനത്തിന്റെ മലയാള തർജ്ജമ ഇപ്രകാരമാണ്.

***'ജീവിതത്തിൽ ക്ലേശമോ ദുരിതങ്ങളോ അനുഭവിക്കാത്ത ഒരു നീണ്ടകാലം പ്രവിശാലമായ ഈ കോട്ടയിൽ ഞങ്ങൾ കഴിഞ്ഞു കൂടി. ഭൗർഭാഗ്യങ്ങളോ പ്രതിബന്ധങ്ങളോ ഞങ്ങളെ ബാധിച്ചില്ല. പ്രക്ഷുബ്ധമായ കടൽ തിരമാലകൾ ഞങ്ങളുടെ ജലാശയങ്ങളിലൂടെ ഓളങ്ങളായി വന്ന് ഞങ്ങളുടെ കോട്ടയെ തഴുകിയിരുന്നു. അതിന്നു മീതെ ഞങ്ങളുടെ ജലധാരകൾ മർമരങ്ങൾ പൊഴിച്ച് ഒഴുകി. ഞങ്ങളുടെ താഴ്‌വാരങ്ങളിൽ ഉത്തുംഗങ്ങളായ പന വൃക്ഷങ്ങൾക്കൊപ്പം പാലകന്മാർ ഈത്തപ്പഴങ്ങളും നട്ടു വളർത്തി. ശുഷ്ക ഭൂമിയിൽ വളരുന്ന ധാന്യങ്ങളും അവർ മുളപ്പിച്ചു. കെണിയും കുരുക്കുകളും സൂത്രങ്ങളും വെച്ച് ഞങ്ങൾ മലയാടുകളേയും മുയലുകളേയും വേട്ടയാടി. മന്ദഗതിയിലും പ്രതാപത്തോടെയും ഞങ്ങൾ നടന്നു. വർണ്ണ വൈവിധ്യങ്ങളും ചിത്ര പണികളുള്ള പട്ടു ചമയങ്ങൾ. ഹരിതാഭവും കള്ളികളുള്ളതുമായ മുഴു പട്ടുവസ്ത്രങ്ങൾ. ദുർവിചാരങ്ങളിൽ നിന്ന് വിശുദ്ധരായ, നാശകാരികളോട് കർക്കശമായി പെരുമാറുന്ന ഒരു രാജാവായിരുന്നു ഞങ്ങളുടേ ഭരണാധികാരി. അദ്ദേഹം ഞങ്ങളെ ഹെബറിന്റെ (ഹൂദിന്റെ) നിയമ സംഹിത പ്രകാരം ഭരിച്ചു. പ്രധാന തീരുമാനങ്ങൾ ഒരു ഏടിൽ രേഖപ്പെടുത്തിയിരുന്നു. ഞങ്ങൾ ദൈവികമായ അത്ഭുതകൃത്യങ്ങളിലും മരണാനന്തര ജീവിതത്തിലും വിശ്വസിക്കുന്നു.'*** (Historical Georapy of Arabia p. 382)

### സമൂദ്: രണ്ടാം ആദ്

ആദിനെ പറ്റി വിശുദ്ധ ഖുർആൻ നൽകുന്ന സുപ്രധാനമായ മറ്റൊരു സൂചന. ആദ് സമുദായത്തിന്ന് പൂർവ്വികമായ ഒരു ഒന്നാം ഘട്ടം (ആദുൽ ഊല) ഉണ്ടായിരുന്നു അവരാണ് നശിപ്പിക്കപ്പെട്ടത് എന്നാണ്. വിശുദ്ധ ഖുർആൻ പറയുന്നു: ***'വ അന്നഹു അഹ്‌ലക ആദൽ ഊലാ'(ഒന്നാമത്തെ ആദ് സമുദായത്തെ അവൻ നശിപ്പിച്ചിരിക്കുന്നു.(53:51)*** തിന്മകൾക്ക് വിധേയരായ ആദിലേക്കാണ് ഹൂദ് നബി (അ) ആഗതനായത്. അദ്ദേഹത്തെ അവർ നിരാകരിക്കുകയും ശിക്ഷക്ക് വിധേയരാവുകയും



സ്വീകരിച്ചവർ രക്ഷിക്കപ്പെടുകയും ചെയ്തു. അവരെ തുടർന്ന് വന്ന സമൂഹമാണ് സമൂദ്. ഇവർ ***'ആദി സാനിയ' (രണ്ടാം ആദ്)*** എന്ന് അറിയപ്പെടുന്ന ഇവർ ആദ് സമൂഹത്തിൽപ്പെട്ട അറബികൾ തന്നെയാണെന്നാണ് അറബി ചരിത്രകാരന്മാർ കണക്കാക്കുന്നത്. അവരുടെ പ്രവാചകനാണ് സാലിഹ് നബി (അ). സാലിഹ് എന്നത് തികച്ചും ഒരു അറബി നാമമാണ്. സാത്വികൻ, സച്ചരിതൻ എന്നെല്ലാമാണ് ആ പദത്തിന്നർത്ഥം. നൂഹ് നബി(അ)ക്ക് ശേഷമുള്ള ആദിന്നു പിറകെ വന്നതും ഇബ്റാഹിം നബി (അ)ക്ക് വളരെ മുമ്പുള്ളതുമായ പുരാതന ജനതയാണ് സമൂദ് എന്ന് നാം ഓർക്കണം. സാലിഹ് നബി (അ) യുടെ പട്ടണം എന്ന അർത്ഥത്തിൽ ഖുർആൻ പറയുന്ന ഹിജ്ർ പട്ടണം അറേബ്യക്ക് വടക്കുള്ള ഒരു സ്ഥലമാണ്. **'മആദിൻ സാലിഹ്'** അഥവാ സാലിഹിന്റെ പട്ടണം എന്ന പേരിൽ ഈ പട്ടണം ഇന്നും കാണാം. ആദിനെ പോലെ തന്നെ കെട്ടിട നിർമ്മാണത്തിൽ ഭ്രമമുണ്ടായിരുന്നവരാണ് സമൂദ് സമൂഹം. പാറ തുരന്നുള്ള സമൂദ് സമൂഹത്തിന്റെ കെട്ടിട നിർമ്മാണ രീതി ഖുർആൻ പ്രത്യേകം പരാമർശിച്ചത് കാണുക. ***'സമൂദ് (സമുദായത്തിലേക്ക്) അവരുടെ സഹോദരൻ സാലിഹിനെ നാം നിയോഗിച്ചു.........ആദിന്ന് ശേഷം അവൻ നിങ്ങളെ പ്രതിനിധികളാക്കുകയും ഭൂമിയിൽ നിങ്ങൾക്ക് താമസ സൗകര്യം ചെയ്ത് തരികയും ചെയ്ത സന്ദർഭം (ഓർക്കുക). അതിലെ സമതലങ്ങളിൽ നിങ്ങൾ സൗധങ്ങൾ നിർമ്മിക്കുകയും മലകൾ തുരന്ന് വീടുകൾ ഉണ്ടാക്കുകയും ചെയ്യുന്നു.'*** *(7:74,75)* മറ്റൊരിടത്ത് ഖുർആൻ അവരെപറ്റി പറയുന്നു **'മല (പാറ)കളിൽ നിന്ന് വെട്ടിത്തുരന്ന് അവർ സുരക്ഷിതമായ വസതികൾ നിർമ്മിക്കാറുണ്ടായിരുന്നു.'** (15: 83)

സഊദി അറേബ്യയിൽ നിന്നും വടക്ക് മദീനയിൽ നിന്നും 300 കിലോമീറ്റർ അകലെ അൽഊല (Al-'Ula) നഗരത്തിൽ നിന്നും 22 കിലോ മീറ്റർ അകലെ മരുഭൂമിയിൽ സമൂദ് സമൂഹം പാറകൾ തുരന്ന് നിർമ്മിച്ച കൂറ്റൻ നിർമ്മിതികൾ ഇന്നും അത്ഭുത കരമായ കാഴ്ച്ചയാണ്. 13 കി.മീറ്റർ ചുറ്റളവിലുള്ള ഈ പ്രദേശത്ത് ചെറുതും വലുതുമായ 132 പാറകൾ തുരന്നുണ്ടാക്കിയ പടുകൂറ്റൻ നിർമ്മിതികൾ അഹങ്കാരികളായി ഭൂമിയിൽ വിലസിയ പുരാതനമായ ഒരു ജനതയുടെ ദാരുണമായ അന്ത്യത്തിന്റെ സ്മാരക ശിലകളായി ഇന്നും നമുക്ക് കാണാം. 2008 ൽ യുനെസ്കോ (UNESCO) ഈ സ്ഥലം ലോക പൈതൃക പട്ടികയിൽ(World Heritage Site) ഉൾപ്പെടുത്തിയിട്ടുണ്ട്. സഊദി അറേബ്യയിലെ ആദ്യത്തെ വേൾഡ് ഹെറിറ്റേജ് സൈറ്റാണ് 'മആദിൻ സാലിഹ്'. ക്രി.വ ഒന്നാം നൂറ്റാണ്ടിൽ പെട്ര നഗരം തലസ്ഥാനമായി ഭരണം സ്ഥാപിച്ച നബാത്തിയൻ സാമ്രാജ്യത്തിന്റെ നിർമ്മിതികളായിട്ടാണ് ഇത് കണക്കാക്കപ്പെടുന്നത്. നബാത്തിയൻകാർ സമൂദിന്ന് ശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞ് ആഗതരായ അറബിവംശം തന്നെയാണ്. പക്ഷേ ബാബിലോണിയൻ സ്വാധീനമുള്ളവരുമാണ് എന്നാണ് കരുതപ്പെടുന്നത്. അവിടെ നിന്നും കണ്ടുകിട്ടിയ നബാത്തിയൻ ഭാഷയിലുള്ള ലിഖിതങ്ങളാണ് ഈ വാദത്തിന്നാധാരം. അതുപോലെ നബാത്തിയൻ അധിനിവേശത്തിന്ന് വളരെ മുമ്പുള്ള പ്രാചീന ശിലാലിഖിതങ്ങളും അവിടെ നിന്നും കണ്ടെത്തിയിട്ടുണ്ട്. മല തുരന്ന് വീടുണ്ടാക്കുന്നവർ **(യൻഹിതൂന മിനൽ ജിബാല)** എന്ന് ആയിരത്തിനാനൂറ് വർഷങ്ങൾക്ക് മുമ്പ് തന്നെ ഖുർആൻ വിശേഷിപ്പിച്ചവരാണ് സമൂദ് സമുദായം. അവരുടെ അധിവാസ കേന്ദ്രമായി അതിപുരാതന കാലം മുതൽക്കേ അറബികൾക്കിടയിൽ അറിയപ്പെടുന്ന **മആദിൻ സാലിഹിൻ** എന്ന സ്ഥലത്ത് കാണുന്ന ഈ നിർമ്മിതികൾ സമൂദ് സമൂദയത്തിന്റേതല്ലാതെ മറ്റാരുടെതും ആയിരിക്കാൻ തരമില്ല. ക്രി.വ. ഒന്നാം നൂറ്റാണ്ടിൽ ഭരണം നടത്തിയ നബാത്തിയൻ വംശജരാണ് ഇത് നിർമ്മിച്ചതെന്നതിന്ന് മതിയായ തെളിവുകളില്ലാതെയാണ് യൂറോപ്യൻ ചരിത്രകാരന്മാർ ഈ അവകാശ വാദം പറയുന്നത്. മാത്രമല്ല നബാത്തിയൻ സാമ്രാജ്യത്തിന്റെ തലസ്ഥാനം കൂടുതൽ വടക്ക് ജോർദ്ദാനിലെ പെട്ര നഗരമായിരുന്നു. ഹിജ്റ് അഥവാ മആദിൻ സാലിഹ് അവരുടെ ഒരു ഭരണ പ്രദേശം മാത്രമായിരുന്നു. ഇത് തീർച്ചയായും ചരിത്രത്തിൽ നിന്നും വിസ്മൃതരായ സമൂദിന്റെ ഖുർആൻ പ്രത്യേകം പരാമർശിച്ച നിർമ്മാണ പരമായ വൈഭവത്തിന്റെയും വൈദഗ്ദ്യവും വിളിച്ചോതുന്ന

സ്മാരക സൗധങ്ങളാണ്. അതുവഴി അവരുടെ പൂർവ്വ ഗാമികളായ ആദിന്റെ നിർമാണ ഭ്രമത്തിലേക്കും ശേഷിയിലേക്കും ഈ നിർമ്മിതികൾ സൂചന നൽകുന്നു.

ഇവിടെ ശ്രദ്ധേയമായ ഒരു കാര്യം സമൂദ്, ആദിൽ നിന്നും ഉരുവം കൊണ്ട തികച്ചും ഒരു അറബി സമൂഹമാണല്ലോ. പക്ഷേ ആദ് അറേബ്യയുടെ തെക്കുഭാഗമായ യമനിലും സമൂദിന്റെ മദ്യൻ സാലിഹ് എന്ന പ്രദേശം അറേബ്യയുടെ വടക്ക് ഭാഗത്തുമാണ്. ഇതിൽ നിന്നും മനസ്സിലാവുന്നത് ഒന്നാം ആദിന്ന് ശേഷം ഹിംയർ ഗോത്രക്കാർ യമനിൽ അധികാരത്തിൽ വന്നപ്പോൾ സമൂദിനെ അവർ അറേബ്യയുടെ വടക്ക് ഭാഗത്തേക്ക് ഓടിക്കുകയാണുണ്ടായത് എന്നാണ്.

## ആദ് സമൂഹത്തിന്റെ പ്രത്യേകതകൾ

ശക്തിയിലും ഭൗതിക പ്രതാപത്തിലും അങ്ങേയറ്റം പുരോഗമിക്കുകയും അത്യധികം അഹംങ്കരിക്കുകയും ചെയ്ത ഒരു ജനതയായിരുന്നു ആദ് വംശം. മറ്റൊരു സ്റോതസ്സിൽ നിന്നും അവരുടെ വ്യക്തമായ വിവരണം നമുക്ക് ലഭിക്കില്ല. ആദ് സമൂഹത്തെ ലോകത്തിന്ന് പരിചയപ്പെടുത്തിയ വിശുദ്ധ ഖുർആന്റെ വചനങ്ങളിൽ നിന്നു തന്നെ നമുക്ക് അവരുടെ പ്രത്യേകതകൾ എന്താണെന്ന് മനസ്സിലാക്കാം.

**നൂഹ്നബി(അ)ന്റെ പിൻഗാമികൾ: നൂഹിന്റെ ജനതക്ക് ശേഷം നിങ്ങളെ(ആദിനെ) അവൻ പ്രതിനിധികളാക്കുകയുണ്ടായി (7:70) ഉടമസ്ഥരായ ഇറം ഗോത്രത്തോട് നിന്റെ നാഥൻ എങ്ങനെ പ്രവർത്തിച്ചു വെന്ന് നീ കണ്ടില്ലേ? (89:7,8) നിങ്ങൾ അനാവശ്യമായി എല്ലാ കുന്നിന്മേലും സ്മാരകമായി കെട്ടിടങ്ങൾ ഉയർത്തുകയാണോ? നിങ്ങൾ ശാശ്വത നിവാസത്തിന്നായി കൂറ്റൻ കെട്ടിടങ്ങൾ നിർമ്മിക്കുകയാണല്ലോ (26:130)**

**അതുല്യമായ ശക്തിയുള്ളവർ: അവരുടെ നിർമ്മിതിക്ക് തുല്യരായി ആരും നാടുകളിലൊന്നും സൃഷ്ടിക്കപ്പെട്ടിട്ടില്ല (89:8)**

**പല കഴിവുകളും നൽകപ്പെട്ട ജനത:** നിങ്ങൾക്ക് നൽകിയിട്ടില്ലാത്ത പല കഴിവുകളും തീർച്ചയായും നാം അവർക്ക് (ആദിന്ന്) നൽകിയിരുന്നു. (46:27)

**ബുദ്ധിയുള്ളവർ:** വാസ്തവത്തിൽ അവർ(ആദ്, സമൂദ്) ചിന്താശീലരായിരുന്നു: (26: 39)

**വലിയ ജനത:** നൂഹിന്റെ ജനതക്ക് ശേഷം നിങ്ങളെ അവൻ പ്രതിനിധികളാക്കുകയും നിങ്ങളുടെ സന്തതികളിൽ വർദ്ധനവ് വരുത്തുകയും ചെയ്തു. (7:70)

**കാലിസമ്പത്ത്, ജല സമൃദ്ധി, കാർഷികാഭിവൃദ്ധി:** അവൻ നിങ്ങൾക്ക് (ആദ്) കന്നുകാലികളെ കൊണ്ടും സന്താനങ്ങളെകൊണ്ടും സഹായിച്ചിരിക്കുന്നു. തോട്ടങ്ങളും ജലത്തിന്റെ ഉറവിടങ്ങളെക്കൊണ്ടും (സഹായിച്ചു). (26:134,135)

**വാസസ്ഥലം:** ആദിന്റെ സഹോദരനെ (ഹൂദിനെ) സ്മരിക്കുക. അദ്ദേഹം തന്റെ ജനയെ ആ മണൽകൂനകളിൽ വെച്ച് താക്കീദ് ചെയ്തപ്പോൾ. (46:22)

**കടുത്ത ശിർക്കിലകപ്പെട്ടവർ:** കേവലം നിന്റെ (ഹൂദ് നബിയുടെ) വാക്കിന്ന് വേണ്ടി ഞങ്ങൾ ഞങ്ങളുടെ ആരാധ്യരെ ഉപേക്ഷിക്കുന്നവരല്ല. നിന്നെ ഞങ്ങൾ വിശ്വസിക്കുന്നവരുമല്ല. ഞങ്ങളുടെ ദൈവങ്ങളിൽ ചിലത് നിനക്ക് (ഹൂദ് നബിക്ക്) എന്തോ ദോഷം വരുത്തിയിട്ടുണ്ട് എന്ന് മാത്രമാണ് ഞങ്ങൾ പറയുന്നത്. (11:54,55)

**പ്രവാചന്മാരെ ധിക്കരിച്ചവർ:** ആദ് സമുദായവും പ്രവാചകന്മാരെ നിഷേധിച്ചു (26:124) അവരുടെ ദൂതന്മാർ(ആദ് സമൂദ്) അവരുടെ അടുക്കൽ വ്യക്തമായ തെളിവുകളുമായി ചെന്നു......അവർ പറഞ്ഞു: നിങ്ങൾ ഏത് സന്ദേശവും കൊണ്ട് അയക്കപ്പെട്ടുവോ അതിനെ ഞങ്ങൾ നിഷേധിക്കുന്നു. നിങ്ങൾ ഞങ്ങളെ ഏതിലേക്ക് ക്ഷണിക്കുന്നുവോ അതിനെക്കുറിച്ച് ഞങ്ങൾ അസ്വസ്ഥ ജനകമായ സംശയത്തിലാണ്. (14:10) അവരത്രെ ആദ് (സമുദായം) തങ്ങളുടെ നാഥന്റെ ദൃഷ്ടാന്തങ്ങളെ അവർ നിഷേക്കുകയും അവന്റെ ദൂതന്മാരെ ധിക്കരിക്കുകയും എതിർത്ത എല്ലാ സ്വേച്ഛാപ്രമത്തന്റേയും കൽപ്പന അവർ പിന്തുടരുകയും ചെയ്തു. (11:60)

**അഹങ്കാരികൾ:** എന്നാൽ ആദ് ആകട്ടെ അവർ ഭൂമിയിൽ അന്യായമായി അഹംങ്കരിച്ചു. അവർ പറഞ്ഞു: ശക്തിയിൽ ഞങ്ങളെക്കാൾ മികച്ചവർ ആരുണ്ട്? അവരെ സൃഷ്ടിച്ച അല്ലാഹു ശക്തിയിൽ അവരെക്കാൾ മികച്ചവനാണെന്ന് അവർ കാണുന്നില്ലേ? അവർ നമ്മുടെ ദൃഷ്ടാന്തങ്ങളെ മനപ്പൂർവ്വം നിഷേധിച്ചു കൊണ്ടിരിക്കയായിരുന്നു. (41:16)

**ക്രൂരന്മാർ:** നിങ്ങൾ വല്ലവരെയും പിടികൂടുമ്പോൾ നിഷ്ഠൂരമായി പിടികൂടുന്നു. (26:131)

**നാശം:** ആദ് ആവട്ടെ അതികഠിനമായി ഇരമ്പി അടിക്കുന്ന ഒരു കൊടുങ്കാറ്റു മുഖേനയും നശിപ്പിക്കപ്പെട്ടു. അവരെ ഉന്മൂലനാശം ചെയ്യാനായി ആ കാറ്റിനെ അവൻ (അല്ലാഹു) ഏഴുരാവും എട്ടുപകലും തുടർച്ചയായി അവരുടെ മേൽ വീശി അടിച്ചു. അപ്പോൾ ആ ജനം ദ്രവിച്ച ഈത്തപ്പനയുടെ തായ്ത്തടികൾ പോലെ നിലംപതിച്ചത് നിനക്ക് കാണാമായിരുന്നു. (69: 7,8)

**ശപ്തർ:** ഇഹലോകത്തും പുനരുത്ഥാന നാളിലും ഒരു ശാപം അവരെ പിന്തുടരുന്നതായി അറിയുക. തീർച്ചയായും ആദ് (സമുദായം) തങ്ങളുടെ നാഥനെ നിഷേധിച്ചിരിക്കുന്നു. അറിയുക. ഹൂദിന്റെ സമുദായമായ ആദ് അല്ലാഹുവിന്റെ അനുഗ്ര ഹത്തിൽ നിന്ന് ദൂരപ്പെട്ടു നശിച്ചു) (11:61) ആദിനെയും സമൂദിനെയും അവരുടെ താമസസ്ഥലങ്ങളിൽ നിന്ന് നിങ്ങൾക്ക് വ്യക്തമായിട്ടുണ്ട്.(9:39) (തുടരും)

# പ്രകാശിക്കുന്ന വദനങ്ങൾ

സാത്വിക ജീവിതം നയിക്കുന്നവരുടെ മുഖത്ത് പ്രകടമാവുന്ന ആത്മീയ പ്രഭയെ പറ്റി

**ബഷീർ അഹ്മദ് ഓർച്ചാഡ്**

ദൈവസവിധം പൂകിയ ചില മഹത്തുക്കളുടെ മുഖങ്ങൾ ഏറ്റക്കുറച്ചിലോടെ അസ്പർശ്യമായ ഒരു പ്രകാശവലയത്താൽ പ്രഭാവിതമാവാറുണ്ട്. അത് സൂര്യനിൽ നിന്നും നിർഗമിക്കുന്ന സൗരയൂഥ വ്യവസ്ഥയുടെ പ്രകാശമോ വിദ്യുദ് പ്രകാശമോ അല്ല. അതാണ് ദിവ്യ പ്രകാശം. ചന്ദ്രനിലൂടെയും മറ്റു ഗോളങ്ങളിലൂടെയും അതാതിന്റെ സ്ഥാനവും ചലനവും അനുസരിച്ച് സൂര്യപ്രകാശം പ്രതിഫലിക്കുന്നത് പോലെ അളവ് ഭേദത്തോടെ ഈ ദിവ്യദ്യുതി വ്യക്തികളിൽ നിന്നും പ്രതഫലിക്കുന്നു. എല്ലാവരിലും ഒരുപോലെയല്ല. ചില വ്യക്തികളുടെ മുഖം മറ്റുള്ളവരുടെതിനേക്കാൾ ദൈവപ്രകാശത്താൽ കൂടുതൽ പ്രശോഭിതമാണ്. ചില ആളുകളിൽ അത്തരത്തിലുള്ള യാതൊരു പ്രകാശവും ദൃശ്യമല്ല. സുവാർത്തകളും ആഹ്ലാദജനകമായ വൃത്താന്തങ്ങളും കേൾക്കുമ്പോഴും പ്രേമഭാജനവുമായി സന്ധിക്കുമ്പോഴും ഒരു വ്യക്തിയുടെ മുഖം പ്രകാശപൂർണ്ണമാകാറുണ്ട്. ദൈവ സവിധത്തിൽ ലയിക്കുന്ന വ്യക്തി തദ്ജന്യമായി അദ്ദേഹത്തിന്റെ വദനത്തിൽ നിന്നുമുരുവം കൊള്ളുന്ന സുദിവ്യമായ ദ്യുതി വിലാസത്തെ സംബന്ധിച്ചാണ് ഈ ലേഖനത്തിൽ പ്രതിപാതിക്കുന്നത്.

പ്രവാചകന്മാർ സ്രഷ്ടാവുമായി ഒരു പ്രത്യേക ബന്ധം പുലർത്തുന്നവരാണ്. അവരുടെ ആത്മീയ നിലവാരം അത്യുന്നതമാണ്. ഖുർആൻ പ്രകാരം അവർ പാപരഹിതരും ദൈവിക നിയമങ്ങളുടെ പ്രയോക്താക്കളുമാണ്. ദൈവമഹത്വം അവരുടെ തിരുമുഖങ്ങളിൽ ദർശിക്കാവുന്നതാണ്. സൂര്യപ്രകാശത്താൽ പ്രകാശിക്കുന്ന ചന്ദ്രനെപ്പോലെ അവരുടെ മുഖം പ്രശോഭിക്കുന്നു.

മൂസാനബി(അ) ദൈവവുമായുള്ള അഭിമുഖീകരണത്തിൽ അദ്ദേഹത്തിന്റെ മുഖം പ്രകാശത്താൽ വിളങ്ങിയതായി ബൈബിൾ പഴയ നിയമം പറയുന്നു:

***'മോശെ സീനായ് പർവ്വതത്തിൽ നിന്നും സാക്ഷ്യപ്പലകകളും കയ്യിലേന്തി ഇറങ്ങിവന്നു. ദൈവവുമായി സംസാരിക്കുന്നതിനാൽ തന്റെ മുഖചർമ്മം പ്രഭാപൂരിതമായിരിക്കുന്നു. എന്ന് മല മുകളിൽ നിന്നും ഇറങ്ങിവന്ന മോശെ അറിഞ്ഞിരുന്നില്ല.'(പുറപ്പാട് 34: 29)***

***'കർത്താവ് കൽപ്പിച്ചതെല്ലാം പറയുമ്പോൾ മോശെയുടെ മുഖം പ്രഭാപൂരിതമാണ്. എന്ന് ഇസ്രയേൽ ജനം കണ്ടു പറഞ്ഞു.'(പുറപ്പാട് 34:35)***

***'അവിടെ അവരുടെ മുന്നിൽ അവൻ രൂപാന്തരപ്പെട്ടു. അവന്റെ മുഖം സൂര്യനെപ്പോലെ പ്രശോഭിച്ചു.' (മത്തായി 17:2)***

ബൈബിൾ പഴയ നിയമത്തിലേക്ക് തന്നെ മടങ്ങാം. 7-ാം നൂറ്റാണ്ടിൽ അറേബ്യയിൽ പ്രത്യക്ഷപ്പെട്ട റസൂൽ തിരുമേനി (സ) യെ പറ്റി ബൈബിളിൽ വ്യക്തമായ പ്രവചനമുണ്ട്. പ്രകാശപരമായ അർത്ഥത്തിൽ അത് വിവരിക്കുന്നു.

***'നിന്റെ കരുണ്യം അനുസ്മരിക്കേണമേ ദൈവം തേമാനിൽ നിന്നും വന്നു. പരിശുദ്ധനായവൻ പാറാൻ പർവ്വതത്തിൽ നിന്നും വരുന്നു. അവന്റെ മഹത്വം ആകാശത്തെ മൂടുന്നു. ഭൂമിയിൽ അവന്നുള്ള സ്തുതി നിറയുന്നു. അവന്റെ തേജസ്സ് പ്രകാശം പോലെയാണ്. അവന്റെ കൈയിൽ നിന്ന് പ്രകാശരശ്മികൾ പുറപ്പെടുന്നു. അവിടെയാണ് അവൻ തന്റെ ശക്തി മറച്ചുവെച്ചിരിക്കുന്നത്.' (ഹബക്കൂക്ക് 3: 3-4)***

റസൂൽ തിരുമേനി(സ) യുടെ പ്രകാശോജ്ജ്വലമായ അവതരണത്തിലേക്ക് നമുക്ക് നോക്കാം. ഒരു ഹദീസ് ഇപ്രകാരമാണ്.

***'റസൂൽ തിരുമേനി(സ) യുടെ മുഖം ചന്ദ്രനെപ്പോലെ വിളങ്ങി.' (തിർമിദി)***

***'റസൂൽ തിരുമേനി(സ)യെക്കാൾ മനോഹരമായി മന്ദസ്മിതം പൊഴിക്കുന്ന ഒരാളേയും ഞാൻ കണ്ടിട്ടില്ല.' (അബ്ദുല്ലാ ബിൻ ഹാരിസ്)***

***'അവിടുന്ന് എല്ലാവരേയും പ്രസാദാത്മകമായും ബഹുമാനപുരസ്സരവുമാണ് അഭിമുഖീകരിച്ചത്.'(ഹുസൈനുബ്നു അലി)***

***'എല്ലാഴ്പ്പോഴും അവിടുന്ന് സുസ്മേര വദനനായിരുന്നു.' (ഹരീദ്ബ്നു അബ്ദുല്ലാഹ്)***

1889 ൽ സ്ഥാപിച്ച് അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ സ്ഥാപ

കനായിരുന്ന ഹ്ദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) ക്രിസ്ത്യനികളും മുസ്ലിംകളും മറ്റെല്ലാ മതസ്ഥരും കാത്തിരുന്ന വാഗ്ദത്ത മസീഹും ഇമാം മഹ്ദി (അ)യുമാണെന്ന് വാദിക്കുകയുണ്ടായി. അദ്ദേഹത്തിന്ന് ദൈവവുമായി നിരന്തര ബന്ധമുണ്ടായിരുന്നു. ദൈവസന്നിധി പ്രാപിച്ച അദ്ദേഹത്തിന്റെ ശരീരത്തിൽ നിന്നും ദിവ്യതേജസ്സ് പ്രസരിച്ചുകൊണ്ടിരുന്നു. നമ്മെ ചലനം കൊള്ളിക്കുന്ന അദ്ദേഹത്തിന്റെ പ്രചോദനാത്മകമായ ഒരു പ്രാർത്ഥനയിതാ.

ഓ, എന്റെ ദൈവമേ എന്റെ ഹൃദയത്തിലും കാതുകളിലും പ്രകാശം വ്യാപിപ്പിക്കേണമേ. എന്റെ നയനങ്ങളിലും കാതുകളിലും നാവിലും പ്രകാശം പരത്തേണമേ എന്റെ വലവും ഇടവും പ്രകാശം നിറക്കേണമേ എന്റെ മുകളിലും താഴെയും പ്രകാശം പരത്തേണമേ. നിന്റെ പ്രകാശത്താല ഞാൻ വലയിതനാകേണമേ

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) ന്റെ മകൻ ഹദ്റത്ത് മിർസാ ബഷീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) എഴുതുന്നു:

*'മുൻഷി സാഹിബ് എന്നറിയപ്പെട്ട അദ്ദേഹത്തിന്റെ ഒരു ശിഷ്യനോട് താങ്കൾ അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽ ആകൃഷ്ടനാകാൻ കാരണമെന്തെന്ന് ചോദിക്കുകയുണ്ടായി. അദ്ദേഹത്തിൽ നിന്നുള്ള മറുപടി ഇപ്രകാരമായിരുന്നു.*

*മിർസാഗുലാം അഹ്മദ്(അ) സാഹിബിനെ അദ്ദേഹത്തിന്റെ വാദത്തിന്ന് മുമ്പ് തന്നെ എനിക്ക് അറിയാമായിരുന്നു. അത്രയും പരിശുദ്ധവും അത്രയും ആത്മീയ പ്രകാശത്താൽ പ്രോജ്ജ്വലവുമായ മറ്റൊരു മുഖം ഞാൻ എന്റെ ജീവിതത്തിൽ കണ്ടിട്ടില്ല. ആ പ്രകാശവും കാന്തശക്തിപോലെയുള്ള മാസ്മരികവുമായ അദ്ദേഹത്തിന്റെ വ്യക്തിത്വവുമായിരുന്നു അദ്ദേഹത്തിന്റെ വാദത്തിലേക്ക് എനിക്കുള്ള തെളിവുകൾ. ഞങ്ങൾ ആ വദന ദർശനത്തിന്ന് ഉള്ള അവസരം ലഭിക്കാൻ ഊഴം കാത്തിരുന്നു.'*

ഹദ്റത്ത് ഭായി അബ്ദുറഹ്മാൻ സാഹിബ് (റ) ഹ്ദത്ത് അഹ്മദ് (അ) മറ്റൊരു ശിഷ്യനായിരുന്നു. ഹദ്റത്ത് അഹ്മദ്(അ) ന്റെ ജീവിതത്തിന്റെ അവസാന ഘട്ടത്തിലെ മുഖഭാവത്തെ പറ്റി അദ്ദേഹം വിവരിക്കുന്നു.

അദ്ദേഹത്തിന്റെ മുഖത്ത് ഒരു പ്രത്യേക രീതിയിലുള്ള പ്രഭയായിരുന്നു ഉണ്ടായിരുന്നത്. അവാച്യമായ ശാന്തിയുടെയും ആനന്ദത്തിന്റെയും ഒരു തരത്തിലുള്ള ആത്മീയ പ്രകാശത്തിന്റേയും ആന്തരീയമായ പ്രതിഫലനം അദ്ദേഹത്തിന്റെ മുഖത്തെ പ്രകാശമാനമാക്കിയിരുന്നു.

ഭക്തി നിർഭരമായ പ്രാർത്ഥനയാലും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാനുള്ള കഠിന പ്രയത്നം കൊണ്ടും ഭക്തദാസന്മാരുടെ മുഖങ്ങളിൽ ഒരു പ്രത്യേക അടയാളമുണ്ടായിരിക്കുമെന്ന് അല്ലാഹു ഖുർആനിൽ പറയുന്നു.

നമിക്കുന്നവരും സാഷ്ടാംഗം പ്രണമിക്കുന്നവരുമായി നിനക്കവരെക്കാണാം. അവർ അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹങ്ങളും പ്രീതിയും അന്വേഷിച്ചുകൊണ്ടിരിക്കുന്നു. സാഷ്ടാംഗ പ്രണാമത്തിന്റെ ഫലമായി അവരുടെ മുഖങ്ങളിൽ അവയുടെ ലക്ഷണങ്ങളുണ്ട്. (48:30) ഇവിടെ പറഞ്ഞ മുഖങ്ങളിലെ ലക്ഷണം ആത്മീയ പ്രകാശമാണ്. സാഷ്ടാംഗ പ്രണാമത്താൽ ചിലരുടെ നെറ്റിയിൽ ഉണ്ടാവുന്ന് അടയാളത്തെപറ്റിയല്ല ഖുർആൻ വിവരിച്ച ഈ മുഖലക്ഷണം. സാത്വികമായ ജീവിതവും ഭക്തി നിർഭയമായ പ്രാർത്ഥനയാലും ഉണ്ടാവുന്നതാണ്. യാന്ത്രികമായി സാഷ്ടാംഗം പ്രണമിക്കുന്നവരുടെ നെറ്റിയിൽ അത്തരത്തിലുള്ള അടയാളമുമുണ്ടാവാൻ പ്രയാസമില്ല പക്ഷേ അത് സാത്വിക വിശുദ്ധിയുടെ അടയാളമാകുന്നില്ല. ഹദ്റത്ത് അഹ്മദ് (അ) ഭക്ത ദാസന്മാരുടെ മുഖത്ത് പ്രതിഫലിക്കുന്ന ഈ ആത്മീയ പ്രകാശത്തിന്റെ യഥാർത്ഥ്യത്തിലേക്ക് വിരൽ ചൂണ്ടുന്നത് കാണുക.

*'ഹൃദയ പരിശുദ്ധിയുള്ള ഒരാൾക്ക് മുഅ്ജിസത്തിന്റെ (ദിവ്യാത്ഭുത) ത്തിന്റെ ധാരാളം തെളിവുകൾ ആവശ്യമില്ല. അവർക്ക് ഒരടയാളം മാത്രം മതി. സത്യത്തിലേക്ക് ആകൃഷ്ടരാകുവാൻ '(ബറാഹീനെ അഹ്മദിയ്യാ)*

ഹദ്റത്ത് മീർസാ ബഷീർ അഹ്മദ് (റ) ദിവംഗതനായപ്പോൾ ഈസ്റ്റ് ആഫ്രിക്കൻ ടൈംസ് എന്ന പത്രം ഇങ്ങനെ എഴുതി.

*'ദൈവം അദ്ദേഹത്തിന്ന് സമ്പൽ സമൃദ്ധിയും സ്വാധീനവും നൽകിയിരുന്നു. പക്ഷേ അദ്ദേഹം വളരെ ലളിതവും സാത്വികവുമായ ജീവിതമാണ് നയിച്ചിരുന്നത്. അദ്ദേഹം എല്ലാവർക്കും പ്രാപ്യനായിരുന്നു. എല്ലാവരും അദ്ദേഹത്തെ അഗാധമായി സ്നേഹിച്ചു. എല്ലാവരും ആദരിച്ചു. ദീർഘകായനായിരുന്ന അദ്ദേഹം ഉത്സാഹിയായ ഒരു വ്യക്തിത്വമായിരുന്നു. എല്ലാവരോടും സ്നേഹത്തോടും അനുകമ്പയോടും കൂടിയായിരുന്നു അദ്ദേഹത്തിന്ന്. തന്റെ പിതാവിനെപ്പോലെ (വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) വളരെ പ്രതാപത്തോടെയായിരുന്നു അദ്ദേഹം തന്റെ ചുവടുകൾ വെച്ചിരുന്നത്. സാത്വികരുടെ ഒരു പ്രഭാവലയം അദ്ദേഹത്തിന്റെ മുഖത്ത് ഉണ്ടായിരുന്നു. അത് അദ്ദേഹത്തിന്റെ ശബ്ദത്തിലും പ്രകടമായിരുന്നു. അദ്ദേഹത്തെ കണ്ടുമുട്ടുന്നവരുടെ ഹൃദയത്തെ കവരുമായിരുന്നു. അദ്ദേഹത്തിന്റെ പ്രചോദനാത്മകമായ ശബ്ദം ആരും ശ്രവിച്ചുപോകുമായിരുന്നു. ഹ്ദത്ത് മീർസാ ബഷീർ അഹമദിന്റെ നിര്യാണത്തോടെ പ്രവാചകന്മാരുടെ ഒരു ചന്ദ്രനാണ് നഷ്ടപ്പെട്ടത്.' (കമറുൽ അംമ്പിആ:)*

**ശേഷം പേജ് 42 ൽ**

ഭാഗം – 24

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

ഇബ്നു വഫാ ബേപ്പൂർ

### ഹദ്റത്ത് മീർ നാസിർ നവാബ് സാഹിബിന്റെ ദുആ

ഹദ്റത്ത് ഗുലാം റസൂൽ സാഹിബ് രാജകി (റ) നിവേദനം ചെയ്യുകയാണു. ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ കാലത്ത് ഒരിക്കൽ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് (റ) തന്റെ ക്ലിനിക്കിൽ ഇരിക്കുകയായിരുന്നു. ഞാനും അവിടെയുണ്ട്. യാദൃഛികമായി നാനാജാൻ അതായത് ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ (റ) ന്റെ പിതാവ് ഹദ്റത്ത് മീർ നാസിർ നവാബ് സാഹിബ് (റ) അവിടെ വന്നു. മഹനീയരായ രണ്ടു പേരും പല കാര്യങ്ങളെ കുറിച്ചു സംസാരിക്കാൻ തുടങ്ങി. സംഭാഷണ മദ്ധ്യേ മൗലവി സാഹിബ്, നാസിർ നവാബ് സാഹിബിനോടു പറഞ്ഞു ഞാൻ കുറെ നാളുകളായി ഒരു കാര്യം ചോദിക്കാൻ വിചാരിക്കുകയായിരുന്നു. ഹദ്റത്ത് മീർ സാഹിബ് പറഞ്ഞു മടിക്കേണ്ട ചോദിച്ചോളൂ. അപ്പോൾ മൗലവി സാഹിബ് പറഞ്ഞു എനിക്കു താങ്കളെ നന്നായിട്ടറിയാം. ജമാഅത്തിൽ പ്രവേശിക്കുന്നതിനു മുമ്പ് എന്നെ പോലെ താങ്കളും അഹ്‌ലെ ഹദീസിന്റെ വക്താവായിരുന്നു. എന്നാൽ താങ്കളുടെ മകൾക്കു ഹദ്റത്ത് മസീഹ് മൗഊദിനെ പോലുള്ള ഒരു ഭർത്താവിനെ എങ്ങനെ കിട്ടി എന്താണതിന്റെ പുറകിലെ രഹസ്യം. ഹദ്റത്ത് നാസിർ നവാബ് സാഹിബ് പറഞ്ഞു യഥാർഥത്തിൽ ഇതു അല്ലാഹുവിന്റെ അപാരമായ അനുഗ്രഹമാണു. അതു തന്നേയാണു താങ്കൾ പറഞ്ഞ രഹസ്യം. എന്നാൽ എന്റെ ഈ മകൾ ജനിച്ചതു മുതൽ അവൾക്കു വേണ്ടി ദുആ ചെയ്യാത്ത ഒരു നമസ്ക്കാരവും ഞാൻ അനുഷ്ഠിച്ചിട്ടില്ല. അല്ലാഹുവേ നിന്റെ ദൃഷ്ടിയിൽ ഏറ്റവും ചേർചയും അനുഗുണനുമായ ഒരാളുമായി നീ ഇവളുടെ വൈവാഹിക ബന്ധം ഉറപ്പിക്കേണമേ എന്നു ഞാൻ അവളുടെ കുഞ്ഞു നാളുകൾ തൊട്ടു എപ്പോഴും ദുആ ചെയ്യാറുണ്ടായിരുന്നു. മൗലവി സാഹിബ് പറഞ്ഞു. ചില അവസരങ്ങളിൽ ചെയ്യപ്പെടുന്ന ദുആയുടെ ശരം, അൽപം പോലും ഉന്നം തെറ്റാതെ ലക്ഷ്യത്തിൽ ചെന്നു തറയ്ക്കുന്നു. അതു തന്നേയാണു ഇവിടേയും സംഭവിച്ചത്. എനിക്കിപ്പോൾ കാര്യം മനസ്സിലായി.

### മിനനുർ റഹ്മാനും ഹദ്റത്ത് മൗലവി സാഹിബും

ഹദ്റത്ത് മസീഹ് മൗഊദ് (അ) ബാബാ ഗുരു നാനക് (റഹ്) മുസ്‌ലിമായിരുന്നുവെന്ന അതി നൂതനമായ ഒരു സത്യം ലോകത്തിനു മുമ്പാകെ വെളിപ്പെടുത്തിയിരുന്നുവല്ലോ? അതേവർഷം 1895ൽ തന്നെ ഹദ്റത്ത് മസീഹ് മൗഊദ് (അ) നടത്തിയ മറ്റൊരു വെളിപ്പെടുത്തൽ അറബി ഭാഷയെ സംബന്ധിച്ചുള്ളതായിരുന്നു. അതിനായി ഹുസൂർ മിനനുർ റഹ്മാൻ എന്ന ഒരു ഗ്രന്ഥം അറബിയിൽ രചിക്കുകയുണ്ടായി. ആ ഗ്രന്ഥത്തിലൂടെ അറബി ഭാഷ മുഴുവൻ ഭാഷകളുടേയും മാതാവാണെന്നും സകല ഭാഷകളും അറബി ഭാഷയിൽ നിന്നും വ്യതിരൂപം പ്രാപിച്ചുണ്ടായതാണെന്നും ഹുസൂർ വെളിപ്പെടുത്തുകയുണ്ടായി. അതിനായി പല വിവരങ്ങളും വസ്തുതകളും കണ്ടെത്തുന്നതിനു വേണ്ടി മസീഹ് മൗഊദിനെ സഹായിച്ചവരിൽ രണ്ടു പേർ മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബും മൗലവി അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടിയുമായിരുന്നു. പല വിലയേറിയ വിവരങ്ങളും മസീഹ് മൗഊദിനു നൽകിയതിനു പുറമെ ഇംഗ്ലീഷിലും

മറ്റു ചില ഭാഷകളിലുമുള്ള ഗ്രന്ഥ ങ്ങൾ മൗലവി നൂറുദ്ദീൻ സാഹിബ് വില കൊടുത്തു വാങ്ങി മസീഹ് മൗഊദിനു നൽകിയിരുന്നു.

## ഹദ്റത്ത് മൗലവി സാഹിബിന്റെ മകളുടെ നിര്യാണം

1898 ആഗസ്റ്റ് 26-ാം തീയതി വെള്ളിയാഴ്ച്ച മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ 26-27 വയസ്സുള്ള മൂത്ത മകൾ ഉമാമ മരണമടയുകയുണ്ടായി. ഇവരുടെ വിവാഹം മൗലവി അബ്ദുല്ലാഹ് സാഹിബ് ഗസ്നവിയുടെ മകൻ മൗലവി അബ്ദുൽ വാഹിദ് ഗസ്ന വിയുമായിട്ടായിരുന്നു നടന്നിരുന്ന ത്. മൗലവി അബ്ദുല്ലാഹ് സാഹിബ് ഗസ്നവി (റഹ്മത്തുല്ലാഹ്) വലിയ സാത്വികനും ഭക്തനും വലിയുല്ലാഹ് ആയിട്ടുള്ള ഒരു മഹാത്മാവുമാണ്. അദ്ദേഹത്തിന്റെ പുത്രനെന്ന നില ക്കാണ് മൗലവി അബ്ദുൽ വാഹിദി നു തന്റെ മകളെ ഹദ്റത്ത് മൗലവി സാഹിബ് വിവാഹം ചെയ്തു കൊടുത്തത്. എന്നാൽ വ്യസനകര മെന്നു പറയട്ടെ, പിൽകാലത്ത് ഇദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കഠിന ശത്രുവായി മാറിയിരുന്നു.

യൗവനയുക്തയായ തന്റെ പ്രിയ മകളുടെ മരണം അല്ലാഹു വിന്റെ വിധിയാണെന്നു മനസ്സിലാ ക്കി മൗലവി സാഹിബ് പൂർണമാ യും ക്ഷമ കൈകൊണ്ടു. അനുശോ ചനത്തിനും ജനാസ നമസ്ക്കാര ത്തിനുമായി സന്നിഹിതരായിരുന്ന വരെ അഭിസംബോധന ചെയ്തു കൊണ്ട് മൗലവി സാഹിബ് പറഞ്ഞു. നോക്കു ഇത്രയേയുള്ളു മനുഷ്യന്റെ കാര്യം. എന്നിട്ടുമവൻ മറ്റുള്ളവരോടു കളവ്, വഞ്ചന, ചതി, അസൂയ, വെറുപ്പ്, പക, വിദ്വേഷം വെച്ചു പുലർത്തുന്നു. ജനാസ നമസ്ക്കാരത്തിൽ ഹദ്റത്ത് മസീഹ് മൗഊദും (അ) പങ്കെടുത്തിട്ടുണ്ടാ യിരുന്നു.

## കപൂർത്തലയിലേക്കൊരു യാത്ര

കപൂർത്തലയിൽ ഗവർമെന്റ് ഓഫീസറായിരുന്ന ഖാൻ മുഹമ്മദ് ഖാൻ സാഹിബ് രോഗം പിടിപെട്ടു കിടപ്പിലായിരുന്നു. അദ്ദേഹത്തിന്റെ ചികിത്സക്കു വേണ്ടി ഹദ്റത്ത് മസീഹ് മൗഊദിന്റെ നിർദേശാ നുസരണം ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് 1903 ഒക്റ്റോബർ 4-ാം തീയതി കപൂർത്ത ലയിലേക്കൊരു യാത്ര ചെയ്തിട്ടു ണ്ടായിരുന്നു. മൂന്നുദിവസം അവി ടെ തങ്ങിയ ശേഷം 7-ാം തീയതി മൗലവി സാഹിബ് തിരിച്ചു ഖാദിയാ നിലേയ്ക്കു വരികയും ചെയ്തു. കപൂർത്തല ജമാഅത്ത് മൗലവി സാഹിബിന്റെ ഈ സന്ദർശനം പ്രയോജനപ്പെടുത്തിക്കൊണ്ട് അവിടെ ഒരു പൊതു യോഗം സംഘടിപ്പിച്ചു. അവിടെ മൗലവി സാഹിബ് വിലയേറിയ ധാരാളം ഉപദേശങ്ങൾ നൽകിയതിനു പുറമെ ദൈവാസ്തിക്യം, തഖ്ദീറെ ഇലാഹി (ദൈവ വിധി), അല്ലാഹു വിന്റെ മലക്കുകൾ എന്നീ വിഷയ സംബന്ധമായി വളരെ സുദീർ ഘവും ആശയസംപുഷ്ടവുമായ ഒരു പ്രസംഗം ചെയ്യുകയുണ്ടായി.

## ഗുരുദാസ്പൂരിലേയ്ക്കു മസീഹ് മൗഊദിനോടൊപ്പം

ഹദ്റത്ത് മസീഹ് മൗഊദി ന്റെ പിതൃ സഹോദര പുത്രന്മാരായ മിർസാ ഇമാമുദ്ദീനും മിർസാ നിസാമുദ്ദീനും മസീഹ് മൗഊദി നേയും സഹാബാക്കളേയും ദ്രോഹിക്കുന്നതിനും പള്ളിയിലേ യ്ക്കു വരുന്നത് തടയുന്നതിനുമായി മസ്ജിദ് മുബാറക്കിന്റെ മുന്നിൽ ഒരു മതിൽ പണിതിരുന്നു. ഇതിൽ നിന്നും അവരെ തടയുന്നതിനു വേണ്ടി സാദ്ധ്യമായ എല്ലാ അനുര ഞ്ജനങ്ങളും പരാജയപ്പെട്ടപ്പോൾ ഹുസൂറിനു അവർക്കെതിരിൽ കോടതിയിൽ കേസ്സ് ഫയൽ ചെയ്യേണ്ടി വന്നു. ആ കേസ്സിന്റെ വിസ്താരത്തിന്നായി ഹുസൂർ 1901 ജനുവരി 15-ാം തീയതി ഗുരുദാസ് പൂരിലേയ്ക്കു പോയിട്ടുണ്ടായിരു ന്നു. ആ അവസരത്തിൽ ഹുസൂറി ന്റെ നിർദേശാനുസരണം ഹദ്റത്ത് മൗലവി സാഹിബും കൂടെ ഉണ്ടാ യിരുന്നു.

## അബ്ദുൽ വഹാബ് സാഹിബിന്റെ ജനനം

1908 ഫിബ്രവരി 8-ാം തീയതി മൗലവി സാഹിബിനു മൂന്നാമതൊ രു മകൻ പിറന്നു. ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) ആ കുട്ടിക്കു അബ്ദുൽ വഹാബ് എന്നു പേരു നൽകി.

## അല്ലാഹുവിന്റെ അദൃശ്യ സഹായങ്ങൾ

1896 ൽ ഹദ്റത്ത് നവാബ് മുഹമ്മദ് അലി ഖാൻ സാഹിബിന്റെ അപേക്ഷ പ്രകാരം അദ്ദേഹത്തെ ഖുർആൻ പഠിപ്പിക്കുന്നതിനു വേണ്ടി ഹദ്റത്ത് മസീഹ് മൗഊദ് (അ) ഹദ്റത്ത് മൗലവി സാഹിബി നെ മാലേർകോട്‌ലയിലേയ്ക്കു അയച്ച വിവരം ഇതിനു മുമ്പ് വിവരിച്ചിട്ടുണ്ടായിരുന്നു. ആ അവസരത്തിൽ മൗലവി സാഹിബി ൽ നിന്നു ഖുർആൻ പഠിക്കുന്നതി നായി മൗലവി സാഹിബിന്റെ ധാരാളം ശിഷ്യരും മാലേർകോട്‌ല യിൽ എത്തിച്ചേർന്നിരുന്നു. അവരിൽ എടുത്തു പറയേണ്ട രണ്ടു പ്രധാനികൾ ഹദ്റത്ത് ഭായി അബ്ദുർ റഹീം സാഹിബും ഹദ്റത്ത് ഭായി അബ്ദുർ റഹ്മാൻ സാഹിബ് ഖാദിയാനിയുമായിരുന്നു. ഇവരുടെയെല്ലാം താമസത്തിന്റേ യും ഭക്ഷണത്തിന്റേയും മുഴുവൻ ഏർപ്പാടുകളും ഹദ്റത്ത് നവാബ് മുഹമ്മദ് അലി ഖാൻ സാഹിബ് തന്നെയായിരുന്നു ചെയ്തിരുന്നത്.

ആ സമയം ഭേര സ്വദേശി യായ ഡോക്റ്റർ ഭഗത് റാം സാഹ്നി മാലേർകോട്‌ലയിൽ പ്രാക്റ്റീസ് ചെയ്യുന്നുണ്ടായിരുന്നു. ഒരേ നാട്ടുകാരാണെന്നതിനു പുറമെ അദ്ദേഹം കശ്മീരിലും ജോലി ചെയ്തിട്ടുണ്ടായിരുന്നു. ആ കാലം മുതൽ തന്നെ അദ്ദേഹം മൗലവി

സാഹിബിനോടു വളരെ ആദരവും ബഹുമാനവും കാണിച്ചിരുന്നു. ഒരിക്കൽ ഡോക്റ്റർ ഭഗത് റാം മൗലവി സാഹിബിനോടു പറഞ്ഞു ഞാൻ ഇവിടെ നിന്നു പുറത്ത് എവിടേയും പോകാറില്ല. എന്നാലും മാസം ആയിരം രൂപയുടെ വരുമാനം ഉണ്ടാകാറുണ്ട്. അപ്പോൾ ഹദ്റത്ത് മൗലവി സാഹിബും പറഞ്ഞു ഞാനും ഇവിടെ നിന്നു എവിടേയും പോകാറില്ല, അത്ര തന്നെ വരുമാനം എനിക്കും ഇവിടെ നിന്നു ലഭിക്കാറുണ്ട്.

ഒരിക്കൽ ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് താൻ മാലേർകോട്‌ലയിൽ തങ്ങിയ ഏതാനും മാസങ്ങളെ പരാമർശിച്ചു നവാബ് മുഹമ്മദ് അലി ഖാൻ സാഹിബിനു ഒരു കത്തയച്ചു. ആ അവസരത്തിൽ തനിക്കുണ്ടായിരുന്ന വരുമാനത്തെ കുറിച്ചും അദൃശ്യകരമായ രീതിയിൽ അല്ലാഹുവിൽ നിന്നു ലഭിച്ച റിസ്ഖിനെ സംബന്ധിച്ചുമായിരുന്നു എഴുതിയിട്ടുണ്ടായിരുന്നത്. എന്റെ ഈ എഴുത്ത് താങ്കൾ ശ്രദ്ധാപൂർവം വായിക്കണം എന്ന മുഖവുരയോടെ മൗലവി സാഹിബ് എഴുതുകയാണു ഖുർആനിൽ ഇങ്ങനെ ഒരു ആയത്തുണ്ട്.

وَمَنْ يَتَّقِ اللّٰهَ يَجْعَلْ لَهُ مَخْرَجًا
وَيَرْزُقْهُ مِنْ حَيْثُ لَا يَحْتَسِبُ

വല്ലവനും അല്ലാഹുവിനെ സൂക്ഷിക്കുന്നതായാൽ (തഖ്‌വ കൈകൊള്ളുകയാണെങ്കിൽ) അവനു അല്ലാഹു(വിഷമങ്ങളിൽ നിന്നു) രക്ഷപ്പെടാനുള്ള മാർഗമുണ്ടാക്കിക്കൊടുക്കുന്നതാണ്. അവൻ ഉദ്ദേശിക്കാത്ത ഭാഗത്തൂടെ അല്ലാഹു അവനു ഉപജീവനം (റിസ്ഖ്) നൽകുകയും ചെയ്യും (ഖുർആൻ 65:4) എന്നിട്ടു മൗലവി സാഹിബ് എഴുതുകയാണ് മാലേർകോട്‌ലയിൽ എനിക്കു വലിയ വലിയ ആവശ്യങ്ങൾ നേരിട്ടുണ്ടായിരുന്നു. ഓരോ മാസവും രണ്ടായിരത്തി അഞ്ഞൂറോളം രൂപ ചിലവാകുമായിരുന്നു. എന്നാൽ അത്രയും പണം എന്റെ കൈയിൽ എവിടന്നു വന്നുവെന്നു താങ്കൾക്കു ഊഹിക്കാൻ പറ്റുമോ? ഒരു പക്ഷേ, പത്തു മുന്നൂറ് രൂപയുടെ വരവിന്റെ കാര്യം താങ്കൾക്കു അറിയാമായിരിക്കാം. ബാക്കിയെവിടന്നു വന്നു. അതെന്റെ കാരുണ്യവാനായ റബ്ബിനല്ലാതെ മറ്റാർക്കും അറിയില്ല. എന്റെ ഭാര്യക്കു പോലും.

## മൗലവി സാഹിബ് നിർവഹിച്ച ചില സുപ്രധാന നിക്കാഹ് ഖുതുബകൾ

1. ഹദ്റത്ത് നവാബ് മുഹമ്മദ് അലി ഖാൻ സാഹിബിന്റെ ആദ്യ ഭാര്യയുടെ നിര്യാണത്തിനു കുറച്ചു നാളുകൾക്കു ശേഷം ഒരു പുനർവിവാഹത്തെ കുറിച്ചാലോചിക്കാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) അദ്ദേഹത്തോട് പറയാറുണ്ടായിരുന്നു. ആ കാര്യത്തിൽ ഹുസൂർ അദ്ദേഹത്തെ നിർബന്ധിക്കാറുമുണ്ടായിരുന്നു. അങ്ങനെ അദ്ദേഹം രണ്ടാമതൊരു വിവാഹം ചെയ്യാൻ സമ്മതിച്ചു. 1898 നവംബറിലായിരുന്നു ആ വിവാഹം നടന്നത്. നവാബ് സാഹിബ് ആഗ്രഹം പ്രകടിപ്പിച്ചതനുസരിച്ചു നിക്കാഹ് ഖുത്ബയ്ക്കായി ഹുസൂർ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിനെ മാലേർകോട്ടിലയിലേയ്ക്ക് അയക്കുകയും ചെയ്തിരുന്നു.

2. ഹദ്റത്ത്മസീഹ് മൗഊദിന്റെ മകൻ ഖമറുൽ അമ്പിയാ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ യുടെ വിവാഹം ഹദ്റത്ത് മൗലവി ഗുലാം ഹസ്സൻ ഖാൻ സാഹിബ് പിശാവരിയുടെ മകൾ, സാഹിബ് സാദി ഹദ്റത്ത് സർവർ സുൽത്താന സാഹിബയുമായി തീരുമാനിക്കപ്പെട്ടിരുന്നു. ആയിരം രൂപയായിരുന്നു ഹഖ് മഹർ നിശ്ചയിക്കപ്പെട്ടത്. ഈ വിവാഹം 1902 സപ്റ്റംബർ 12-ാം തീയതി നടന്നു. ഈ നിക്കാഹ് ഖുത്ബയും ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് തന്നെയായിരുന്നു നിർവഹിച്ചത്.

3. ഹദ്റത്ത് മസീഹ് മൗഊദിന്റെ സീമന്ത പുത്രൻ, സാഹിബ്സാദാ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് ഖലീഫത്തുൽ മസീഹ് സാനി അൽ മുസ്‌ലിഹ് മൗഊദി (റ) ന്റെ വിവാഹം ഹദ്റത്ത് ഡോക്ടർ ഖലീഫാ റശീദുദ്ദീൻ സാഹിബിന്റെ മകൾ സാഹിബ്സാദി ഹദ്റത്ത് മഹ്മൂദാ ബേഗം സാഹിബയുമായി 1902 ഒക്ടോബർ 2-ാം തീയതി നടത്താൻ തീരുമാനിക്കപ്പെട്ടു. ഹഖ് മഹർ ആയിരം രൂപയായിരുന്നു നിശ്ചയിക്കപ്പെട്ടത്. ഡോക്ടർ ഖലീഫാ റശീദുദ്ദീൻ സാഹിബിനു ആ സമയം ഉത്തർപ്രദേശിലെ റൂഡ്ക്കി ആശുപത്രിയിലായിരുന്നു ജോലി. അതിനാൽ അവർ കുടുംബ സമേതം റൂഡ്ക്കിയിലായിരുന്നു താമസിച്ചിരുന്നത്. ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ നിർദ്ദേശ പ്രകാരം നിക്കാഹ് ഖുത്ബ നിർവഹിച്ചത് ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബായിരുന്നു. അതിനായി അദ്ദേഹം ഖാദിയാനിൽ നിന്നും റൂഡ്ക്കിലേയ്ക്കു നേരത്തെ തന്നെ യാത്ര പുറപ്പെട്ടിട്ടുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ആ ചടങ്ങിൽ പങ്കെടുത്തിട്ടുണ്ടായിരുന്നില്ല. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്മഹു) മിർസാ നാസ്സിർ അഹ്മദ് സാഹിബിന്റെ മാതാവായ ഹദ്റത്ത് മഹ്മൂദാ ബേഗം സാഹിബ പിന്നീട് ഉമ്മു നാസ്സിർ എന്ന പേരിലാണു അറിയപ്പെട്ടിരുന്നത്.

4. ഹദ്റത്ത് മീർ നാസ്സിർ നവാബ് സാഹിബിന്റെ മകനും ഉമ്മുൽ മുഅ്മിനീന്റെ സഹോദരനുമായ ഹദ്റത്ത് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബിന്റെ വിവാഹം 1906 ഫിബ്രവരി 5-ാം തീയതി ഹദ്റത്ത് പീർ മൻസൂർ മുഹമ്മദ് സാഹിബിന്റെ മകൾ സ്വാലിഹ ഖാത്തൂനുമായി നടന്നു. മൗലവി സാഹിബായിരുന്നു നിക്കാഹ് ഖുത്ബ നിർവഹിച്ചത്. ഈ ചടങ്ങിൽ ഹദ്റത്ത് മസീഹ് മൗഊദും (അ) സന്നിഹിതനായിരുന്നു.

5. ഹദ്റത്ത് മസീഹ് മൗഊദിന്റെ

മറ്റൊരു പുത്രൻ ഹദ്റത്ത് സാഹിബ് സാദാ മിർസാ ശരീഫ് അഹ്മദ് സാഹിബിന്റെ വിവാഹം 1906 നവംമ്പർ 15-ാം തീയതി ഹദ്റത്ത് നവാബ് മുഹമ്മദ് അലി ഖാൻ സാഹിബിന്റെ മകൾ ബൂ സൈനബ് ബേഗം സാഹിബയുമായി ആയിരം രൂപ ഹഖ് മഹറിൽ നടന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഈ ചടങ്ങിൽ സന്നിഹിതനായിരുന്നു. മൗലവി നൂറുദ്ദീൻ സാഹിബ് തന്നെയായിരുന്നു നിക്കാഹ് ഖുത്ബ നിർവഹിച്ചത്. തന്റെ ഖുത്ബയിൽ മൗലവി സാഹിബ് പറഞ്ഞു അല്ലാഹു നമ്മുടെ ഇമാമിനേയും ആദം എന്നു വിശേഷിപ്പിച്ചിരിക്കുന്നു എന്നുള്ളത് നമ്മെ സംബന്ധിച്ചിടത്തോളം അഭിമാനകരമായ കാര്യമാണു.

يَا أَيُّهَا النَّاسُ اتَّقُوا رَبَّكُمُ الَّذِي خَلَقَكُمْ
مِنْ نَفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا
وَبَثَّ مِنْهُمَا رِجَالًا كَثِيرًا وَنِسَاءً

മനുഷ്യരെ, നിങ്ങളെ ഒരേയൊരു സത്തയിൽ നിന്നു സൃഷ്ടിക്കുകയും അതിൽ (അതിന്റെ വർഗത്തിൽ) നിന്നു അതിന്റെ ഇണയേയും സൃഷ്ടിക്കുകയും അവ രണ്ടിൽ നിന്നുമായി നിരവധി പുരുഷന്മാരേയും സ്ത്രീകളേയും (ലോകത്ത് സൃഷ്ടിച്ചു) വ്യാപിപ്പിക്കുകയും ചെയ്ത നിങ്ങളുടെ നാഥനെ നിങ്ങൾ സൂക്ഷിച്ചുകൊള്ളുക..(ഖുർആൻ 4:2) ഇതിൽ പറഞ്ഞ بَثَّ مِنْهُمَا رِجَالًا كَثِيرًا وَنِسَاءً എന്നതിലൂടെ ആ ആദമിന്റെ സന്താന പരമ്പര ഭൂമിയിലങ്ങോളമിങ്ങോളം വ്യാപിക്കുമെന്നാണു വെളിപ്പെടുത്തിയിരിക്കുന്നത്. ആ ആദവുമായി ബന്ധമുണ്ടാക്കുന്നവർ മഹാ ഭാഗ്യവാന്മാരായിരിക്കുമെന്നു തന്നേയാണു എന്റെ വിശ്വാസം. അദ്ദേഹത്തിന്റെ ആ സന്താന പരമ്പരയിൽ അല്ലാഹുവിനാൽ തെരഞ്ഞെടുക്കപ്പെട്ടവരും അല്ലാഹുവിന്റെ ഭാഷണം സിദ്ധിച്ചവരും ഉണ്ടാകും.

6. ചെറിയ പ്രായത്തിൽ മരിച്ചുപോയ ഹദ്റത്ത് മസീഹ് മൗഊദിന്റെ മകൻ സാഹിബ് സാദാ മിർസാ മുബാറക്ക് അഹ്മദ് സാഹിബിന്റെ നിക്കാഹ് ഹദ്റത്ത് ഡോക്ടർ സയ്യിദ് അബ്ദുസ് സത്താർ സാഹിബിന്റെ മകൾ മറിയം സാഹിബയുമായും മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ മകൻ മിയാ അബ്ദുൽ ഹൈയ് സാഹിബിന്റെ നിക്കാഹ് ഹദ്റത്ത് പീർ മൻസൂർ മുഹമ്മദ് സാഹിബിന്റെ മകൾ ഹാമിദാ ബേഗം സാഹിബയുമായും നിശ്ചയിക്കപ്പെട്ടിട്ടുണ്ടായിരുന്നു. ഈ രണ്ടു നിക്കാഹുകളും മസ്ജിദ് മുബാറക്കിൽ അസ്ർ നമസ്ക്കാരാനന്തരം ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ മഹനീയ സാന്നിദ്ധ്യത്തിൽ 1907 ആഗസ്റ്റ് 30-ാം തീയതി നടന്നു. മൗലവി സാഹിബായിരുന്നു നിക്കാഹ് ഖുത്ബ നിർവഹിച്ചിട്ടുണ്ടായിരുന്നത്. എന്നാൽ വ്യസനകരമെന്നു പറയട്ടെ ഈ നിക്കാഹ് നടന്നു കേവലം പതിനാറു ദിവസങ്ങൾക്കു ശേഷം മിർസാ മുബാറക്ക് അഹ്മദ് സാഹിബ് വഫാത്തായി.

7. ഹദ്റത്ത് മസീഹ് മൗഊദിന്റെ മൂത്ത മകൾ ഹദ്റത്ത് നവാബ് മുബാറക്കാ ബേഗം സാഹിബയുടെ വിവാഹം മാലേർകോട്ട്ലയിലെ പ്രമാണിയും വലിയ ധനികനും ഭൂവുടമയും വളരെ സാത്വികനുമായ ഹദ്റത്ത് നവാബ് മുഹമ്മദ് അലി ഖാൻ സാഹിബുമായി നിശ്ചയിക്കപ്പെട്ടിട്ടുണ്ടായിരുന്നു. അമ്പത്താറായിരം (56,000) രൂപയായിരുന്നു ഹഖ് മഹർ. 1908 ഫിബ്രവരി 17-ാം തീയതി അസർ നമസ്ക്കാരത്തിനു ശേഷമായിരുന്നു നിക്കാഹ്. ഹദ്റത്ത് മസീഹ് മൗഊദി (അ)ന്റെ സാന്നിദ്ധ്യത്തിൽ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് (റ) തന്നെയായിരുന്നു നിക്കാഹ് ഖുത്തുബ നിർവഹിച്ചത്.

## ഹെൻറി മാർട്ടിൻ ക്ലാർക്കിന്റെ കേസ്സിൽ സാക്ഷി വിസ്താരം

റവറന്റ്ഡോക്റ്റർ ഹെൻറി മാർട്ടിൻ ക്ലാർക്ക് (Reverent Dr.Henry Martyn Clark) ഹദ്റത്ത് മസീഹ് മൗഊദിന്നെതിരിൽ കെട്ടിച്ചമച്ച ഒരു കേസ്സ് നമ്മുടെ ജമാഅത്തിൽ വളരെ പ്രശസ്തമാണ്. തന്നെ വധിക്കുവാനായി ഒരു യുവാവിനെ അമൃതസറിലേയ്ക്കു അയച്ചുവെന്നതായിരുന്നു ഹെൻറി മാർട്ടിൻ ക്ലാർക്കിന്റെ ആരോപണം. ഒരിക്കൽ അബ്ദുൽ ഹമീദ് എന്നു പേരുള്ള ഒരു യുവാവ് ഖാദിയാനിൽ വന്നു. ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിനെ സമീപിച്ചു കൊണ്ട് താൻ ഹദ്റത്ത് മൗലവി ബുർഹാനുദ്ദീൻ സാഹിബ് ജഹ്ലമിയുടെ സഹോദര പുത്രനാണെന്നു പറഞ്ഞു. അതു കേട്ടപ്പോൾ മൗലവി നൂറുദ്ദീൻ സാഹിബ് അവനോടു വളരെ സ്നേഹത്തോടും അനുഭാവപൂർവവും വർത്തിക്കാൻ തുടങ്ങി. ഏതാനും ദിവസങ്ങൾക്കു ശേഷം അവൻ ബൈഅത്തു ചെയ്യണമെന്നു ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ അവനേയും കൂട്ടി മൗലവി സാഹിബ് ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ അടുക്കൾ ചെന്നു. പക്ഷേ, ഹുസൂർ തന്റെ കാര്യ പരിജ്ഞാനത്താലും ദീർഘ വീക്ഷണത്താലും അവനെ കണ്ടപ്പോൾ തന്നെ അവനെ കുറിച്ചു ചിലതു മനസ്സിലാക്കി. അതിനാൽ ഹുസൂർ അവന്റെ ബൈഅത്തു സ്വീകരിക്കാൻ വിസമ്മതിച്ചു. മാത്രവുമല്ല അവൻ ഖാദിയാനിൽ തുടരുന്നതും ഹദ്റത്ത് അഖ്ദസ് ഇഷ്ടപ്പെട്ടില്ല. ഇതൊക്കെ അവനെ ചൊടിപ്പിച്ചു.

പിന്നീടവൻ ഖാദിയാനിൽ നിന്നും ആദ്യം ബട്ടാലയിലും പിന്നീട് അമൃതസറിലും ചെന്ന് ജമാഅത്തിന്റെ ശത്രുക്കളായ പല ക്രിസ്തീയ പാതിരിമാരേയും സന്ദർശിച്ചു. അവരോടെല്ലാം തന്നെ താൻ ക്രിസ്തു മതം സ്വീകരിക്കാൻ ആഗ്രഹിക്കുന്നതായി പറഞ്ഞു. അവസാനം അവൻ സമീപിച്ചതു അമൃത്സർ ജില്ലയിലെ മെഡിക്കൽ മിഷ്യന്റെ ഇൻചാർജ് ആയിരുന്ന റവറന്റ് ഡോക്റ്റർ ഹെൻറി മാർട്ടിൻ ക്ലാർക്കിനെയായിരുന്നു. അയാൾ മസീഹ് മൗഊദിന്റേയും ജമാഅത്തിന്റേയും കഠിന ശത്രുവായിരു

ന്നു. അബ്ദുൽ ഹമീദ് ഖാദിയാനിൽ നിന്നാണു വരുന്നതെന്നറിഞ്ഞപ്പോൾ അവനെ തങ്ങളുടെ വരുതിയിലാക്കി ഹദ്റത്ത് മസീഹ് മൗഊദി (അ) നെതിരായി അവനെ ഉപയോഗപ്പെടുത്താനും തീരുമാനിച്ചു.

1897 ആഗസ്റ്റ് 1-ാം തീയതി ഹെൻറി മാർട്ടിൻ ക്ലാർക്ക് അമൃത്സർ ജില്ലാ മജിസ്ട്രേറ്റ് ഏ.ഇ.മാർട്ടീനോ (A.E.Martineau) യുടെ കോടതിയിൽ അബ്ദുൽ ഹമീദ് എന്നു പേരുള്ള ഒരു യുവാവിനെ ഖാദിയാനിലുള്ള (ഹദ്റത്ത്) മിർസാ ഗുലാം അഹ്മദ് (അ)തന്നെ കൊല്ലാനായി അയച്ചു എന്ന ഒരു കേസ് ഫയൽ ചെയ്തു. ജഡ്ജി ഹെൻറി മാർട്ടിന്റേയും അബ്ദുൽ ഹമീദിന്റെയും മൊഴി രേഖപ്പെടുത്തിയ ശേഷം മസീഹ് മൗഊദിനെതിരിൽ അറസ്റ്റ് വാറന്റ് പുറപ്പെടുവിക്കുകയും ഇരുപതിനായിരം രൂപയുടെ രണ്ടാൾ ജാമ്യം ആവശ്യപ്പെടുകയും ചെയ്തു.

എന്നാൽ അല്ലാഹുവിന്റെ അസാധാരണമായ നടപടി നോക്കൂ ആ വാറന്റ് എവിടെ പോയെന്നറിഞ്ഞില്ല. അത് ഗുരുദാസ്പൂരിൽ എത്തിയതേയില്ല. മാത്രവുമല്ല മറ്റൊരു ജില്ലയിലുള്ള ഒരാൾക്കെതിരിൽ അറസ്റ്റ് വാറന്റ് പുറപ്പെടുവിക്കാനുള്ള അധികാരം തനിക്കില്ലെന്ന തിരിച്ചറിവ് ഒരാഴ്ചക്കു ശേഷമാണു അമൃത്സർ ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റ് മാർടീനോയ്ക്കുണ്ടായത്. അദ്ദേഹം ഉടനെ കമ്പി സന്ദേശത്തിലൂടെ ഗുരുദാസ്പൂർ ഡെപ്യൂട്ടി കമ്മീഷ്ണറും ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റുമായ ലെഫ്റ്റനന്റ് കേണൽ മൊൺടാഗ് വില്ല്യം ഡഗ്ളസിനോടു (Lieutenant colonel Montague Willium Douglas) മിർസാ ഗുലാം അഹ്മദിന്നെതിരിൽ താൻ പുറപ്പെടുവിച്ച അറസ്റ്റു വാറന്റ് നിർത്തിവെക്കാൻ ആവശ്യപ്പെട്ടു. ഈ സന്ദേശം കിട്ടിയപ്പോൾ അവർ ആകെ അമ്പരന്നു. കാരണം അത്തരത്തിലുള്ള ഒരു വാറന്റ് അവരുടെ ജില്ലയ്ക്കു കിട്ടിയതേയില്ലായിരുന്നു.

1897 ആഗസ്റ്റ് 7-ാം തീയതി ഈ കേസ്സ് ഗുരുദാസ്പൂരിലേയ്ക്കു മാറ്റി. 9-ാം തീയതി ഗുരുദാസ്പൂർ ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റ്, ഹദ്റത്ത് മസീഹ് മൗഊദിനോടു 10-ാം തീയതി ബട്ടാല കോടതിയിൽ ഹാജരാകാനായി സമൻസ് അയച്ചു. അന്നേ ദിവസം ഹദ്റത്ത് മസീഹ് മൗഊദ് (അ) സമയത്തിനു മുമ്പു തന്നെ തന്റെ ചില പ്രധാന സഹാബാക്കളോടൊപ്പം കോടതിയിൽ എത്തി. മസീഹ് മൗഊദിന്നെതിരിൽ ക്രിസ്തീയ പാതിരിമാരുടെ ഭാഗത്തു സാക്ഷി പറയുവാനായി മുഹമ്മദ് ഹുസൈൻ ബട്ടാലവി തന്റെ കൂട്ടാളികളോടൊപ്പം കോടതി പരിസരത്തു എത്തിയിട്ടുണ്ടായിരുന്നു. ഡോക്റ്റർ ഹെൻറി മാർട്ടിൻ ക്ലാർക്കിനു താൻ ഒരു ആഗ്ളിക്കൻ മിഷ്യനറിയാണെന്നും അതിനാൽ ഇംഗ്ലീഷ് ന്യായാസനത്തിൽ നിന്നും തനിക്കു തീർച്ചയായും മുൻഗണനയും മേൽ കൈയും ലഭിക്കുമെന്നും അയാൾ തെറ്റിദ്ധരിച്ചു. കേസ്സിന്റെ പലഘട്ടങ്ങളിൽ അയാൾ പലതരത്തിലുള്ള കള്ളത്തരങ്ങൾ ചെയ്യാൻ ശ്രമിച്ചെങ്കിലും നീതിമാനായ ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റ് കേണൽ വില്ല്യം ഡഗ്ളസിനു മുന്നിൽ അതൊന്നും തന്നെ വില പോയില്ല. മറ്റൊന്നു താൻ നീതി നടത്തുന്ന ഈ കേസ്സിലെ പ്രതിയുടെ യഥാർഥ മഹത്വം അന്നു കേണൽ ഡഗ്ളസിനു അറിഞ്ഞുകൂടായിരുന്നു.

മുഹമ്മദ് ഹുസൈൻ ബട്ടാലവിയെ വിളിക്കുന്നതിനു മുമ്പ് മൗലവി സാഹിബിനെ സാക്ഷി വിസ്താരത്തിനായി കോടതി വിളിച്ചു. ലളിതവും യാതൊരു മോടിയുമില്ലാത്ത വേഷവിധാനവും അയഞ്ഞ തലപ്പാവും ചോദിക്കുന്ന ചോദ്യങ്ങൾക്കുള്ള കൃത്യമായ മറുപടിയും അതു വിവരിക്കുന്ന രീതിയും ജഡ്ജ് വില്യം ഡഗ്ളസിനെ വല്ലാതെ ആകർഷിച്ചു. ആ കാര്യം അദ്ദേഹം തന്റെ റീഡർ രാജാ ഗുലാം ഹൈദർ ഖാൻ സാഹിബിനോടു പറയുകയും ചെയ്തിരുന്നു. കോടതി വിസ്താരത്തിനു ശേഷം തനിക്കു പുറത്തു പോകാൻ പറ്റുമോ അതോ ഇവിടെ കോടതിക്കകത്തു തന്നെ ഇരിക്കണമോ എന്നു മൗലവി സാഹിബ് ജഡ്ജിയോടു ചോദിച്ചു. മൗലവി സാഹിബ്! താങ്കൾ ആഗ്രഹിക്കുന്നതു പോലെ എവിടെ വേണമെങ്കിലും പോകാമെന്നു അതിനു ജഡ്ജി മറുപടി പറഞ്ഞു. ഈ കേസ്സുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും, ആ അവസരത്തിൽ പല രീതിയിൽ മുഹമ്മദ് ഹുസൈൻ ബട്ടാലവി നേരിട്ട അപമാനവും മാനഹാനിയും മസീഹ് മൗഊദിനു (അ) ലഭിച്ച വിജയവും ആദരവും കേസ്സിന്റെ പരിണാമവും എല്ലാം തന്നെ നമ്മുടെ ചരിത്ര ഗ്രന്ഥങ്ങളിൽ സവിസ്തരം പ്രതിപാദിച്ചതും വായനക്കാർക്കു അറിവുള്ളതുമായതിനാൽ അതിവിടെ ആവർത്തിക്കുന്നില്ല.

എങ്കിലും വായനക്കാരുടെ അറിവിലേക്കായി മറ്റു ചില കാര്യങ്ങൾ വിവരിക്കുകയാണ്. ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) കേണൽ വില്ല്യം ഡഗ്ളസ് എന്ന ന്യായാധിപനെ പല അവസരങ്ങളിൽ നീതിമാനും സദ്വൃത്തനും വിവേകിയും ബുദ്ധിമാനും ദൈവ ഭയമുള്ളയാളുമാണെന്നു പറയുകയും അദ്ദേഹം മുഹമ്മദീ മസീഹിന്റെ കാലത്തെ പിലാത്തോസാണെന്നു വിശേഷിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നസ്റത്തുകാരനായ ഈസാ മസീഹിന്റെ കാലത്തെ പിലാത്തോസിനേക്കാൾ ഇദ്ദേഹം എന്തു കൊണ്ടും ധീരനും നീതിമാനും ഉൾകാഴ്ചയുള്ളയാളുമാണെന്നു പറഞ്ഞു കൊണ്ട് തന്റേയും ഈസാ മസീഹിന്റേയും കേസ്സിലെ സാദൃശ്യം വെളിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ലെഫ്റ്റനന്റ് കേണൽ മൊൺടാഗ് വില്ല്യം ഡഗ്ളസ് 1863 ൽ ഇംഗ്ലണ്ടിൽ ജനിച്ചു. ഇന്ത്യൻ സിവിൽ സർവീസിൽ ദീർഘ കാലം സേവനമനുഷ്ടിച്ച ശേഷം ജോലിയിൽ നിന്നും പിരിഞ്ഞു ലണ്ടനിലേയ്ക്കു തിരിച്ചുപോയി. അവിടെ വച്ചു 1957 ഫിബ്രവരി 25-ാം തീയതി

94-ാം വയസ്സിൽ നിര്യാതനായി. ഇന്ത്യയിൽ നിന്നു ലണ്ടൻ തിരിച്ചെത്തിയ ശേഷം ദീർഘകാലം അദ്ദേഹത്തിനു ജമാഅത്തുമായി വളരെ ഹൃദ്യവും ഊഷ്മളവുമായ ബന്ധമാണുണ്ടായിരുന്നത്. ലണ്ടനിൽ ഹദ്റത്ത് മസീഹ് മൗഊദിന്റെ സ്വഹാബിയും അന്താരാഷ്ട്ര നീതിന്യായ കോടതിയുടെ ജഡ്ജുമായിരുന്ന സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ് (റ) ഒന്നിൽ കൂടുതൽ തവണ അദ്ദേഹത്തെ സന്ദർശിച്ചിട്ടുണ്ടായിരുന്നു. ലണ്ടനിലെ മുബല്ലിഗായിരുന്ന മൗലാനാ അബ്ദുർ റഹീം സാഹിബ് ദർദും ലണ്ടൻ മസ്ജിദ് ഫസ്ലിന്റെ മുൻ ഇമാം മൗലാനാ ബശീർ അഹ്മദ് സാഹിബ് റഫീക്കും മറ്റു പല പ്രമുഖരും പല അവസരങ്ങളിൽ അദ്ദേഹവുമായി കൂടിക്കാഴ്ച നടത്തിയിട്ടുണ്ടായിരുന്നു.

1924 സപ്റ്റംബർ 21-ാം തീയതി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി അൽ മുസ്‌ലിഹ് മൗഊദ് (റ) ലണ്ടൻ സന്ദർശിച്ച അവസരത്തിൽ ഇദ്ദേഹവുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. അതേ മാസം 28-ാം തീയതി ഹുസൂർ വിളിച്ചു ചേർത്ത ഒരു ചായ സൽക്കാരത്തിലും അദ്ദേഹം പങ്കെടുക്കുകയും അദ്ദേഹത്തോടൊപ്പം ഫോട്ടോയെടുക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. ആ അവസരത്തിൽ, താങ്കളുടെ പിതാവിനെ ഞാനെന്റെ ഒരു സുഹൃത്തായാണു കാണുന്നതെന്നും അദ്ദേഹം ഹുസൂറിനോടു പറഞ്ഞിരുന്നു. ജമാഅത്തിന്റെ പല ചടങ്ങുകളിൽ പങ്കെടുത്തിരുന്ന അവസരങ്ങളിലെല്ലാം തന്നെ പഴയ കേസ്സിനെ അനുസ്മരിച്ചു ഹദ്റത്ത് മസീഹ്മൗഊദി (അ)ന്റെ തിരുവദനത്തിൽ നിന്നും ദൈവദത്തമായ പ്രത്യേക പ്രകാശം നിർഗളിക്കുന്നത് തനിക്കു അനുഭവപ്പെട്ടതായി അദ്ദേഹം പറയാറുണ്ടായിരുന്നു. മാത്രവുമല്ല ഞാൻ ഈ കേസ്സിനെ കുറിച്ചു ഗാഢമായി ചിന്തിച്ചു ഉലാത്തുന്ന വേളയിൽ ഏതു ഭാഗത്തും മിർസാ സാഹിബിന്റെ രൂപം പ്രത്യക്ഷപ്പെട്ടു കൊണ്ട് 'നീതി കൈവിടാതെ' 'നീതി കൈവിടാതെ' എന്നദ്ദേഹം പറയുന്നതായും താൻ കണ്ടതായി കേണൽ ഡഗ്ളസ് പറയാറുണ്ടായിരുന്നു. അദ്ദേഹത്തിനു ജമാഅത്തുമായി ഉണ്ടായിരുന്ന ആ ഊഷ്മള ബന്ധം കാരണം അദ്ദേഹം നിര്യാതനായപ്പോൾ അദ്ദേഹത്തിന്റെ ജാമാതാവു വിവരം ജമാഅത്തിനെ അറിയിക്കുകയും ജമാഅത്തു പ്രതിനിധികൾ സംസ്ക്കാര ചടങ്ങിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ടായിരുന്നു.

വർഷങ്ങൾ കടന്നു പോയതോടു കൂടി ഈ മഹാനും അതോടൊപ്പം ഒരു കാലത്തു മസീഹ് മൗഊദിനെ അപമാനിക്കാൻ ശ്രമിച്ച ഡോക്റ്റർ ഹെൻറി മാർട്ടിൻ ക്ലാർക്കും വിസ്മൃതിയിലായി. അഞ്ചാം ഖിലാഫത്തു കാലത്തു ഹുസൂറിന്റെ നിർദേശാനുസരണം ജമാഅത്തിന്റെ ചരിത്ര വിഭാഗം ഇവരുടെ വേരുകളും കണ്ണികളും തേടിയിറങ്ങി. അത് തികച്ചും ഒരു വെല്ലുവിളിയായിരുന്നു. അവരെ കുറിച്ചുള്ള ഓർമകളല്ലാതെ മറ്റു ചരിത്ര രേഖകളോ ബന്ധുക്കളുടെ പേരുകളോ മേൽവിലാസമോ ഇവരെ അറിയുന്നവരൊ പരിചയമുള്ളവരൊ ആരും തന്നെ ഇല്ല. ആ നിലയ്ക്കു അന്വേഷണം തുടങ്ങേണ്ടതു തികച്ചും ശൂന്യതയിൽ നിന്നു അല്ലെങ്കിൽ ശൂന്യത്തിൽ നിന്നായിരുന്നു. അവർ മാസങ്ങൾ ഇവരുടെ വേരുകൾ തേടിയലഞ്ഞു. ആദ്യമാദ്യം നിരാശയും പരാജയവുമായിരുന്നു അവരുടെ കൈയിൽ വന്നതെങ്കിലും ഹുസൂറിന്റെ പ്രോത്സാഹനവും നിർദേശങ്ങളും അവരോടൊപ്പം സദാ ഉണ്ടായിരുന്നു. അവസാനം അവർ ലെഫ്റ്റനന്റ് കേണൽ മൊൺടാഗ് വില്ല്യം ഡഗ്ളസിന്റെ പേര മകൻ ക്രിസ്റ്റൊഫർ ഡഗ്ളസ് പുലീനേയും (Christopher Douglas-Pulleyne) റവറൻറ് ഡോക്റ്റർ ഹെൻറി മാർട്ടിൻ ക്ലാർക്കിന്റെ പേരമകൻ ജോലിൻ മാർട്ടിൻ ക്ലാർക്കിനേയും (Jolyn Martyn Clark) കണ്ടെത്തി. അതു വലിയൊരു സാഹസിക കഥയായിരുന്നു. അവർ രണ്ടു പേരും ഹുസൂറിന്റെ സവിധത്തിൽ ആനയിക്കപ്പെട്ടു. ഇപ്പോൾ അവർക്കു ജമാഅത്തിനോടും ഹുസൂറിനോടും വളരെ നല്ല സ്നേഹ ബന്ധമാണുള്ളത്.

ജമാഅത്തിന്റെ ചരിത്ര വിഭാഗം നടത്തിയ രസകരമായ ഈ അന്വേഷണത്തിന്റെ മുഴുവൻ രൂപവും വായിക്കാൻ താൽപര്യമുള്ളവർ ഗൂഗ്ളിലെ വിക്കിപീഡിയ (wikipedia)യ്ക്കു സമാനമായ അൽ ഇസ്‌ലാമിന്റെ അഹ്മദിപീഡിയയിൽ (Ahmadipedia) ജനാബ് ആസിഫ് എം. ബാസിറ്റ് സാഹിബ് എഴുതിയ Where stars descend, Tracing the Footsteps of History എന്നീ രണ്ടു ലേഖനങ്ങൾ വായിക്കാവുന്നതാണ്. (തുടരും)

## ആരാണ് ബുദ്ധിമാന്മാർ?

വാക്കുകൾ ശ്രദ്ധാപൂർവ്വം കേൾക്കുകയും എന്നിട്ട് അതിൽ ഉത്തമമായതിനെ പിന്തുടരുകയും ചെയ്യുന്നവരത്രെ അവർ അവരെയാണ് അല്ലാഹു നേർമാർഗ്ഗത്തിൽ നയിച്ചിരിക്കുന്നത്. ബുദ്ധിമാന്മാരും അവർ തന്നെ.


(വിശുദ്ധ ഖുർആൻ 39: 19)

# തദ്കിറത്തുശ്ശഹാദത്തയ്ൻ
# അഥവാ
# രണ്ട് രക്തസാക്ഷിത്വങ്ങളുടെ ആഖ്യാനം

**ബി. മൻസൂർ അഹ്മദ്, മാത്തോട്ടം**

കാലത്തിനു മായ്ക്കാൻ കഴിയാത്ത രക്തസാക്ഷിത്വത്തിന്റെ അനശ്വര സ്മൃതികളാൽ ആത്മാവിനെ ആർദ്ര പൂരിതമാക്കുന്ന ഒരു പാവന ജീവിത സ്മരണികയാണ് ഹദ്റത്ത് അഹ്മദ് (അ) പുസ്തക രൂപത്തിൽ നമുക്ക് സമർപ്പിച്ചത്. ബലിദാനികളുടെ രുധിരസേചനം കൊണ്ട് പോഷിതമാകാത്ത ആത്മീയ പ്രസ്ഥാനങ്ങൾ ലോകചരിത്രത്തിൽ കാണാൻ സാധ്യമല്ല. ഏതൊരു സത്യപ്രസ്ഥാനത്തിലും ശോണിതമായി കാണപ്പെടുന്ന ഈ രക്തമുദ്ര അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രത്തിലും പ്രകടമാണ്. ഏതൊരു മഹാത്മാവിന്റെ അനുസാരിത്തം കൊണ്ടാണോ ഈ പാവനമായ ശഹാദത്ത് സംഭവിച്ചത്, ആ ഗുരുഭൂതൻ വാഗ്ദത്ത മസീഹി (അ) തന്റെ വത്സല ശിഷ്യനെ സംബന്ധിച്ച് അത്യന്തം വേദനാജനകവും വികാരനിർഭരവുമായ മനുഷ്യഹത്യയുടെ കഥ സ്വന്തം കരങ്ങളാൽ ഇവിടെ വരച്ചുകാണിക്കുന്നത്. നൂറ്റാണ്ടുകളെ പ്രചോദിപ്പിക്കുന്ന അചഞ്ചല വിശ്വാസത്തിന്റെ അത്യുജ്ജ്വലമായ ആഖ്യാനം!!. അതാണ് **തദ്കിറത്തുശ്ശഹാദത്തയ്ൻ** അഥവാ രണ്ട് രക്തസാക്ഷിത്വങ്ങളുടെ ആഖ്യാനം എന്ന ഗ്രന്ഥം. അതിന്റെ പരിഭാഷയാണ് നമ്മുടെ കയ്യിൽ എത്തിപ്പെട്ടിരിക്കുന്നത്. ഇത് മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്തത് അഹ്മദിയ്യാ ജമാഅത്തിന്റെ നിസ്വാർത്ഥ സേവകൻ ആയ ടി. അഹ്മദ് സഈദ് സാഹിബാണ്. വളരെ ലളിതസുന്ദരമായ ഭാഷയിൽ ആ ദൗത്യം അദ്ദേഹം നിർവഹിച്ചിട്ടുണ്ട്.

1903 ലാണ് മസീഹ് മൗഊദ് (അ) ഈ ഗ്രന്ഥം രചിച്ചത്. അഫ്ഘാനിസ്ഥാനിലെ ഖോസ്ത് പ്രവിശ്യയിലെ പൗരപ്രമുഖനും സ്വാതിക ജീവിതത്തിൽ സ്ഫുടം ചെയ്തെടുത്ത വിശ്വാസിയും മഹാപണ്ഡിതനുമായ ഹദ്റത്ത് സാഹിബ് സാദാ അബ്ദുൽ ലത്തീഫ് സാഹിബ് (റ)ന്റെയും അദ്ദേഹത്തിന്റെ ശിഷ്യനായ മിയാ അബ്ദുറഹിമാൻ സാഹിബ്(റ)ന്റെയും ശഹാദത്തിന്റെ കരളലിയിക്കുന്ന സംഭവമാണ് ഈ ഗ്രന്ഥത്തിന്റെ മുഖ്യ



പ്രതിപാദ്യവിഷയം. അതോടൊപ്പം പരലോക ജീവിതത്തിനുള്ള തയ്യാറെടുപ്പുകൾ നടത്താനും ദീനിനെ ദുനിയാവിനെക്കാൾ മുന്തിക്കാനും വാഗ്ദത്ത മസീഹ് ഈ ഗ്രന്ഥത്തിൽ തന്റെ ജമാഅത്തിനെ ഉപദേശിക്കുകയും ചെയ്യുന്നു.

ബറാഹീനെ അഹ്മദിയ്യായിൽ വ്യക്തമാക്കപ്പെട്ട 'രണ്ട് ആടുകൾ ബലികഴിക്കപ്പെടും ഭൂമിയിൽ സർവ്വതും നശ്വരമാണ്' എന്ന വെളിപാടിന്റെ സാക്ഷാത്കാരം കൂടിയാണ് ഈ രണ്ടു രക്തസാക്ഷിത്വങ്ങളും. മസീഹ് മൗഊദ് (അ)ന്റെ സത്യ സാക്ഷ്യത്തിനുള്ള തെളിവുകളാണ് ഈ രണ്ടു രക്തസാക്ഷിത്വങ്ങളും.

ഹദ്റത്ത് സാഹിബ് സദാ അബ്ദുൽ ലത്തീഫ് സാഹിബ് (റ) ആത്മീയവും ഭൗതികവുമായി ഉന്നത സ്ഥാനീയനായിരുന്നു. അഹ്മദിയ്യത്തിലേക്കുള്ള അദ്ദേഹത്തിന്റെ ആത്മീയ പ്രയാണം ഈ ഗ്രന്ഥത്തിൽ ഹ്രസ്വമായി പരാമർശിച്ചിട്ടുണ്ട്. ഹദ്റത്ത് ഈസാ (അ) യുടെ 16 സവിശേഷതകളിൽ തനിക്കുള്ള സാദൃശ്യവും ദൈവ പ്രേഷിതനായ ഗ്രന്ഥകാരൻ അനന്യ സുന്ദരമായി സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. ആ സൂക്ഷ്മ വിവരണത്തിന്റെ സാദൃശ്യങ്ങൾ മുമുക്ഷുവായ ഒരു സത്യാന്വേഷിക്ക് പ്രചോദനദായകമാണ്.

റസൂൽ തിരുമേനി (സ) യെ അനുധാവനം ചെയ്ത് ലോകത്തി




**വില: 250.00**

ന്റെ അദ്ധ്യാത്മിക മാർഗ്ഗദർശനത്തിനായി വന്ന ഗ്രന്ഥകാരൻ തന്റെ സത്യസാക്ഷ്യത്തിനുള്ള നിസ്തുലവും അനിഷേധ്യവുമായ അനേകം പ്രമാണങ്ങൾ സമർപ്പിച്ചതിൽ ഖുർആനിക സാക്ഷ്യമായ **'ഇതിനു മുമ്പ് ഒരു ദീർഘകാലം ഞാൻ നിങ്ങളുടെ ഇടയിൽ ജീവിച്ചിട്ടുണ്ടല്ലോ? എന്നിട്ടും നിങ്ങൾ (കാര്യങ്ങൾ) ഗ്രഹിക്കുന്നില്ലേ?'** (10:17) എന്ന സൂക്തത്തെ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം ഇപ്രകാരം പറയുന്നു: "ഇയാൾ മുമ്പേതന്നെ കളവും കറ്റുകെട്ടും ശീലമാക്കിയ ആളാണെന്നും, ഇതും ഇയാൾ കളവാണ് പറഞ്ഞിരിക്കുന്നതെന്നും നിങ്ങൾക്ക് തോന്നുമാറ് നിങ്ങൾക്ക് എൻെറ മുൻകാല ജീവിതത്തിൽ ഒരു തരത്തിലുള്ള കളങ്കവും, കറ്റുകെട്ടും, കളവും, വഞ്ചനയും കണ്ടെത്താൻ സാധ്യമല്ല. എന്റെ ജീവിതത്തിൽ എന്തെങ്കിലും കുറ്റം കണ്ടുപിടിക്കാൻ കഴിവുള്ളവർ നിങ്ങളിൽ ആരാണ് ഉള്ളത്? ഇത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. ചിന്തിക്കുന്നവർക്ക് തെളിവായിത്തീരാൻ വേണ്ടി അവൻ എന്നെ തുടക്കം മുതൽ തഖ്‌വയിൽ നിലനിർത്തിയിരിക്കുകയാണ്. വ്യക്തവും അതീവ സത്യസന്ധവുമായ വാക്കുകളിൽ അഫ്ഘാനിസ്ഥാനിലെ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ തന്റെ ദിവ്യദൗത്യവും ദൈവബോധനവും ഇസ്ലാമിന്റെ സന്ദേശവും ലോകത്തിലെ എല്ലാ സമൂഹങ്ങൾക്ക് മുമ്പിലും സമർപ്പിക്കുകയാണ് മസീഹ് മൗഊദ് (അ) ചെയ്യുന്നത്. അദ്ദേഹത്തിന്റെ മറ്റെല്ലാ പുസ്തകങ്ങളിലും ഈ നിലപാട് കാണാം. മസീഹ് മൗഊദ് (അ) ന്റെ മറ്റു ഗ്രന്ഥങ്ങളിലും വിശുദ്ധ പ്രമാണത്തിന്റെ ഈ പശ്ചാത്തലമുണ്ട്. നബി (സ) യെ കുറിച്ച് ആയിഷ (റ) പറഞ്ഞത് തിരുനബി (സ) യുടെ ജീവിതം വിശുദ്ധ ഖുർആൻ തന്നെയാണെന്നാണ്. മസീഹ് മൗഊദ് (അ) ന്റെ ജീവിതം തിരുനബി (സ) ന്റെ അനുരക്തികൊണ്ടും ഖുർആനിക പ്രഭകൊണ്ടും പൂരിതമായിരുന്നു. ഈ പുസ്തകം കൈയിൽ എടുക്കുമ്പോൾ തൗഹീദിനെ തന്നെയാണ് നാം കൈയിലെടുക്കുന്നത്. അതുകൊണ്ട് ഈ പുസ്തകം സ്വന്തമാക്കേണ്ടതും കർമ്മവും, ധർമ്മവും, മർമ്മവും ആക്കേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്.

മലിനമായ ഈ പുതിയ കാലഘട്ടത്തിൽ മനുഷ്യ ജീവിതത്തിലേക്കും അത് സംക്രമിക്കുന്നു. ആത്മാവിനെയും മനസ്സിനേയും പിടിച്ചുലക്കുന്ന സംഭവങ്ങളിലേക്ക് ശ്രദ്ധക്ഷണിച്ചുകൊണ്ട് മനസ്സും ആത്മാവും ശുദ്ധീകരിക്കേണ്ട ആവശ്യകതയിലേക്ക് വാഗ്ദത്ത മസീഹ് വിരൽ ചൂണ്ടുന്നത്. അതുകൊണ്ട് വിശ്വാസികളെ സംബന്ധിച്ചിടത്തോളം മനസ്സിനെ വിമലീകരിക്കാനുള്ള ഒരു പുസ്ത

കമാണിത്. ഈ പ്രബന്ധത്തിൽ തന്നെ ജിഹാദിനെക്കുറിച്ച് പറയുന്നുണ്ട്. വാളുകൊണ്ടുള്ള ജിഹാദ് അല്ല. പ്രത്യേകിച്ചും മസീഹ് മൗഊദ് (അ) ആശയ പ്രചാരണ ജിഹാദിനെ കുറിച്ചാണ് പറയുന്നത്. അതിന് വാളല്ല, ആശയ ഗർഭിതമായ വാക്കാണ് പ്രധാനം. അതുകൊണ്ട് തന്റെ അനുയായികൾ ഈ ബലിദാനത്തിലടങ്ങിയ ആത്മീയ പാഠങ്ങൾ മനസ്സിലാക്കുകയും അത് അന്യമതസ്ഥർക്ക് വായനോപഹാരമായി നൽകേണ്ടതുമാണ്.

ഈ അവലോകനത്തിൽ പുസ്തകത്തിന്റെ പ്രമേയം ഒന്നു സ്പർശിക്കുകമാത്രമാണ് ചെയ്യുന്നത്. ഒരു പുസ്തകത്തെ സംബന്ധിച്ചിടത്തോളം അതിന്റെ തലവാചകത്തിന്റെ വിശദീകരണമാണ് അതിന്റെ ഉള്ളടക്കം. പുസ്തകത്തിന്റെ പേര് സാർത്ഥകമാക്കുന്ന വിധം പുസ്തകത്തിന്റെ ആശയം എല്ലാ അർത്ഥത്തിലും വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) വിശദീകരിച്ചിരിക്കുന്നു. ലോകത്തിലെ വളരെ പ്രശസ്തമായ ഗ്രന്ഥങ്ങളെല്ലാം തന്നെ ജീവിതാനുഭവങ്ങളുടെ തത്വചിന്താപരമായ ആവിഷ്കാരങ്ങൾ ആയിരുന്നു. വിശുദ്ധ ഖുർആനിലും സംഭവപരമ്പരകളിലൂടെ അല്ലാഹു പറയുന്നതും ഈ ജീവിതതത്വങ്ങളാണ്. ധാർമിക ജീവിതത്തിൻെറ ആഖ്യാനവും ഭൗതിക ജീവിതത്തിൻെറ ഇന്നലെയും, ഇന്നും, നാളെയും ഉൾക്കൊള്ളുന്ന ജീവിതത്തിൻെറ ആവശ്യകതയും ഈ ഗ്രന്ഥത്തിലും വിവരിച്ചത് കാണാം.

ഒരു ആത്മീയ ദൗത്യമുള്ള മഹാത്മാവിന്റെ രചന എന്ന നിലക്ക് ഈ പുസ്തകത്തിന്റെ പ്രമേയം പ്രത്യേകം വിലയിരുത്തപ്പെടേണ്ടതാണ്. പുസ്തകത്തിന്റെ ചൈതന്യം ഉൾക്കൊള്ളാനും ജീവിത പരിവർത്തനത്തിന് അത് ഉപാധിയാക്കാനും കഴിയണം. ഇതിൽ മസീഹ് മൗഊദ് (അ) പ്രയോഗിച്ചിരിക്കുന്ന വാക്കുകൾ ഒരു സ്വരരാഗ ഗംഗാപ്രവാഹം പോലെ ഹൃദയകാരിയാണ്. അത് അദ്ദേഹത്തിന് ദൈവം നൽകിയ ഭാഷയാണ്. നാം വായിക്കുമ്പോൾ ആദ്യമായി ഇതിലെ ശബ്ദങ്ങളും വാക്യഘടനയുമൊക്കെ നമ്മുടെ മനസ്സിലാണ് തട്ടുന്നത്. അതാണ് ഈ പുസ്തകത്തിന്റെ അനന്യത. ഒരു പുസ്തകം വായിച്ചു തീർക്കുമ്പോൾ അതിൻെറ ഒടുവിൽ അത് നമുക്ക് ആത്മീയ ജീവിതം കെട്ടിപടുക്കാനുള്ള ഊർജ്ജം നൽകുന്നുന്നുവെങ്കിൽ ആ പുസ്തകത്തിന്റെ ഏറ്റവും വലിയ സാഫല്യമതായിരിക്കും. ഈ പുസ്തകം വെച്ച് നീട്ടുന്നത് അതാണ്. പക്ഷേ വായനക്കാൻ അതിന്റെ ഗുണഭോക്തവാകേണ്ടിയിരിക്കുന്നു.

ഈ പുസ്തകത്തിൽ രണ്ട് അനശ്വര രക്തസാക്ഷിത്വത്തിന്റെ അപൂർവ മഹത്വം കാലഭേദങ്ങളെ അതിവർത്തിച്ച് നിൽക്കാൻ ശേഷിയുള്ളതാണ്. തന്റെ രണ്ട് ശിഷ്യന്മാർ ജീവൻ തന്നെ ത്യജിക്കുകയെന്നത് മോക്ഷമാർഗത്തിന്റെ പരമസീമയിൽ നിലകൊള്ളുന്ന ഒരു പുണ്യമാണ്. ഈ പുസ്തകത്തിലൂടെ മസീഹ് മൗഊദ് (അ)ഉം രണ്ട് ശിഷ്യന്മാരും ഉണ്ടാ ക്കിയിരിക്കുന്ന ത്യാഗത്തിന്റെ തേജോഗോളത്തിൽ നിന്നുള്ള പ്രകാശം നമ്മുടെ ഹൃദയത്തിലേക്കും പകരുന്നു എന്നതാണ് പുസ്തകത്തിന്റെ ഫലസിദ്ധി.

ദൈവനിയോഗിതനായ ഹദ്റത്ത് അഹ്മദ് (അ) എഴുതുന്ന ഭാഷ ദൈവപ്രചോദിതമാണ്. അദ്ദേഹത്തിന്റെ ഹൃദയ ത്തിൽ നിന്നുമാണ് ആ ഭാഷയുടെ ഉറവ്. ഇത് പരിഭാഷപ്പെടുത്തുന്ന ആൾ ആരായാലും മലയാളത്തിൽ തന്നെ പരിഭാഷയുടെ അഗ്രഗാമി ആയാലും അദ്ദേഹത്തിന് മസീഹ് മൗഊദ് (അ) ന്റെ ഭാഷയുടെ അടുത്തെത്താൻ കഴിയില്ല. ഈ പരിമിതി നില നിൽക്കുമ്പോൾ തന്നെ അദ്ദേഹം ഉദ്ദേശിച്ചതിനെ നമ്മുടെ മനസ്സിൽ എത്തിക്കാൻ ഇതിന്റെ പരിഭാഷകന് സാധിച്ചിട്ടുണ്ട്. അതിൻെറ അനുഗ്രഹം തീർച്ചയായും അദ്ദേഹത്തിന് ഉണ്ടാവും. ഈ സദുദ്യമം നിർവ്വഹിച്ച പരിഭാഷകനെ ഒരിക്കൽ കൂടി അഭിനന്ദിക്കുന്നു. അല്ലാഹു അതിന് അദ്ദേഹത്തിന് എല്ലാവിധ സഹായവും നൽകുമാറാകട്ടെ. നമ്മെ സംബന്ധിച്ചിടത്തോളം ഇത് ഒരു വായനയിൽ അവസാനിക്കേണ്ടതല്ല. പല വായനകളിൽ തുടരേണ്ടതാണ്. അതുകൊണ്ട് പുസ്തകം വീണ്ടും വീണ്ടും പതിപ്പുകളും പുതിയ വായനക്കാരും ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.


## വിരക്തിയും ഇഷ്ടവും

സഹലുബ്നു സദ്ദ് (റ)നിന്നും നിവേദനം: ഒരാൾ വന്ന് നബി (സ)യോട് പറഞ്ഞു. അല്ലാഹുവിന്റെ ദൂതരെ, അല്ലാഹുവും മനുഷ്യരും എന്നെ ഇഷ്ടപ്പെടാൻ സഹായകരമായ പ്രവൃത്തി ഏതാണെന്ന് പറഞ്ഞു തരിക. തിരുമേനി (സ) പറഞ്ഞു നീ ഇഹത്തിൽ വിരക്തനാകുക. എന്നാൽ അല്ലാഹു നിന്നെ ഇഷ്ടപ്പെടും. മനുഷ്യരുടെ പക്കലുള്ള വസ്തുക്കളിൽ വിരക്തനാകുക. എന്നാൽ മനുഷ്യൻ നിന്നെ ഇഷ്ടപ്പെടും. (തിർമിദി, ഇബ്നു മാജ)

# മനുഷ്യനിലെ പന്നിഹൃദയവും മതങ്ങളും


മുസാഫിർ

2008 ജനുവരി 8ന് ഹൃദ്രോഗ ചികിത്സാരംഗത്ത് ചരിത്രം കുറിച്ചു കൊണ്ട് അമേരിക്കയിൽ ഒരു ശസ്ത്രക്രിയ നടക്കുകയുണ്ടായി. അമേരിക്കയിലെ മേരിലാന്റ് സ്കൂൾ ഓഫ് മെഡിസിനിൽ നടന്ന ഈ ഹൃദയമാറ്റ ശസ്ത്രക്രിയ വലിയ വാർത്താ പ്രാധാന്യം നേടാൻ കാരണം മനുഷ്യനിൽ വെച്ച്പിടിപ്പിച്ച ഹൃദയം പന്നിയുടേതായിരുന്നു എന്നതാണ്. ലോകത്ത് ഒട്ടാകെ 3,500 ഹൃദയമാറ്റ ശസ്ത്രക്രിയ നടന്നിട്ടുണ്ട്. അതെല്ലാം മസ്തിഷ്ക്കമരണം സംഭവിച്ച മനുഷ്യരുടെ ഹൃദയമെടുത്ത് രോഗികളിൽ ട്രാൻസ്പ്ലാന്റ് ചെയ്തതാണ്. ഹൃദയമാറ്റ ശസ്ത്രക്രിയ ഒരു രോഗചികിത്സ എന്നതിനേക്കാൾ ഒരു ജീവൻ രക്ഷാദൗത്യം എന്ന പ്രാധാന്യമുള്ളതാണ്. ഈ രംഗത്ത് രോഗികൾ രൂക്ഷമായ അവയവക്ഷാമം നേരിടുകയാണ്. അമേരിക്കയിൽ 110,000 വും കാനഡയിൽ 5000 ത്തോളവും ആളുകൾ അവയവമാറ്റത്തിന്നായി കാത്തിരിക്കുന്നു എന്നാണ് കണക്ക്. ഈ വർദ്ധിച്ച ആവശ്യമാണ് ഈ ശാസ്ത്രശാഖയുടെ പ്രാധാന്യവും പ്രസക്തിയും. ഈ ഘട്ടത്തിൽ മനുഷ്യനുമായി അവയവപൊരുത്തമുള്ള മൃഗങ്ങളുടെ അവയവം



ജനിറ്റിക്ക് എഞ്ചീനിയറിംങ്ങിലൂടെ വഴക്കിയെടുത്ത് (Modified) മാറ്റി വെക്കുന്ന വൈദ്യശാസ്ത്രശാഖ നിലവിൽ വന്നു കഴിഞ്ഞു. ഈ നവവൈദ്യശാസ്ത്ര ശാഖ സീനോ ട്രാൻസ്പ്ലാന്റേഷൻ (Xenotrans-plantation) എന്നാണ് അറിയപ്പെടുന്നത്. ഏതായാലും സീനോ ട്രാൻസ്പ്ലാന്റേഷന്റെ വിജയമായി ഈ ശസ്ത്രക്രിയ ശാസ്ത്രലോകം ഇപ്പോൾ ആഘോഷിക്കുകയാണ്.

മേരിലന്റ് മെഡിക്കൽ സെന്ററിലെ ഈ പന്നി ഹൃദയമാറ്റ ശസ്ത്രക്രിയക്ക് നേതൃത്വം നൽകിയത് അവിടുത്തെ സീനോ ട്രാൻസ്പ്ലാന്റ് പ്രോഗ്രാമിന്റെ ഡയറക്ടറും പാകിസ്താൻ വംശജനുമായ ഡോ. മുഹമ്മദ് മൊഹിയുദ്ദീൻ ആണ്. ഡേവിഡ് ബെന്നറ്റ് (57) എന്ന ഹൃദ്രോഗിക്കാണ് ഹൃദയം മാറ്റി വെച്ചത്. മനുഷ്യജീവൻ രക്ഷിക്കാൻ അടിയന്തിരഘട്ടത്തിൽ നിയമാനുവാദമുള്ള ഏത് മാർഗവും സ്വീകരിക്കുകയാണ് വേണ്ടത്. വൈദ്യശാസ്ത്രത്തിന്റെ മൗലിക ധർമ്മവും എത്തിക്സും അതാണ്. അത്തരം അവയവ മാറ്റത്തിന്ന് ശേഷവും മനുഷ്യന് ആരോഗ്യകരവും മാനുഷതയുടെ പൂർണ്ണ ഗുണനിലവാരത്തോടുകൂടിയതുമായ അതിജീവന ശേഷിയുണ്ടോ എന്ന പ്രശ്നം കൂടി ശാസ്ത്രം പരിഹരിക്കേണ്ടതുണ്ട്. 1984 ൽ കാലിഫോർണിയായിൽ ഒരു പെൺകുട്ടിയുടെ ജീവൻ രക്ഷിക്കാൻ ബാബൂൺ കുരങ്ങിന്റെ ഹൃദയം മാറ്റിവെക്കാൻ ശ്രമിച്ചിരുന്നു. 21



ഡോ. മുഹമ്മദ് മൊഹിയുദ്ദീൻ



ഡേവിഡ് ബെന്നറ്റ്

ദിവസങ്ങൾക്ക് ശേഷം ആ കുഞ്ഞ് മരണപ്പെടുകയാണുണ്ടായത്.

സാധാരണ ഗതിയിൽ മനുഷ്യ ശരീരം പുറമെനിന്നുള്ള ഒന്നിനേയും സ്വീകരിക്കാറില്ല. അന്യവർഗത്തിൽ (Species) പ്പെട്ട മൃഗങ്ങളുടെ അവയവം സർവ്വശക്തിയുമുപയോഗിച്ച് ശരീരം സ്വാഭാവികമായും തിരസ്ക്കരിക്കുകയാണ് ചെയ്യുക. പന്നിയുടെ പല അവയവങ്ങളും മനുഷ്യ ശരീരവുമായി പൊരുത്തമുള്ളതാണെന്നാണ് അവകാശപ്പെടുന്നത്. കുരങ്ങുകളടക്കം പല മൃഗങ്ങളിലും അവയമാറ്റത്തിനായുള്ള നിരവധി പരീക്ഷണങ്ങൾ നടത്തിയതിന് ശേഷം മനുഷ്യന് അവയവദാദാവായി പന്നിയാണ് ഏറ്റവും നല്ല സ്ഥാനാർത്ഥി എന്നാണ് ശാസ്ത്രം കണ്ടെത്തിയത്. മാത്രമല്ല കുറഞ്ഞ സമയം കൊണ്ട് പന്നി ധാരാളം പെറ്റുപെരുകുന്നു. ഇതിനകം പന്നിയുടെ മറ്റു പല അവയവങ്ങളും പരീക്ഷണാർത്ഥം മനുഷ്യനിൽ തന്നെ മാറ്റിവെച്ചതായി പറയപ്പെടുന്നു.

അമേരിക്കയിലെ മേരിലാന്റിൽ നടന്ന ഈ ശസ്ത്രക്രിയയിലും പന്നിഹൃദയം മനുഷ്യശരീരം അതേപടി വെച്ചുപിടിപ്പിക്കുകയല്ല ചെയ്യുന്നത്. പന്നിയുടെ ഭ്രൂണകോശാവസ്ഥയിൽ തന്നെ അതിനെ ജീൻ എഡിറ്റിങ്ങിനു വിധേയമാക്കുന്നു. മനുഷ്യനിൽ പ്രതിരോധത്തിന് കാരണമായ പന്നിയിലെ കോശങ്ങളിലെ 3 ജീനുകളെ എഡിറ്റിംങ്ങ് വഴി നീക്കി മനുഷ്യ ശരീരവുമായി ഇണക്കുന്ന 6 ജീനുകളെ പകരം അതിൽ സന്നിവേശിപ്പിച്ചാണ് ഈ പുതിയ പരീക്ഷണത്തിന് പന്നിയെ വളർത്തി അതിന്റെ ഹൃദയത്തെ സജ്ജമാക്കിയത്. അമേരിക്കയിലെ ഫുഡ് ആന്റ് ഡ്രഗ് അഡ്മിനിസ്ട്രേഷനിൽ നിന്നും ഓപ്പറേഷന് മുമ്പ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിച്ചതിന്ന് ശേഷമാണ് അതീവ രോഗാണുവിമുക്തമായ സാഹചര്യത്തിൽ പന്നിയെ വളർത്തി കൊന്ന് ഹൃദയമെടുക്കുന്നത്. പന്നിയിൽ മാത്രം വളരുന്ന ചില വൈറസുകൾ അതിന്റെ ഹൃദയത്തെ ബാധിച്ചാൽ ജനിതക വ്യതിയാനം വരുത്തിയത്കൊണ്ട് മാത്രം അത് ഇല്ലാതാവുമോ എന്ന് കൊറോണയുടെ ഈ കാലത്ത് ആശങ്കപ്പെടുന്നവരുണ്ട്. മനുഷ്യന് ജീവിക്കാൻ വേണ്ടി പന്നിയെ കൊല്ലുന്നതിനെതിരെ മൃഗസ്നേഹികളും രംഗത്തുണ്ട്.

## പന്നിയും മതങ്ങളും

ഹൃദയത്തെയും പന്നിയെയും സംബന്ധിച്ച് ബൈബിളിലും ഖുർആനിലും നിരവധി പരാമർശങ്ങൾ ഉണ്ട്. ആ പശ്ചാത്തലത്തിൽ പന്നിയുടെ ഹൃദയം വിശ്വാസികൾക്ക് സ്വീകരിക്കാൻ പറ്റുമോ എന്നത് സംബന്ധിച്ചുള്ള ചർച്ചകൾ നടക്കുകയാണ്. പ്രത്യേകിച്ച് ഒരിക്കലും വിഷയങ്ങൾ സമഗ്രമായി പഠിക്കാൻ ശ്രമിക്കാത്ത നിരീശ്വരവാദികളും മതവിമർശകരും പന്നിഹൃദയം മനുഷ്യനിൽ വെച്ചുപിടിപ്പിച്ചത് മതത്തിന്റെ പരാജയമായി ആഘോഷിക്കുന്നു. യഹൂദ ഇസ്‌ലാം മതങ്ങളിലാണ് പന്നിമാംസത്തെകുറിച്ച് പരാമർശങ്ങളും നിയമങ്ങളുമുള്ളത്. ഇസ്‌ലാമിലുള്ളത് പോലെ ഭക്ഷണത്തെ സംബന്ധിച്ച് ഹലാൽ ഹറാം സങ്കൽപ്പം യഹൂദ മതത്തിലുണ്ട്. ബൈബിൾ പഴയ നിയമത്തെ (തോറ) അടിസ്ഥാനമാക്കിയാണ് പന്നിമാംസം നിഷിദ്ധമാക്കിയ ഭക്ഷണ നിയമം ഉള്ളത്. **'പിളർന്ന ഇരട്ട കുളമ്പുള്ളതാണെങ്കിലും അയവിറക്കാത്തതിനാൽ പന്നി നിങ്ങൾക്ക് ശുദ്ധിയില്ലാത്തതാകുന്നു. ഇവയുടെ മാംസം ഭക്ഷിക്കരുത് പിണം തൊടുകയും അരുത്' (ലേവ്യ 11:7, ആവർത്തനം.14:8)** കശ്റൂത്ത് (Kashrut) എന്നാണ് ഭക്ഷണ നിയമങ്ങൾക്ക് യഹൂദമതത്തിൽ പറയുക. അനുവദനീയമായ ഭക്ഷണം അതായത് ഹലാൽ ഫുഡ് കോശർ (Kosher) എന്നും നിരോധിച്ച ഭക്ഷണത്തെ തെരീഫ: (Treifah) എന്നും പറയുന്നു. അതിൽ എടുത്ത് പറയുന്ന നിഷിദ്ധ മാംസം പന്നിയുടെതാണ്. യഹൂദരുടെ കർമ്മ ശാസ്ത്ര ഗ്രന്ഥമായ തൽമൂദിൽ ഇത് സംബന്ധിച്ച് വിശദമായ നിയമങ്ങളുണ്ട്. ഇസ്‌ലാമിൽ ഉള്ളതിനെക്കാൾ സങ്കീർണ്ണവും കർശനവുമാണ് യഹൂദരുടെ ഭക്ഷണ നിയമം. ആധുനിക ഇസ്റയേൽ രാജ്യത്ത് പന്നി മാംസം സംബന്ധിച്ച് രണ്ട് സിവിൽ നിയമങ്ങളുണ്ട് 1962 ലെ പോർക്ക് ലോ പ്രകാരം പന്നിയെ വളർത്തലും പന്നിയെ അറുക്കലും നിരോധിച്ചിരിക്കയാണ്. 1994 ലെ മാംസ നിയമ പ്രകാരം പന്നിമാംസം രാജ്യത്ത് ഇറക്കുമതി ചെയ്യുന്നതും നിരോധിച്ചിരിക്കുകയാണ്. അബ്രഹാമിക് മതമായിരിക്കെ ബൈബിൾ അനുശാസനമുണ്ടായിട്ടും സെവൻത് ഡേ അഡ്വന്റിസ്റ്റ്, എറിത്രിയൻ, എത്തിയോപ്യൻ ഓർത്തോഡക്സ് ഒഴികെ ക്രിസ്ത്യാനികൾ വ്യാപകമായി പന്നിമാംസം കഴിക്കുന്നവരാണ്. **'പുറമെനിന്നുള്ള ഒന്നിനും മനുഷ്യ ന്റെ ഉള്ളിലേക്ക് കടന്ന് ചെന്ന് അയാളെ അശുദ്ധനാക്കാൻ സാദ്ധ്യമല്ല. മറിച്ച് ഒരു മനുഷ്യന്റെ ഉള്ളിൽ നിന്നും പുറത്തേക്ക് വരുന്നതാണ് അയാളെ അശുദ്ധനാക്കുന്നത്' (മർക്കോസ്, 7:15)** എന്ന വചനം വ്യാഖ്യാനിച്ചാണ് ക്രിസ്ത്യാനികൾ പന്നിമാംസം ഹലാലാക്കി പന്നിതീറ്റക്കാരായി മാറിയത്. അതുപോലെ പഴയ നിയമത്തിൽ നിന്നും ക്രിസ്ത്യാനികളെ മോചിപ്പിച്ച് യേശുവിന്റെ അധ്യാപന

ങ്ങളുടെ അലകും പിടിയും മാറ്റിയ പൗലോസിന്റെ അദ്ധ്യാപനത്തിലും യഹൂദരുടെ ഭക്ഷണ നിയമം മാറ്റിയെഴുതി. **'അവർ........ഭക്ഷണ പദാർത്ഥങ്ങൾ വർജ്ജിക്കണമെന്ന് അനുശാസിക്കും. എന്നാൽ ദൈവം സൃഷ്ടിച്ചവയെല്ലാം നല്ലതാണ്' (തിമൊത്തെയോസിന് പൗലോസ് എഴുതിയ ലേഖനം. 4:3-4)**

മഹാനായ സലാഹുദ്ദീൻ അയ്യൂബിക്കെതിരെ യുദ്ധം നയിച്ച ഇംഗ്ലണ്ടിലെ രാജാവും കുരിശ്‌യുദ്ധ പോരാളിയുമായ റിച്ചാർഡ് ഒന്നാമനെ സിംഹഹൃദയനായ റിച്ചാർഡ് (Richard the Lionheart) എന്ന് പറഞ്ഞ് ആദരിച്ച ക്രിസ്തീയ പാശ്ചാത്യലോകത്ത് നിന്നുമുള്ള ശാസ്ത്ര സമൂഹം പന്നിഹൃദയനായ മനുഷ്യന്റെ പേരിൽ അഭിമാനിക്കുന്നതിൽ കൗതുകമുണ്ട്.

ഇസ്‌ലാംമതം പന്നിമാംസം നിഷിദ്ധമാണെന്ന് വ്യക്തമായും ആവർത്തിച്ചു പറയുന്നു. പന്നിക്ക് ഖുർആൻ ഉപയോഗിച്ച അറബി പദം ***'ഖിൻസീർ'*** എന്നാണ്. ***ഖിൻസ്*** 'വളരെ ചീത്ത' എന്നും ***'അർ'*** 'ഞാൻ കാണുന്നു' എന്നീ രണ്ട് അർത്ഥങ്ങളുള്ള ധാതു പദങ്ങൾ സമാസിച്ചാണ് പുരാതനമായ അറബി ഭാഷ പന്നിക്ക് ഈ നാമപദം നൽകിയത്. ഹിന്ദി ഭാഷയിലും സൂ, അർ ***'സുവർ'*** ഞാൻ അതിനെ ചീത്തയായി കാണുന്നു എന്ന അർത്ഥധ്വനി ഉണ്ടാക്കുന്ന ധാത്വാർത്ഥസമാസമാണ് പന്നിക്ക് നാമമായി ഉപയോഗിച്ചിട്ടുള്ളത് എന്ന കാര്യം പ്രത്യേകം സ്മരണീയമാണ്.

യഹൂദ നിയമം പോലെ അയവില്ലാത്തതും കർശനവുമായ അനുശാസനകളല്ല ഖുർആന്റെ അനുജ്ഞകൾ. എല്ലാറ്റിലുമെന്ന പോലെ സോപാധികവും കരുണാർദ്രങ്ങളുമാണ് ഖുർആന്റെ നിർദ്ദേശങ്ങൾ. നിർബന്ധിതാവസ്ഥയിൽ കരുണാനിധിയായ ദൈവം മനുഷ്യന് പന്നിമാംസം പോലും അനുവദിക്കുന്നു എന്ന ഉപാധിയോടെയാണ് ഈ മാർഗ നിർദ്ദേശം ഖുർആൻ പ്രസ്താവിക്കുന്നത്..


**'ശവം, രക്തം, പന്നിമാംസം, അല്ലാഹുവല്ലാത്തവരുടെ പേരിൽ അർപ്പിക്കപ്പെട്ടത് .......... എന്നിവ നിങ്ങൾക്ക് നിഷിദ്ധമാക്കിയിരിക്കുന്നു ....... ആരെങ്കിലും പാപത്തിന്റെ ഭാഗത്തേക്ക് മനപ്പൂർവം ചായുന്നവനായിട്ടല്ലാതെ വിശന്ന സ്ഥിതിയിൽ നിർബന്ധിതനായാൽ - അപ്പോൾ അല്ലാഹു തീർച്ചയായും സർവഥാ പൊറുക്കുന്നവനും കരുണാമയനുമാവുന്നു' (അൽ മാഇദ 5: 4)** മറ്റു നാലു ഖുർആൻ വചനങ്ങളിലും ഇത് ആവർത്തിക്കുന്നു. നിർബന്ധിതാവസ്ഥയിൽ പന്നിമാംസം ഭക്ഷിക്കുന്നതിന്ന് അനുവാദമുണ്ട്. ഇതിലെ ധാർമിക യുക്തി ഒരു തത്വമായെടുത്താൽ അടിയന്തിര ഘട്ടങ്ങളിൽ മനുഷ്യജീവൻ രക്ഷിക്കാൻ പന്നിയുടെ ഹൃദയവും ഉപയോഗിക്കാം എന്നതിന്ന് സാധൂകരണം ലഭിക്കുന്നു. പക്ഷേ ഇതൊരു നിർബന്ധ സാഹചര്യത്തിലെ അനുവാദം മാത്രമായി കണക്കാക്കാം. ഇത്തരം രോഗികൾക്ക് മനുഷ്യത്തനിമയുള്ള അവയവങ്ങൾ ലഭ്യമാക്കാനാണ് ശാസ്ത്രം ശ്രമിക്കേണ്ടത്. അതിന് വേണ്ടിയുള്ള അന്വേഷണം ആരംഭിക്കേണ്ടിയിരിക്കുന്നു.

## മനുഷ്യത്തനിമ: ശാസ്ത്രത്തിന്റെ നൈതികത

മനുഷ്യന്റെ ശരീരഘടനയും അവയവങ്ങളും അവന്റെ ആത്മീയവും കായികവുമായ വളർച്ചക്കും അതിജീവനത്തിനും യോജിച്ച നിലയിൽ ഏറ്റവും ഉചിതമായാണ് ദൈവം സൃഷ്ടിച്ചതെന്ന് ഖുർആൻ പറയുന്നു: **നാം മനുഷ്യനെ ഏറ്റവും അനുയോജ്യമായ നിലയിൽ സൃഷ്ടിച്ചിരിക്കുന്നു. (അത്തീൻ 95:5)** ജനിതകപരമായി മനുഷ്യ ശരീരത്തിന്റെ ഈ സ്വാഭാവിക ഘടനക്ക് മാറ്റം വരുത്താതെ തനത് സ്വഭാവം നിലനിർത്തുക എന്നതാവണം ശാസ്ത്രത്തിന്റെ നൈതികത.

ദൈവത്തിന്റെ വചനമായ ഖുർആൻ സൃഷ്ടികളുടെ സ്വാഭാവിക ഘടനയിൽ മാറ്റം വരുത്തി വികലമാക്കുന്നതിനെതിരെ നൽകിയ താക്കീത് ആധുനിക ജനിറ്റിക്കൽ എഞ്ചിനീയറിംഗിനെ അഭിസംബോധന ചെയ്ത്കൊണ്ടുള്ളത് കൂടിയാണെന്ന് കരുതാം. **'തീർച്ചയായും ഞാൻ അവരെ വഴിതെറ്റിക്കുകയും അവർക്ക് വ്യാമോഹങ്ങൾ നൽകുകയും അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നതാണ്. അപ്പോൾ അവർ കന്നുകാലികളുടെ ചെവികൾ കീറും. പിന്നെയും ഞാൻ അവരെ പ്രേരിപ്പിക്കുകയും അപ്പോൾ അല്ലാഹുവിന്റെ സൃഷ്ടികളെ അവർ വികൃതമാക്കുകയും ചെയ്യും. ഏതൊരാൾ അല്ലാഹുവിനെ കൂടാതെ പിശാചിനെ മിത്രമായി സ്വീകരിക്കുന്നുവോ അവൻ സ്പഷ്ടമായ നഷ്ടത്തിലായിക്കഴിഞ്ഞു. (അന്നിസാഅ് 4:119,120)**

പുറമെ നിന്നുള്ളതെല്ലാം മനുഷ്യശരീരം തിരസ്ക്കരിക്കുന്ന ശക്തമായ പ്രതിരോധ സംവിധാനമാണ് നമുക്കുള്ളത്. പ്രകൃതി



യുടെ ശക്തമായ നിയമമാണത്. മനുഷ്യന്റെ മൂലകോശങ്ങൾ ഉപയോഗിച്ച് ആവശ്യക്കാരന് അനുയോജ്യമായ അവയവങ്ങൾ ക്ലോൺ ചെയ്തെടുക്കുന്ന സ്റ്റെം സെൽ ടെക്നോളജിയുടെ സാധ്യതകൾ ഈ രംഗത്തെ പ്രതീക്ഷയാണ്. മനുഷ്യന്റെ തനത് അവയവങ്ങൾ ആവശ്യക്കാരന്റെ ജീനുകളിൽ നിന്നും ക്ലോൺ ചെയ്തെടുക്കാൻ ഇത്വഴി സാധിക്കും. മറ്റൊരുജീവിവർഗത്തിന്റെ അവയവം മനുഷ്യൻ സ്വീകരിക്കുന്ന സമ്പ്രദായം പ്രകൃതിയിൽ കോടാനുകോടി വർഷങ്ങളെടുത്ത് സ്വാഭാവികമായി നടന്ന മനുഷ്യന്റെ സമഗ്രമായ പരിണാമ സാഫല്യത്തിന്റെ നിരാകരണമാണ്. പന്നിയുടെ അവയവങ്ങളെ ആശ്രയിക്കാതെ ആവശ്യക്കാരനായ മനുഷ്യന്റെ തന്നെ മൂലകോശം ഉപയോഗിച്ച് ലാബിൽ നിന്നും ത്വക്ക്, ഹൃദയം, മസ്തിഷക്കം, എല്ല്, ശ്വാസകോശം, കരൾ, വൃക്ക മുതലായ എല്ലാ മനുഷ്യാവയവങ്ങളും മനുഷ്യത്തനിമയോടെ നിർമ്മിക്കാൻ സാധ്യമാണെന്ന് ശാസ്ത്രം പറയുന്നു. അവയവങ്ങൾക്ക് മൃഗങ്ങളെ സമീപിക്കുന്നതിന് പകരം മനുഷ്യത്തനിമയിലേക്ക് തന്നെ നാം തിരിച്ചുപോകണം. ശാസ്ത്ര ഗവേഷണങ്ങൾ ആ വഴിക്കാവട്ടെ, അതായിരിക്കട്ടെ ശാസ്ത്രത്തിന്റെ നൈതികത.

---

പേജ് 29 ൽ നിന്ന് തുടർച്ച

അല്ലാഹുവിന്റെ ഭക്തദാസന്മാരുടെ ആത്മീയ പ്രഭ ഈ ലോകത്തും പരലോകത്തും പൂത്തുലയും. അവർ അതിന്ന് വേണ്ടി ദാഹിക്കുന്നു. അവരിലൂടെ അത് സർവ്വ മാർഗേണയും പ്രകടമാവുകയും ചെയ്യുന്നു. അവരുടെ ആത്മാക്കൾ ശരീരവുമായി വേറിട്ടതിന്ന് ശേഷവും കൂടുതൽ പ്രകാശത്തിന്ന് വേണ്ടി പ്രാർത്ഥിക്കുന്നു.

ഖുർആൻ പറയുന്നു: ***'അവരുടെ മുമ്പിലും വലതു വശത്തും അവരുടെ പ്രകാശം പ്രസരിച്ചുകൊണ്ടിരിക്കും. ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പ്രകാശം ഞങ്ങളിൽ പൂർത്തികരിച്ചു തരേണമേ, ഞങ്ങൾക്ക് പൊറുത്തുതരേണമേ. തീർച്ചയായും നീ എല്ലാ കാര്യത്തിന്നും കഴിവുള്ളവനാണ്.' (66:9)***

നമുക്ക് കൂടുതൽ പ്രകാശം സ്വീകരിക്കാനുള്ള ഭാഗ്യം അല്ലാഹു നൽകു മാറാകട്ടെ. സർവ്വസ്തുതിയും സർവ്വശക്തനായ അല്ലാഹുവിന്നാകുന്നു.

## അദൃശ്യത്തിന്റെ രഹസ്യം

**– ഹദ്റത്ത് അഹ്മദ്(അ)**

അല്ലാഹു എല്ലാ തിരശ്ശീലയും ഉയർത്തിക്കളയുകയും ഒരു കാര്യവും തന്നെ ഗോപ്യവും അദൃശ്യവുമോ ആകാതിരിക്കുകയും മരണപ്പെട്ടവർ തിരിച്ചു വന്ന് സ്വർഗ്ഗവും നരകവുമെല്ലാം. സത്യമാണെന്ന് നേരിട്ട് വിവരിക്കുകയും ചെയ്യുകയാണെങ്കിൽ പറയുക, നിരീശ്വര വാദികളും ബിംബാരാധകരുമായി ഈ ലോകത്ത് ആരെങ്കിലും അവശേഷിക്കുമായിരുന്നോ? ഉദാഹരണത്തിന്ന് ഈ പ്രദേശത്ത് തന്നെയുള്ള ഏതാനും മരണപ്പെട്ട ആളുകൾ തിരിച്ചു വന്നു കൊണ്ട് സത്യാവസ്ഥകൾ വിവരിക്കുകയും അവർ തങ്ങളുടെ പേരക്കുട്ടികൾക്കും ബന്ധുക്കൾക്കുമെല്ലാം കാര്യങ്ങൾ വിശദീകരിച്ചു കൊടുക്കുകയും ചെയ്തുവെന്ന് കരുതുക. എങ്കിൽ ഒരൊറ്റ സത്യനിഷേധിയും ഉണ്ടാകുമായിരുന്നോ? ഒരിക്കലുമില്ല. അല്ലാഹു തആല അങ്ങനെ സംഭവിക്കാൻ ആഗ്രഹിച്ചിട്ടില്ല. സൂര്യനെ സംബന്ധിച്ച് ആരെങ്കിലും അത് ഉള്ളതാണെന്നും അത് പ്രകാശം നൽകുന്നുവെന്നും ഞാൻ വിശ്വസിക്കുന്നുവെന്ന് പറഞ്ഞാൽ ആ വിശ്വാസത്താൽ എന്തെങ്കിലും പ്രതിഫലം നേടാൻ അവനു സാധിക്കുമോ? ഒട്ടും സാധ്യമല്ല. അപ്രകാരം അല്ലാഹു ഈമാനെ വൈശിഷ്ട്യവത്ക്കരിക്കുന്നതിനും സൽക്കർമ്മങ്ങൾക്ക് പ്രതിഫലം നൽകുന്നതിനും വേണ്ടി ചില കാര്യങ്ങൾ ഗോപ്യമാക്കിവെക്കാൻ അല്ലാഹു ഇഷ്ടപ്പെടുകയുണ്ടായി. അത്മുഖേന ജ്ഞാനികൾക്ക് സൗഭാഗ്യം സിദ്ധിക്കുകയും അവിവേകികൾ ഹതഭാഗ്യരാവുകയും ചെയ്യുന്നു.

യഥാർത്ഥവും യുക്തി ഭദ്രവുമല്ലാത്ത ഒരു വിശ്വാസകാര്യവും ഇല്ലതന്നെ. ആ അദൃശ്യതയിൽ അത്യുന്നത യുക്തി അടങ്ങിയിട്ടുണ്ട്. ഞാനിപ്പോൾ പറഞ്ഞതു പോലെ ഒന്നും മറഞ്ഞിരിക്കാതെ എല്ലാം ദൃഷ്ടിഗോചരമായിത്തീരുകയും പ്രതിഫലനാളിന്റെ അവസ്ഥയും ദൈവപ്രീതിയെക്കുറിച്ചുള്ള വിവരങ്ങളും പ്രത്യക്ഷമാവുകയും ചെയ്യുകയാണെങ്കിൽ സൽക്കർമ്മം സൽക്കർമ്മമല്ലാതായിത്തീരുന്നതാണ്. അതിനൊരു വിലയും ഉണ്ടായിരിക്കില്ല. ദൃഷ്ടിഗോചരവും സ്പർശനവേദ്യവുമായ വസ്തുക്കളിൽ വിശ്വസിക്കുന്നത് മൂലം ഒരു പ്രതിഫലവും ലഭിക്കുകയുയില്ല. മസ്ജിദിലോ വൃക്ഷത്തിലോ സൂര്യനിലോ വിശ്വസിക്കുകയും അവയുടെ അസ്തിത്വം അംഗീകരിക്കുകയും ചെയ്യുന്നവൻ ഏതെങ്കിലും പ്രതിഫലത്തിന് അർഹത നേടുന്നില്ല. പക്ഷേ അഗോചരമായതിനെ അപഗ്രഥിച്ചു കൊണ്ട് അതിൽ വിശ്വാസം കൊള്ളുന്നവൻ നിസ്സംശ്ശയം സ്തുത്യർഹമായ പ്രവർത്തിചെയ്യുന്നവനായി ഗണിക്കപ്പെടുന്നതാണ്. അയാൾ പുകഴ്ത്തപ്പെടാനും പ്രശംസിക്കപ്പെടാനും യോഗ്യതയാർജ്ജിക്കുന്നു. എല്ലാം തീർത്തും ദൃശ്യമായിതീർന്നാൽ പിന്നെന്താണുള്ളത്. (മൽഫൂസാത്ത് വാ 3 പേ 147)

# അവാർഡ് ലഭിച്ചു




വിജ്ഞാന സാഹിത്യത്തിനുള്ള കണ്ണാടി അവാർഡ് പ്രൊഫ. ബി. മഹ്മൂദ് സാഹിബ് ആകാശവാണി മുൻ ഡയറക്ടർ ബാലകൃഷ്ണൻ കൊയ്യാലിൽ നിന്ന് ഏറ്റ് വാങ്ങുന്നു. കണ്ണൂരിലെ സാമൂഹ്യ സാംസ്കാരിക പ്രവർത്തകരുടെ കൂട്ടായ്മയാണ് കണ്ണാടി. വിശുദ്ധ ഖുർആൻ വിശ്വം ദീപമയം എന്ന ഗ്രന്ഥത്തിനാണ് അവാർഡ്. ധാർമ്മിക മൂല്യങ്ങൾ പ്രബോധിക്കുന്നതിന് ഈ ഗ്രന്ഥം സഹായകമാണെന്ന് ജൂറി കമ്മറ്റി വിലയിരുത്തി.

---

**അനുസ്മരണം**

## എം. ബഷീറുദ്ദീൻ സാഹിബ്



കരുനാഗപ്പള്ളി ജമാഅത്തിലെ ജനാബ് എം. ബഷീറുദ്ദീൻ സാഹിബ് (83) 3-11-21ൽ നിര്യാതനായി. (ഇന്നാലില്ലാഹി....)

ഹൈസ്കൂൾ അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ച ബഷീർ സാഹിബ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ആയിട്ടാണ് സർവ്വീസിൽ നിന്നും വിരമിച്ചത്. കരുനാഗപ്പള്ളിയിലെ ആദ്യകാല അഹ്മദി ആയിരുന്ന മണ്ണാരയ്യത്ത് ജനാബ് എം. മൈതീൻ കുഞ്ഞ് സാഹിബിന്റെയും ഫാത്തിമാ കുഞ്ഞ് സാഹിബയുടെയും ഏക മകനായിരുന്നു പരേതൻ. ഇന്ന് കരുനാഗപ്പള്ളി ജമാഅത്ത് സ്ഥിതി ചെയ്യുന്ന സ്ഥലം ജനാബ് മൈതീൻ കുഞ്ഞു സാഹിബ് സൗജന്യമായി സംഭാവന ചെയ്തതാണ്. ജമാഅത്തിൽ ദീർഘകാലം ജനറൽ സെക്രട്ടറി ആയും സെക്രട്ടറി മാൽ ആയും പ്രവർത്തിച്ചിട്ടുണ്ട്. പരേതൻ കേരളാ സുബാഇ ഇമാറത്തിൽ സെക്രട്ടറി തഅ്ലീം ആയിരുന്നു. അദ്ദേഹം ഫസ്ലെ ഉമർ എഡ്യുക്കേഷൻ ബോർഡിൽ ദീർഘകാലം സെക്രട്ടറി ആയി സേവനം ചെയ്തിട്ടുണ്ട്. ജമാഅത്ത്, കേരളത്തിലെ വിവിധ ജില്ലകളിൽ ആരംഭിച്ച സ്കൂളുകൾക്കു സിബിഎസ്ഇ അംഗീകാരം ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു. ജമാഅത്ത് കാര്യങ്ങളിൽക്കും തന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിലും വലിയ കർക്കശ സ്വഭാവക്കാരനായിട്ടാണ് അദ്ദേഹം ഇടപെട്ടിരുന്നത്.

ചുങ്കശ്ശേരി സുബൈദാബീവി സാഹിബ ആണ് ഭാര്യ. മക്കൾ: അനിൽ അഹ്മദ്, ആജിസ് അഹ്മദ്, ഷീന, ഡോ. അജീനാ. മരുമക്കൾ: പി.എ. മുഹമ്മദ് ശരീഫ്, ഫൗസിയാ ആജിസ്, നസീം അഹ്മദ്.

**അനുസ്മരണം**

## കെ. മറിയുമ്മ സാഹിബ

മണ്ണാർക്കാട് ജമാഅത്തിലെ മർഹൂം ഹൈദ്രുമാസ്റ്റർ സാഹിബിന്റെ ഭാര്യ കെ. മറിയുമ്മ സാഹിബ (95) ആഗസ്റ്റ് 13-ാം തീയതി വഫാത്തായി. (ഇന്നാലില്ലാഹി.....)

അവർ മണ്ണാർക്കാട് ജമാഅത്തിലെ ആദ്യകാല അഹ്മദികളിൽ ഒരാളായിരുന്നു. ലജ്നാ ഇമാഇല്ലായുടെ പ്രസിഡന്റായും സേവന മനുഷ്ഠിച്ചു. ജമാഅത്തീ കാര്യങ്ങളിൽ വളരെയധികം താല്പര്യമുള്ളവരായിരുന്നു. വാർദ്ധക്യാവസ്ഥയിലും ജമാഅത്തിന്റെ ഏതൊരു യോഗങ്ങൾക്കും പോകാനും വളരെയധികം ഉത്സാഹമുള്ള ആളായിരുന്നു. അതുപോലെ ജമാഅത്തിന്റെ സാമ്പത്തിക ത്യാഗങ്ങൾക്കും അവർ മുന്നിട്ടു നിൽക്കുമായിരുന്നു. മർഹൂമ മൂസിയായായിരുന്നു. അല്ലാഹു അവർക്ക് ജന്നത്തിൽ ഉന്നത പദവി നൽകി അനുഗ്രഹിക്കുമാറാകട്ടെ.

മക്കൾ: എം.കെ. അബ്ദുൽ ഹമീദ്, എം.കെ. അബ്ദുൽ അസീസ്, എം.കെ. അബ്ദുൽ ജലീൽ (മർഹൂം), എം.കെ. സഫിയ (മർഹൂമ), എം.കെ. സൈനബ, എം.കെ. സുലേഖ.

മരുമക്കൾ: എ.പി. ഇസ്തിഖാറുദ്ദീൻ, സി.കെ. സഫറുല്ലാ, ടി.കെ. ഹക്കീം, ടി.പി. ഐശാ, എ.പി. നൂർജഹാൻ, കെ.പി. ലൈല

Published on 07.02.2022
Pages 44
Vol: 94 Issue. 02
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2021-23
Licence No. KL/CR/EKM/WPP-5/2021-23. Licensed to post Without Prepayment
The Sathyadoothan Monthly

# സത്യദൂതൻ 97 –ാം വർഷത്തിലേക്ക്



# സത്യദൂതൻ: വരിസംഖ്യ അയക്കാൻ പുതിയ സംവിധാനം

ബഹുമാന്യരെ, 1925 ൽ ആരംഭിച്ച സത്യദൂതൻ ഒരു നൂറ്റാണ്ട് പൂർത്തിയാക്കാൻ ഇനി മൂന്ന് വർഷം മാത്രമാണ് അവശേഷിക്കുന്നത്. മലയാള പൊതുസാഹിത്യ മണ്ഡലത്തിൽ തന്നെ സത്യദൂതനോളം പഴക്കമുള്ള മാസിക അപൂർവ്വമാണ്. സത്യദൂതന് മാത്രം സ്വന്തമായ ചരിത്രപൈതൃകം!! അൽഹംദുലില്ലാഹ്

ഇസ്‌ലാമിന്റെ പുനരുജ്ജീവനാർത്ഥം അല്ലാഹു അയച്ച വാഗ്ദത്ത മസീഹിന്റെ(അ) ദിവ്യസന്ദേശം മലയാളക്കരയിൽ പ്രതിമാസം മുറതെറ്റാതെ സത്യദൂതൻ പ്രചരിപ്പിക്കുന്നു. ഇസ്‌ലാം മതത്തിന്റെ അനന്യവും അനിഷേധ്യവുമായ ജ്ഞാനപ്രഭ വിതറിക്കൊണ്ട് ഒരു നൂറ്റാണ്ടോളമായി കാലാവസ്ഥാ ഭേദമില്ലാതെ നിശബ്ദമായി പാവനമായ ഈ ദീനിസേവനം സത്യദൂതൻ അവിരാമം തുടരുന്നു. സത്യദൂതൻ ഇനിയും ഊർജ്ജസ്വലമായി മുന്നോട്ട് പോവാനും കൂടുതൽ വായനക്കാരിലേക്ക് എത്തിക്കാനുമുള്ള സദുദ്യമത്തിൽ ഓരോ സത്യാന്വേഷിയും പങ്കാളിയാവാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു

സത്യദൂതന്റെ പുതുവർഷത്തേക്കുള്ള വരിസംഖ്യയും, കുടിശ്ശികയും വായനക്കാർക്ക് നേരിട്ട് നൽകാൻ ഇപ്പോൾ സാദ്ധ്യമാവും.

**QR code** വഴി **G Pay, Phone Pe, Paytm** എന്നീ ആപ്പുകൾ ഉപയോഗിക്കാം. മെസ്സേജിൽ വരിക്കാരുടെ തപാൽ അഡ്രസ് വ്യക്തമായി എഴുതണം. പണം അയച്ചു കഴിഞ്ഞാൽ അതിന്റെ സ്ക്രീൻ ഷോർട്ട് താഴെ കൊടുത്ത അതേ നമ്പറിൽ തന്നെ വാട്സ് ആപ് ചെയ്യാൻ മറക്കരുത്. ലൈബ്രറികളിലേക്കും വായനാശാല കളിലേക്കും അയക്കാൻ താൽപര്യമുള്ളവർ ഒന്നോ, രണ്ടോ അതിലധികമോ കോപ്പികൾ സ്പോൺസർചെയ്യാനും അഭ്യർത്ഥിക്കുന്നു. രശീതി ഉടൻതന്നെ അയച്ചു തരുന്ന താണ്. പ്രാർത്ഥനയോടെ പൂർണ്ണ സഹകരണം പ്രതീക്ഷി ക്കുന്നു.

**Phone No: 9447086862**

വാർഷിക വരിസംഖ്യ 300 രൂപ.

ISLAM
INTERNATIONAL
PUBLICATIONS

Scan and pay with any BHIM UPI app

G Pay PhonePe paytm

മാനേജർ, സത്യദൂതൻ
മസ്ജിദ് ഉമർ, സെന്റ് ബെനഡിക്ട് റോഡ്
എറണാകുളം.

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim